# അറിവോരം



ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. I | Issue 1 | Bimonthly | February 2021 | Thiruvananthapuram | Page 20 | Price 10



» 02 കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിൽ
വി എസ് അച്യുതാനന്ദൻ

» 12 സെൻട്രൽ ഹാളിൽ അതിഥിയായി സുഗതകുമാരി

» 19 സർക്കാർ ഒപ്പമുണ്ടായിരുന്ന അഞ്ചു വർഷങ്ങൾ
പിണറായി വിജയൻ മുഖ്യമന്ത്രി


സ്പീക്കറുടെ പേജ്



# യുവനേതൃത്വങ്ങളിൽ ശുഭപ്രതീക്ഷയോടെ

**പി. ശ്രീരാമകൃഷ്ണൻ,** നിയമസഭാ സ്പീക്കർ

'We cannot always build the future for our youth. But we can build our youth for the future' എന്ന റൂസ്‌വെൽറ്റിന്റെ വാക്കുകൾ അഭിമാനത്തോടെ ഉദ്ധരിക്കാവുന്ന ദിവസങ്ങളാണിത്. നാളേക്കു വേണ്ടി യുവതയെ സജ്ജരാക്കാൻ നമുക്ക് കഴിഞ്ഞുവെന്ന് മാത്രമല്ല, നാളെ നമ്മെ നയിക്കാൻ പോകുന്നത് അവരാണ് എന്നതാണ് നമ്മുടെ ചരിത്രനേട്ടം. 'ഇപ്പോഴത്തെ പിള്ളേർക്കു വല്ലതുമറിയോ?' എന്ന ഭാവിയെക്കുറിച്ചുള്ള ആശങ്കയെ ദൂരീകരിക്കുന്നതായിരുന്നു ഈ തെരഞ്ഞെടുപ്പ്.

യൗവനത്തിന്റെ ആഘോഷം സമരവീര്യത്തിന്റെയും ഒത്തുതീർപ്പുകളില്ലാത്ത കർമ്മോത്സുകതയുടേതും കൂടിയാണ്. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ലോകത്തെ പരിണാമോന്മുഖമാക്കുന്നതിൽ എന്നും വലിയ പങ്കുണ്ടായിട്ടുണ്ട് എന്നതിന് നിരവധി ഉദാഹരണങ്ങൾ ചരിത്രത്തിലുണ്ട്. സൗത്ത് ആഫ്രിക്കയിൽ സത്യാഗ്രഹ സമര രംഗത്തേക്ക് ഗാന്ധി പ്രവേശിക്കുന്നത് തന്റെ മുപ്പതുകളിലാണ്. ഇരുപത്തിമൂന്ന്- ഇരുപത്തിനാല് വയസ്സുള്ളപ്പോൾ ധീരരക്തസാക്ഷികളായ ഭഗത്‌സിംഗും ഭിർസ മുണ്ടയുമടക്കം എത്രയോ യുവതീയുവാക്കളാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരരംഗത്ത് സജീവമായി ഇടപെട്ടിട്ടുള്ളത്. ഫാസിസ്റ്റ് പ്രവണതകൾ ശക്തമാകുന്ന വർത്തമാനകാല രാഷ്ട്രീയ സന്ദർഭത്തിലും ജനാധിപത്യബോധവും നിശ്ചയദാർഢ്യവും വീര്യവുമുള്ള യുവതയിലാണ് ഇന്ത്യയുടെ ഭാവി പ്രതീക്ഷാനിർഭരമാകുന്നത്. ജെ.എൻ.യു അടക്കമുള്ള ഇന്ത്യൻ സർവകലാശാലകളിലെ വിദ്യാർത്ഥികളുടെ രാഷ്ട്രീയ ജാഗ്രതയെ ഫാസിസ്റ്റ് ശക്തികൾ ഭയത്തോടെയാണ് കാണുന്നത്. കനയ്യ കുമാർ, അയ്ഷി ഘോഷ് തുടങ്ങി രാജ്യത്തിന്റെ ജനാധിപത്യഭാവി സംരക്ഷിക്കാനായി തെരുവുകളിൽ ഇറങ്ങിയ ആ ചെറുപ്പക്കാരിലാണ് ഇന്ത്യയുടെ ഭാവി. സമരോത്സുകതയോടെ ഇന്ത്യൻ ഭരണഘടന ഉറക്കെ ഉറക്കെ വായിച്ച യുവജനങ്ങളാണ് ഇന്ത്യൻ സംസ്കാരത്തിന്റെ ബഹുസ്വരത കാത്തുസൂക്ഷിക്കാൻ പ്രാപ്തിയുള്ളവർ എന്ന് നിസ്സംശയം പറയാം.

ലോക രാഷ്ട്രീയത്തിൽ തന്നെ ചെറുപ്പക്കാരായ നേതാക്കൾ നിർണ്ണായക സ്വാധീനങ്ങളായി മാറുന്ന കാലമാണിത്. ലോക ഹാപ്പിനസ് ഇൻഡക്സിന്റെ റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തുള്ള, ഏറ്റവും സ്വതന്ത്രമായ ജൂഡീഷ്യറിയും വിശ്വസ്തമായ പോലീസ് സേനയും ഉള്ളതെന്ന് പേരു കേട്ട ഫിൻലൻഡിലെ പ്രധാനമന്ത്രി സന്ന മിറെല്ല മാരിന് വെറും 34 വയസ്സാണ് പ്രായം. പുരോഗമനപരമായ ഭരണ പരിഷ്കാരങ്ങളിലൂടെയും നിലപാടുകളിലൂടെയും ഏറെ പ്രശസ്തയായിത്തീർന്ന, രണ്ടാം തവണയും ന്യൂസിലാന്റിന്റെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട ജസിൻഡ ആർഡേൺ 39 വയസ്സുകാരിയാണ്. ഇവരോരുത്തരും ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട് അവകാശപോരാട്ടങ്ങൾക്ക് ചുക്കാൻ പിടിച്ച് മാതൃകകളായി മാറിയ യുവത്വത്തിന്റെ പ്രതീകങ്ങളാണ്. എന്തിനേറെ പറയുന്നു, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ എന്തു ചെയ്യുന്നുവെന്ന് വികസിത രാജ്യങ്ങളടക്കമുള്ള ലോക രാജ്യങ്ങളോട് ഉറക്കെ ചോദിച്ച്, അതിനായി വെള്ളിയാഴ്ചകളിൽ പഠിപ്പ് മുടക്കുസമരം പ്രഖ്യാപിച്ചത് വെറും 16 വയസ്സുകാരിയായ ഗ്രേറ്റ തുൻബർഗാണല്ലോ!

പക്വതയെന്നാൽ പ്രായം എന്ന സമവാക്യം നിരർത്ഥകമാണ്. വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള ധൈര്യം, മാറ്റങ്ങൾ തൊട്ടറിയാനും അറിയിക്കാനുമുള്ള സംവേദനക്ഷമത, ചരിത്രത്തെ വിമർശനാത്മകമായി വിലയിരുത്തി സ്വയം പാഠങ്ങൾ ഉൾക്കൊള്ളാനുള്ള തുറന്ന, തെളിച്ചമുള്ള ചിന്താശേഷി, ജനാധിപത്യപരമായി ചിന്തിക്കാനും ഇടപെടാനുമുള്ള സമത്വഭാവന, നയങ്ങൾ പ്രാവർത്തികമാക്കാനുള്ള കർമ്മശേഷി, ഇതിലേക്കെല്ലാം നയിക്കുന്ന വിജ്ഞാനവും വിവേകം, ഇതിനെല്ലാമുപരി തങ്ങളിൽ വിശ്വാസമർപ്പിച്ച ജനങ്ങളോടുള്ള ആത്മാർത്ഥതയും പ്രതിബദ്ധതയും - അങ്ങനെ പക്വതയാർജിച്ചവരിലാണ് നമ്മുടെ ഭരണമേല്പിക്കേണ്ടത്. അവിടെ ജാതി, മതം, ലിംഗം, വർഗ്ഗം, വർണ്ണം ഒന്നും ഒരു ഘടകമേയല്ല. ഈ തദ്ദേശ തെരഞ്ഞെടുപ്പിലൂടെ ജനാധിപത്യത്തിന്റെ ഊർജ്ജപ്രവാഹമാകാൻ പോകുന്നവരിൽ യുവതീയുവാക്കളേറെയാണ്. യുവത്വത്തിന്റെ ക്രിയാശേഷിയിൽ വിശ്വാസമർപ്പിച്ച രാഷ്ട്രീയ നേതൃത്വങ്ങൾ പ്രശംസനീയമായ തീരുമാനങ്ങളാണ് കൈക്കൊണ്ടത്.

ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മേയറായി, കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ തിരുവനന്തപുരത്തു തന്നെ ചുമതലയേറ്റ ആര്യ രാജേന്ദ്രൻ, ഏറ്റവും പ്രായം കുറഞ്ഞ പഞ്ചായത്ത് പ്രസിഡന്റായ രേഷ്മ മറിയം റോയി, പൊഴുതന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനസ് റോസ്ന സ്റ്റെഫി, ഒളവണ്ണയിലെ ശാരുതി പി, നിലമ്പൂർ വഴിക്കടവിലെ സുധീഷ് സി- അങ്ങനെ ജനപ്രതിനിധികളാകുന്ന യുവത്വത്തിന്റെ പട്ടിക നീളുന്നു. അതിൽ പല ജാതിക്കാരുണ്ട്, ഗോത്രവർഗ്ഗക്കാരുണ്ട്, വ്യത്യസ്ത ജനവിഭാഗങ്ങളിൽ നിന്നുള്ളവരായിരിക്കും ഓരോരുത്തരും. ജനാധിപത്യത്തെ സംബന്ധിച്ച് അവർ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടാനും ഒരേ പോലെ അർഹരാണ് എല്ലാവരും എന്ന ഉത്തമബോധ്യത്തിലാണ് കേരളത്തിന്റെ ജനാധിപത്യഭാവി. അവരിൽ ഏറെയും യുവതീയുവാക്കളാണ് എന്നത്, ഏറെയും സ്ത്രീകളാണ് എന്നത്, അവരിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം ചെറുതല്ല എന്നത് കേരളത്തിന്റെ ഭാവിയുടെ ശുഭസൂചകമാണ്. സ്ത്രീകളുടെ നേതൃത്വപരമായ മുന്നേറ്റം തന്നെയാണ് പുരോഗമന പ്രത്യയശാസ്ത്രങ്ങൾക്ക് അടിസ്ഥാനമാകേണ്ടത് എന്ന റഷ്യൻ വിപ്ലവകാരിയായ ഇനേസ്സ അർമാൻഡിന്റെ വാക്കുകൾ ഇവിടെ സാർത്ഥകമാകുന്നുണ്ട്. ഒരു പിതൃ അധികാര സമൂഹത്തിൽ, വിവാഹം കഴിച്ച് തങ്ങളുടെ ഇച്ഛകളും ലക്ഷ്യങ്ങളുമെല്ലാം കുടുംബത്തിനകത്തേക്ക് ഒതുക്കപ്പെടുന്ന പ്രായത്തിലാണ്, ഇന്ന് നാടിന്റെ നേതൃനിരയിലേക്ക് നമ്മുടെ പെൺമക്കൾ കടന്നുവരുന്നത് എന്നത് ഏറെ പ്രതീക്ഷ നല്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട യുവതയുടെ വാക്കുകളിൽ ആത്മവിശ്വാസമുണ്ട്, കൃത്യമായ കർമ്മപദ്ധതികളുണ്ട്. ആ പദ്ധതികളിൽ തൊഴിൽരഹിതർക്ക്, ഭിന്നശേഷിക്കാർക്ക്, നിരാലംബരായ വൃദ്ധർക്ക്, സ്ത്രീകൾക്ക്, സാധാരണ ജനവിഭാഗങ്ങൾക്ക് ഇടമുണ്ട് എന്നത് ജനാധിപത്യഭാവി സുരക്ഷിതമാണെന്ന് ഉറപ്പ് തരുന്നു. അവരിൽ കേരള ജനത വിശ്വാസമർപ്പിക്കുകയാണ്. ആ ജനതയുടെ തെരഞ്ഞെടുപ്പിനെ ആദരപൂർവ്വം സ്വീകരിച്ച് സത്യപ്രതിജ്ഞ ചെയ്ത ജനപ്രതിനിധികൾ ആ വിശ്വാസത്തെ ഫലവത്താക്കും എന്ന് പ്രതീക്ഷിക്കാം. മാറ്റത്തിന്റെ മാറ്റൊലികളുണ്ടാക്കാൻ യുവതയ്ക്കാകട്ടെ, അവരിലൂടെ കേരളത്തിനാകട്ടെ.




'ജനാധിപത്യത്തിൽ പൗരന്മാരുടെ വോട്ട് എന്ന ശബ്ദം കേൾക്കുക. സമാധാനപരമായി ആ തീരുമാനം ഉയർത്തിപ്പിടിക്കുക. ഒരിക്കലും ജനക്കൂട്ടം അതിനെ ഇല്ലാതാക്കരുത്.'

**ജസിൻഡ ആർഡേൺ**
(ന്യൂസിലൻഡ് പ്രധാനമന്ത്രി)

പ്രതിപക്ഷ നേതാവിന്റെ പേജ്

# ടീച്ചർ എഴുതിയത് എല്ലാ ജീവജാലങ്ങൾക്കും വേണ്ടി

**രമേശ് ചെന്നിത്തല**



സുഗതകുമാരി ടീച്ചർ വിടവാങ്ങിയതോടെ മലയാള സാഹിത്യ രംഗത്തെ മഹാസാന്നിധ്യമാണ് ചരിത്രത്തിലേക്ക് തിരോഭവിച്ചത്. അരനൂറ്റാണ്ടിലേറെക്കാലം തന്റെ കവിതകളുമായി നമ്മൾക്കൊപ്പം ടീച്ചർ സഞ്ചരിച്ചു. എഴുത്തിനെയും സാമൂഹ്യ ഇടപെടലുകളെയും പരസ്പര പൂരകമായി കണ്ടയാളാണ് ടീച്ചർ. നന്ദാവനത്തെ അഭയത്തിലെത്തുമ്പോൾ അവിടെ നിരവധി സന്ദർശകരെ കാണാമായിരുന്നു. കഴിഞ്ഞപിറന്നാളിന് ആശംസകൾ നേരാൻ എത്തിയപ്പോൾ സുഗതകുമാരി ടീച്ചറുടെ ചുറ്റിലും യൂണിഫോം ധരിച്ച പെൺകുട്ടികളായിരുന്നു. രാത്രിമഴയും, അമ്പലമണിയും ആ കുട്ടികൾ കവയിത്രിക്ക് മുന്നിൽ പാടി. പനിനീർ പുഷ്പങ്ങളുമായി എത്തിയ ആ കുട്ടികൾക്ക് ടീച്ചർ മധുരം നൽകിയാണ് മടക്കി അയച്ചത്.

രുദിതാനുസാരിയാണ് കവി എന്ന് പറയാറുണ്ട്. മനുഷ്യരുടെ നൊമ്പരങ്ങൾക്കും ദുഖങ്ങൾക്കും പുറകെയാണ് കവികൾ പോകുന്നത്. ടീച്ചറാകട്ടെ മനുഷ്യരുടെ മാത്രമല്ല പ്രപഞ്ചത്തിലെ സർവ്വ ജീവജാലങ്ങളുടെയും നൊമ്പരങ്ങൾക്ക് പുറകെ പോയി. എഴുതിയതും ചിന്തിച്ചതും പ്രവർത്തിച്ചതുമെല്ലാം പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയായിരുന്നു. 'ഞാനും, എന്റെ എഴുത്തും പ്രകൃതിയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു' എന്ന് ഒരിക്കൽ ടീച്ചർ പറഞ്ഞത് ഞാനോർക്കുന്നു. പ്രപഞ്ചസത്തയുടെ മഹാസ്തിത്വത്തിന്റെ ഭാഗമാണ് താനും തന്റെ എഴുത്തുമെന്ന് തിരിച്ചറിഞ്ഞ കവയിത്രിയായിരുന്നു അവർ. സൈലന്റ് വാലിയിലെ പച്ചപ്പിനും കിളികൾക്കും വേണ്ടി ശബ്ദമുയർത്തിയ പോലെ തന്നെ പേരൂർക്കടയിലെ മാനസികാരോഗ്യാശുപത്രിയിലെ രോഗികളുടെ ദുരവസ്ഥക്കെതിരെയും ശബ്ദമുയർത്തി. സാഹിത്യം ആക്ടിവിസം തന്നെയാണെന്ന് നമ്മൾ മലയാളികൾ ആദ്യം മനസ്സിലാക്കിയതും സുഗതകുമാരി ടീച്ചറിലൂടെയാണ്.മനുഷ്യൻ നേരിടുന്ന എല്ലാ പ്രതിസന്ധികളോടും പ്രശ്നങ്ങളോടും പ്രതികരിക്കാൻ എഴുത്തുകാരന് അവകാശമുണ്ടെന്നാണ് ടീച്ചർ വിശ്വസിച്ചിരുന്നത്. ആരുടെയും മെഗാഫോണാകാതെ തന്റെ മനസാക്ഷിക്കൊപ്പം മാത്രം നിന്നാണ് സുഗതകുമാരി ടീച്ചർ എന്നും പ്രതികരിച്ചത്. പരിസ്ഥിതി തീവ്രവാദി മുതൽ വർഗീയവാദി എന്നുവരെ നിരവധി പട്ടങ്ങൾ വിമർശകർ ടീച്ചർക്ക് ചാർത്തിക്കൊടുത്തു.എന്നാൽ അവയിലൊന്നിലും അശേഷം ആശങ്കപ്പെട്ടയാളായിരുന്നില്ല അവർ. പ്രകൃതിക്കും അതിലെ ജീവജാലങ്ങൾക്കും വേണ്ടി ശബ്ദിക്കുക എന്നത് തന്റെ ജീവിതനിയോഗമായി ടീച്ചർ കരുതി. തന്റെ അവസാന ശ്വാസം വരെ ആ നിയോഗത്തിന്റെ പൂർത്തീകരണത്തിനായി അവർ നിലകൊണ്ടു.

നിരാലംബരുടെ അത്താണിയായി മാറിയ 'അഭയ' എന്ന സ്ഥാപനം ടീച്ചറുടെ വലിയൊരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു.തച്ചോട്ടുകാവിൽ പത്തേക്കറിൽ തുടങ്ങിയ അഭയഗ്രാമത്തിന്റെ പ്രവർത്തനം ശരിക്കും ആ പേര് അന്വർത്ഥമാക്കുന്ന വിധത്തിലാണ്. മനോരോഗികൾക്ക് ചികിത്സയും താമസവും തൊഴിൽ പരിശീലനവും നൽകുന്ന കർമ, മാനസിക രോഗത്തിനും മദ്യാസക്തിക്കും ചികിൽസ നൽകുന്ന മിത്ര, സ്ത്രീകളായ മനോരോഗികൾക്കുള്ള ശ്രദ്ധാ ഭവനം, മദ്യപാനികൾക്ക് ചികിത്സ നൽകുന്ന ബോധി എന്നിവയെല്ലാം അഭയയുടെ കേന്ദ്രങ്ങളാണ്. ഇവിടെയെല്ലാം ടീച്ചറുടെ ക്ഷണപ്രകാരം സന്ദർശിക്കാനുള്ള അവസരങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. തകർന്ന മനസും ശരീരവുമായി അവിടെ വന്നു കയറിയ എത്രയോ മനുഷ്യജന്മങ്ങൾ ഇപ്പോൾ ആശ്വാസത്തോടെയും സന്തോഷത്തോടെയും ജീവിക്കുന്നത് കാണുമ്പോൾ ഞാൻ ടീച്ചർക്ക് മുന്നിൽ എത്രയോ വട്ടം മനസ് കൊണ്ട് നമിച്ചിട്ടുണ്ട്.

കലുഷിതമായ കാലത്തെ നേരിടാൻ പ്രതീക്ഷയും ആത്മവിശ്വാസവും സ്നേഹവും രോഷവും നിറഞ്ഞു നിൽക്കുന്ന കവിതകളെയാണ് എന്നും ടീച്ചർ ആയുധമാക്കിയത്. തന്റെ അവിരാമമായ കർമ്മകാണ്ഡത്തിന്റെ ഒരു ഘട്ടത്തിലും ടീച്ചർ തളർന്നിട്ടില്ല, ഇതൊന്നും ചെയ്യേണ്ടിയിരുന്നില്ലെന്ന് അവർക്ക് തോന്നിയിട്ടുമില്ല.

'ഒരു ചെറുപ്പൂവിലൊതുങ്ങും അതിൻചിരി കടലിലും കൊള്ളില്ലതിന്റെ കണ്ണീർ." എന്ന വൈലോപ്പിള്ളിയുടെ വരികളാണ് ഒരിക്കൽ തന്റെ ജീവിതത്തെ വിശേഷിപ്പിക്കാൻ അവർ ഉപയോഗിച്ചത്. ആ ആത്മവിശകലനത്തിൽ എല്ലാം അടങ്ങിയിരിക്കുന്നു. ടീച്ചറുടെ ഓർമകൾക്ക് മുന്നിൽ പ്രണാമങ്ങൾ.

# കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിൽ

**വി എസ് അച്യുതാനന്ദൻ,** എം.എൽ.എ.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായിട്ട് നൂറു വർഷമായി. 1920 ഒക്ടോബർ 17 ന് അന്നത്തെ സോവിയറ്റ് യൂണിയനിലെ താഷ്ക്കന്റിൽ ഏഴു വിപ്ലവകാരികൾ യോഗം ചേർന്നാണ് ആദ്യ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പ് രൂപീകരിച്ചത്. എം എൻ റോയ്, അബ്നി മുഖർജി, മുഹമ്മദ് അലി, മുഹമ്മദ് ഷഫീഖ്, എം പി ബി ടി ആചാര്യ തുടങ്ങിയ പ്രതിഭകൾ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഷഫീഖിനെയാണ് സെക്രട്ടറിയായി തെരഞ്ഞെടുത്തത്.

ചരിത്രപ്രധാനമായ ഈ സമ്മേളനത്തിന് രണ്ട് ഘടകങ്ങൾ പ്രേരകമായി ഭവിച്ചു. ഒന്ന്, ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ സമരാനുഭവം; അതിലെ മിതവാദികളും വിപ്ലവകാരികളും തമ്മിൽ ഉയർന്നുവന്ന സമരാനുഭവം. രണ്ട്, റഷ്യൻവിപ്ലവം ലോകമെമ്പാടും കൊളുത്തിവിട്ട വിപ്ലവാവേശം.

ഇന്ത്യയ്ക്ക് പുറത്ത് രൂപീകൃതമായ ഈ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് സംഘടന, നാട്ടിലെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾക്കും പ്രവർത്തകർക്കും ആശയപരവും സംഘടനാപരവുമായ മാർഗ്ഗനിർദ്ദേശവും ഉത്തേജനവും പകർന്ന് വലിയ പ്രവർത്തനം നടത്തിവന്നു. താഷ്ക്കന്റിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗ്രൂപ്പ് തുടങ്ങിയ 1920-ൽ തന്നെയാണ് ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസിന് (എ ഐ ടി യു സി) രൂപം നൽകിയത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി എ ഐ ടി യു സി ബന്ധപ്പെടുകയും അത് തൊഴിലാളിവർഗ്ഗത്തിന്റെ വർഗപ്രസ്ഥാനമായി ശക്തിപ്പെടുകയും ചെയ്തു. ഈ സാഹചര്യം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ രൂപീകരണത്തിന് അടിത്തറയും വഴിത്തിരിവുമായത്, താഷ്ക്കന്റിൽ രൂപീകൃതമായ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പ് ആണെന്ന ചരിത്രയാഥാർത്ഥ്യത്തിലേക്ക് എത്തി.



ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നാഴികക്കല്ലായിരുന്നു 1925 ലെ കാൺപൂർ സമ്മേളനം. ഈ സമ്മേളനത്തിന് രണ്ട് പ്രത്യേകതകൾ എടുത്തുപറയേണ്ടതുണ്ട്. ഒന്ന് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ ഒന്നിച്ച് ചേർന്ന് പരസ്യമായി ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടി സമ്മേളനം. രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ രൂപീകരണത്തിന് ഇന്ത്യയുടെ മണ്ണിൽ ചേർന്ന ആദ്യസമ്മേളനം.

സി പി ഐ യുടെ രൂപീകരണം സംബന്ധിച്ച അഭിപ്രായ ഭിന്നത കമ്മ്യൂണിസ്റ്റുകാർക്കിടയിൽ ഈ സാഹചര്യങ്ങൾ ഇടയാക്കിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണം കാൺപൂർ സമ്മേളനത്തിലാണ്; താഷ്ക്കന്റ് യോഗം സ്ഥാപക സമ്മേളനമായി കണക്കാക്കേണ്ടതില്ലെന്ന വാദം ചിലർ ഉയർത്തുന്നു. യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരണത്തിന്റെ ആദ്യ ചുവടു വയ്പ്പായിരുന്നു താഷ്ക്കന്റ് സമ്മേളനം എന്നത് വസ്തുതയാണ്. കാൺപൂർ സമ്മേളനം അഖിലേന്ത്യാ പാർട്ടി രൂപീകരിക്കുന്നതിനായി ഇന്ത്യയുടെ മണ്ണിൽ നടന്ന ആദ്യ പരിശ്രമമായിരുന്നു.

പതിനെട്ട് വർഷങ്ങൾ പിന്നിട്ട് 1943 ൽ ബോംബെയിലെ ഒന്നാം പാർട്ടി കോൺഗ്രസ് ചേരുമ്പോൾ സംഘടനാപരമായും ആശയപരമായും പാർട്ടി സുസംഘടിക്കപ്പെട്ടിരുന്നു. പാർട്ടിയുടെ ചരിത്രത്തിൽ സുദീർഘമെന്ന പറയാവുന്ന സമ്മേളനമായിരുന്നു അത്. മെയ് 23 ന് ആരംഭിച്ച് എട്ടുദിവസം നീണ്ട സമ്മേളനം. ആ സമ്മേളനത്തിൽ അവതരിപ്പിച്ച രേഖ അനുസരിച്ച് 15563 ആയിരുന്നു അംഗസംഖ്യ. അതിൽ 68 ശതമാനവും 35 വയസ്സിനു താഴെപ്രായമുണ്ടായിരുന്നവർ. ജനറൽ സെക്രട്ടറി പി സി ജോഷി രാഷ്ട്രീയ പ്രമേയം അവതരിപ്പിച്ചത് ഒമ്പതുമണിക്കൂർ സംസാരിച്ചുകൊണ്ടായിരുന്നു. സാർവ്വദേശീയവും ദേശീയവുമായ സ്ഥിതിഗതികളും ജനങ്ങളുടെ ദൈനംദിന

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

ജീവിതപ്രശ്നങ്ങളും ഉൾക്കൊണ്ടായിരുന്ന ചർച്ചയും തീരുമാനങ്ങളും. സ്വാതന്ത്ര്യസമരഘട്ടത്തിലെ ആ സമ്മേളനം മുഖ്യഘടകമായി നിർണ്ണയിച്ചത് ഇപ്രകാരമാണ്, 'ദേശീയഗവൺമെന്റ് നേടിയെടുക്കുന്നതിന് ദേശീയ പ്രതിരോധത്തിനായി ദേശീയ ഐക്യം ഊട്ടിവളർത്തുക'. അതായത് സുസംഘടിതമായി ലക്ഷ്യവും മാർഗ്ഗവും നിർവ്വചിച്ച് സി പി ഐ പോർക്കളത്തിലിറങ്ങുന്ന ചരിത്രപ്രധാന സംഭവവികാസമായി ആദ്യപാർട്ടി കോൺഗ്രസ്സ്. വലിയ വിപ്ലവാവേശമാണ് രാജ്യത്താകമാനം ദേശാഭിമാനികളിൽ അതുവഴി ഉയർന്നത്. ജന്മിത്വത്തിനും ചൂഷണത്തിനും സ്ത്രീകളെ അടിമകളാക്കുന്നതിനുമൊക്കെ എതിരെ ജനകീയ കാഹളം ഉയർന്നു. നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി എവിടെയും പോർക്കളം ഒരുങ്ങി.

1946 മുതൽ അഞ്ചുവർഷം നീണ്ട തെലുങ്കാന സമരം ആ പോർക്കളങ്ങളിലെ വീരചരിതമാണ്. ജന്മിത്വത്തിനും പാവങ്ങൾ അനുഭവിച്ചുവന്ന കൊടുംചൂഷണത്തിനുമെതിരെയുള്ള പോരാട്ടമായിരുന്നു അത്. ജന്മിവീടുകളിൽ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുമ്പോൾ, അതിനോടൊപ്പം വരനു നൽകുന്ന സമ്മാനമാണ് അടിയാള കുടുംബത്തിലെ യുവതി. ആ യുവതിക്ക് വരന്റെ വീട്ടിൽ വെപ്പാട്ടിയും വേലക്കാരിയുമൊക്കെയായി ജീവിതം ഒടുക്കേണ്ടിവന്നു. ജന്മിത്വത്തിൽ പാവപ്പെട്ട സ്ത്രീകൾ അനുഭവിക്കേണ്ടി വന്ന പീഡനങ്ങളുടെ ഭീകരത ഇതിനപ്പുറം വിവരിക്കേണ്ടതില്ലല്ലോ. അധ്വാനികളായ ജനവിഭാഗങ്ങളുടെ ജീവിതമാകെ ചൂഷകവർഗ്ഗത്തിന്റെ നീരാളിപ്പിടിത്തത്തിലായിരുന്നു. ഇതിനെതിരായ സായുധ സമരമായിരുന്നു 1951 വരെ തുടർന്ന തെലങ്കാന സമരം.

1946 കാലഘട്ടത്തിൽ തന്നെയാണ് തിരുവിതാംകൂറിലെ പുന്നപ്ര-വയലാർ പ്രക്ഷോഭം. സ്വാതന്ത്ര്യലബ്ധിക്കുശേഷവും തിരുവിതാംകൂർ സ്വതന്ത്രരാജ്യമായി നിലനിർത്താനാണ് നാടുവാഴിയും ദിവാനും ചേർന്നു തീരുമാനിച്ചിരുന്നത്. ഈ തീരുമാനം 'അറബിക്കടലിൽ ആഴ്ത്തിയ' മഹത്തായ വിപ്ലവമായിരുന്നു പുന്നപ്ര-വയലാർ സമരം. ചൂഷണവും ഭീകരമായ അതിക്രമവും അവസാനിപ്പിക്കാൻ ജനാധിപത്യത്തിന് വേണ്ടി, യന്ത്രതോക്കുമായി സജ്ജരായ പട്ടാളത്തിനു നേരെ നാടൻ ആയുധങ്ങളുമായി പാഞ്ഞടുത്ത ധീരന്മാരുടെ പോരാട്ടമായിരുന്നു പുന്നപ്ര-വയലാർ പ്രക്ഷോഭം.

ആ സമരം ചോരയിൽ മുക്കി അടിച്ചമർത്താൻ ദിവാൻ ഭരണത്തിനു കഴിഞ്ഞു. പക്ഷേ, ആ സമരം ഉയർത്തിയ മുദ്രാവാക്യം സാക്ഷാത്ക്കരിക്കപ്പെട്ടു. തിരുവിതാംകൂർ ഇന്ത്യൻ യൂണിയന്റെ ഭാഗമായി. ദിവാൻ-നാടുവാഴി ഭരണം അവസാനിച്ചു.

സ്വാതന്ത്ര്യ സമ്പാദനഘട്ടത്തിൽ ഇന്ത്യയിൽ ഏതാണ്ട് 600 സ്വതന്ത്ര നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു. ഇന്ത്യൻ യൂണിയനിൽ ചേരുന്നതിൽ അവയിൽ വലിയൊരു ഭാഗം അറച്ചും വിയോജിച്ചും നിലപാട് സ്വീകരിച്ചിരുന്നു. എന്നാൽ, ഭരണവർഗ്ഗത്തിന് തിരുവിതാംകൂറിൽ അടിയറവ് പറയേണ്ടിവന്നത് അവരെ മാറ്റി ചിന്തിപ്പിച്ചു. അഥവാ നാട്ടുരാജ്യങ്ങളുടെ ഇന്ത്യായൂണിയനുമായുള്ള സംയോജനത്തിന് പുന്നപ്ര-വയലാർ പ്രക്ഷോഭം പ്രേരക ശക്തിയായി. ഈ വിധം പുന്നപ്ര-വയലാർ പ്രക്ഷോഭത്തിന് ദേശീയ ഐക്യത്തിൽ വലിയ പ്രസക്തികൈവന്നു. ദേശീയ ഐക്യത്തിനു വേണ്ടിയുള്ള ഒന്നാംപാർട്ടി കോൺഗ്രസ്സിന്റെ ആഹ്വാനത്തിന്റെ സാക്ഷാത്ക്കാരം കൂടിയായിരുന്നു പുന്നപ്ര-വയലാർ പ്രക്ഷോഭം.

എന്റെ രാഷ്ട്രീയജീവിതത്തിന്റെ സുപ്രധാന കാലയളവാണ് ഈ പ്രക്ഷോഭത്തിലെ പങ്കാളിത്തം. എന്റെ പതിനാറാം വയസ്സിൽ 'സ്റ്റേറ്റ് കോൺഗ്രസ്സിൽ' അംഗമായി സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനൊപ്പം ജീവിതം തുടങ്ങുകയായിരുന്നു. പിന്നീട്, കമ്മ്യൂണിസ്റ്റ് പാർട്ടി അംഗത്വം ലഭിക്കുകയും കയർ-കർഷക തൊഴിലാളി പ്രസ്ഥാനങ്ങളുടെ സംഘാടനത്തിൽ മുഴുകുകയും ചെയ്തു. വിവിധവിഭാഗം തൊഴിലാളികളെ സംഘടിപ്പിച്ച ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ പശ്ചാത്തലം ഇങ്ങനെയായിരുന്നു. ഈ ഘട്ടത്തിലാണ് തിരുവിതാംകൂർ വിമോചന പ്രക്ഷോഭം കൂടിയായ പുന്നപ്ര-വയലാർ പ്രക്ഷോഭ സംഘാടനം എന്നിൽ മുഖ്യമായത്. പുന്നപ്ര, മാരാരിക്കുളം, മേനാശ്ശേരി, ഒളതല, വയലാർ എന്നിവിടങ്ങളിൽ ദിവാൻ ഭരണം നടത്തിയ കൂട്ടക്കൊലയിൽ ജീവൻ ബാക്കി കിട്ടിയ എനിക്കും എന്നെപ്പോലുള്ള മറ്റുസഖാക്കൾക്കും ജീവിതം കൊടിയ പീഡനങ്ങളുടേതായിരുന്നു. 1946 ഒക്ടോബർ 23 നായിരുന്നു പുന്നപ്ര വെടിവെയ്പ്പ്. നൂറുക്കണക്കിന് സഖാക്കൾ വെടിയേറ്റു മരിച്ചു. ചിലർ ഗുരുതരമായി പരിക്കേറ്റ് സമരഭൂമിയിൽ കിടന്നു. ഇരുളായതോടെ മരിച്ചവരെയും മരിക്കാത്തവരെയും എല്ലാം ലോറിയിൽ വലിച്ചുകയറ്റി ആലപ്പുഴ വലിയ ചുടുകാട്ടിൽ കൊണ്ടുപോയി കൂട്ടിയിട്ട് പെട്രോൾ ഒഴിച്ച് ചാമ്പലാക്കുകയായിരുന്നു. അവർ എത്ര എന്ന് അറിയാൻ കഴിഞ്ഞില്ല. വയലാറിൽ വെടിവെച്ചുകൊന്നുകൂട്ടിയവരെ കുളത്തിൽ പെറുക്കിയിട്ട് മൂടിക്കളയുകയായിരുന്നു.

തിരുവിതാംകൂർ നാടുവാഴി ഭരണകൂടം ദിവാൻ സി പി രാമസ്വാമി അയ്യരെ സർവ്വസൈന്യാധിപനാക്കി നടത്തിയ ഈ കൂട്ടക്കൊലക്കു സമാനം ഇന്ത്യയിൽ ജാലിയൻവാലാബാഗ് കൂട്ടക്കൊലമാത്രമാണെന്ന് ചരിത്രകാരനായ എ. ശ്രീധര മേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്. ദേശീയസ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ പുന്നപ്ര- വയലാറിന്റെ പ്രാമുഖ്യം അത്രത്തോളം ത്യാഗനിർഭരമാണ്.

സമാനമായ ജനകീയ പ്രക്ഷോഭം രാജ്യത്തിന്റെ നാനാഭാഗത്തും ഉയർന്നുവന്നു. അവയിൽ ഏറെയും സായുധസമരമായിരുന്നു. അവയിലെല്ലാം വലിയ ജനമുന്നേറ്റം ഉയർത്തിക്കൊണ്ടുവരാനും പോരാളികളുടെ വലിയ നിര സജ്ജമാക്കാനും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞു. ഈ സംഭവവികാസം വിലയിരുത്തിയാണ്, ബൂർഷ്വാ ഭരണകൂടത്തിനെതിരെ സായുധവിപ്ലവത്തിന് പാകമായി എന്ന നിഗമനത്തിൽ പാർട്ടി നേതൃത്വം എത്തിയത്. അതിന്റെ പ്രഖ്യാപനമായിരുന്നു 1948 ലെ കൽക്കത്ത പാർട്ടി കോൺഗ്രസ്സിൽ ഉണ്ടായത്. 'കൽക്കത്ത തീസിസ്സ്'' എന്ന് അറിയപ്പെട്ട ആ രാഷ്ട്രീയ പ്രമേയം ബൂർഷ്വാഭരണകൂടത്തെ മാറ്റിമറിക്കാനുള്ള സായുധവിപ്ലവത്തിന് ആഹ്വാനം ചെയ്യുകയായിരുന്നു. അതേ തുടർന്ന് വിവിധയിടങ്ങളിൽ പോരാട്ടങ്ങൾ നടന്നു. അഞ്ചുവർഷം നീണ്ട തെലുങ്കാന പ്രക്ഷോഭം അവയിൽ പ്രധാനമായിരുന്നു .




എന്നാൽ ദേശസ്നേഹപരമായ ആ പ്രക്ഷോഭങ്ങൾ ഭരണവർഗ്ഗം നിർദ്ദയം അടിച്ചമർത്തി. നിരവധി രക്തസാക്ഷിത്വങ്ങൾ അർപ്പിക്കപ്പെട്ടു. സാമൂഹ്യമാറ്റത്തിനായി വിവരാണാതീതമായ മറ്റുവിധ ത്യാഗങ്ങളും. ചുരുക്കത്തിൽ ജീവാർപ്പണം ഉൾപ്പെടെയുള്ള ത്യാഗധനമായിരുന്ന ആ സമരങ്ങളാക്കെ.

സമത്വ സുന്ദരമായ സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കുവേണ്ടിയുള്ള വിപ്ലവാവേശമായിരുന്ന ആ സമരത്തിൽ സമരഭടന്മാരെ നയിച്ചത്. ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിലേക്കുള്ള അടുത്ത ചുവടുവെയ്പ്പ് എന്നതായിരുന്നു ആ ആവേശം. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ നിർണ്ണായകമാകേണ്ടിയിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പോരാട്ടമായിരുന്നു അത്. എന്നാൽ, ആ സമരത്തെ കലാപമായി കണ്ട് സ്വതന്ത്ര ഇന്ത്യയുടെ ഭരണവർഗ്ഗം ഉൾപ്പെടെ അടിച്ചമർത്തുകയായിരുന്നു.

ത്യാഗപൂർണ്ണമായ ആ സമരങ്ങളിൽ പ്രതീക്ഷിച്ചപോലെ ജനങ്ങളെയാകെ അണിനിരത്താൻ കഴിഞ്ഞില്ല എന്നത് യാഥാർത്ഥ്യമായിരുന്നു. മറ്റൊരുവിധത്തിൽ വിശകലനം ചെയ്താൽ രാജ്യവും പാർട്ടിയും സായുധ സമരത്തിന് പാകമായിരുന്നില്ല. അഥവാ മറിച്ചുള്ള നിഗമനം പിഴവോ അപക്വമോ ആയിരുന്നു. പാർട്ടി തന്നെ അക്കാര്യം തിരിച്ചറിയുകയും, കൽക്കത്താ തീസിസ്സിലെ രാഷ്ട്രീയ നയം തിരുത്തപ്പെടുകയും ചെയ്തു. എന്നിരുന്നാലും ആ സമരം വലിയൊരു പാഠമായി ആവേശം പകർന്നു കൊണ്ടിരിക്കുന്നു. ഒപ്പം സ്വതന്ത്ര ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനമുന്നേറ്റത്തിനും ജനങ്ങളിൽ വിപ്ലവാവബോധം ഉണർത്തുന്നതിനും ആ സമരങ്ങൾ ഉതകി എന്നതും നിസ്തർക്കം.

ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആവിർഭാവ ഘട്ടത്തിലെ വലിയൊരു പ്രതിസന്ധി തന്നെയായിരുന്നു കൽക്കത്താ തീസിസും അതിന്റെ നിർവ്വഹണഘട്ടവും. എന്നാൽ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതെല്ലാം അതിജീവിച്ച് മുന്നേറിയതിന്റെ ചരിത്രമാണ് ഉള്ളത്. സ്വതന്ത്ര ഇന്ത്യയുടെ പാർലമെന്റിൽ പ്രതിപക്ഷത്തെ നയിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു എന്നത് ആ മുന്നേറ്റത്തിന്റെ സാക്ഷ്യമായിരുന്നു. 1957 ൽ, ലോകത്തെത്തന്നെ വിസ്മയിപ്പിച്ചുകൊണ്ട് കേരളത്തിൽ ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ്പാർട്ടി അധികാരത്തിൽ വന്നു. ഇന്ത്യയിലെ കോൺഗ്രസ്സിന്റെ ഭരണക്കുത്തക തകർക്കപ്പെടുകകൂടിയായിരുന്നു അതുവഴി സംഭവിച്ചത്.

1960 കളിൽ പാർട്ടിയെ കടന്നാക്രമിച്ച രണ്ട് പ്രതിഭാസങ്ങളായിരുന്നു വലത്, ഇടത് വ്യതിയാനങ്ങൾ. അതിൽ വലത് വ്യതിയാനം (റിവിഷനിസം), 1964 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ സി പി എമ്മായി പുനസംഘടിപ്പിക്കുന്നതിൽ കലാശിച്ചു. ഏതാണ്ട് ഇതേ ഘട്ടത്തിൽ ഉണ്ടായ ഇടത് തീവ്രവാദ വ്യതിയാനത്തെ നേരിടാനും പാർട്ടിക്ക് കഴിഞ്ഞു. വികലമായ ഇടത് തീവ്രവാദ പ്രസ്ഥാനം ചിന്നിച്ചിതറി അപ്രസക്തമാകുന്നതിലേക്കാണ് കാലം പുരോഗമിച്ചത്.

കഴിഞ്ഞ ഇരുപത് വർഷത്തിലേറെയായി സാമ്രാജ്യത്വത്തിന്റെ ആഗോളവത്ക്കരണ കടന്നാക്രമണത്തിലാണ് നമ്മുടെ രാജ്യവും. സാധാരണ ജനങ്ങളെയാകെ കൊടുംചൂഷണത്തിൽ പിഴിഞ്ഞെടുക്കുന്നതും പാവപ്പെട്ടവനെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിയിറക്കുന്നതും, ധനികരെ കുത്തകകളുടെ സാമ്പത്തിക ഔന്നത്യത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ് ഈ സാമ്പത്തികനയമെന്ന് ഇതിനകം വ്യക്തമായി കഴിഞ്ഞു. ഇന്ത്യയിലെ കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടത്തിന്റെ പ്രധാന സമരരംഗം ആഗോളവത്ക്കരണ-ഉദാരവത്ക്കരണ സാമ്പത്തിക നയങ്ങളെ ചെറുക്കലാണ്. മാനവരാശിക്ക് ദ്രോഹകരമായ ഈ സാമ്പത്തിക നയത്തിനെതിരെ ഇന്ത്യയിൽ നിരന്തര പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്നത് കമ്മ്യൂണിസ്റ്റ് ഇടതുപക്ഷപ്രസ്ഥാനങ്ങളാണ്. ഈ സാമ്പത്തികനയത്തിന്റെ ഫലമായി ഉയർന്നുവരുന്ന നാനാതരം ജീവിതപ്രശ്നങ്ങൾക്കെതിരെ അതതു ജനവിഭാഗങ്ങളെ അണിനിരത്തിയുള്ള പോരാട്ടം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഡൽഹി കവാടങ്ങളിൽ ലക്ഷക്കണക്കിന് കർഷകർ അണിചേർന്നു നടത്തി വരുന്ന ഉജ്ജ്വലസമരം ആഗോളവത്ക്കരണ നയത്തിനെതിരെ ലോകമെമ്പാടുമുള്ള പോരാട്ടങ്ങൾക്ക് ആവേശം പകരുന്നതാണ്.

ആഗോളവത്ക്കരണ നയത്തിന്റെ പ്രത്യാഘാതം സാമൂഹ്യജീവിതത്തിന്റെ മറ്റുതലങ്ങളിലും ഗുരുതരമാണ് എന്ന് കാണാൻ കഴിയും. ആഗോളവത്ക്കരണം വലിയ പ്രലോഭനമായാണ് സാമാന്യവ്യക്തിത്വത്തെ സ്വാധീനിക്കുന്നത്. അത് വല്ലാത്ത സ്വാർത്ഥമോഹത്തിന്റെ ഉറവിടമാകുകയാണ്. അതായത് ഈ പ്രതിഭാസം മനസാക്ഷിയുടെയും പരോപകാരത്തിന്റെയും കരുണയുടെയും സർവോപരി മാനവികതയുടെയും ഉറവ വറ്റിച്ചുകളയുന്നു. ഈ ദുരയുടെ അഭിനിവേശം പൊതുമണ്ഡലത്തെ പിന്തിരിപ്പ് വ്യവസ്ഥയിലേക്ക് മടക്കി ഉറപ്പിച്ചു നിർത്താൻ ഇടവരുത്തുന്നു. പരസ്നേഹത്തിന്റെ പരമോന്നത കർമ്മചൈതന്യമായ ത്യാഗസന്നദ്ധത ചോർന്നുപോകുന്ന സമൂഹമാകുന്ന അനന്തരഫലം. ഇത് ചൂഷകർക്ക് വിളനിലമാകുന്ന സാമൂഹ്യവ്യവസ്ഥിതി അരക്കിട്ട് ഉറപ്പിക്കുന്നു. ആഗോളവത്ക്കരണ സാമ്പത്തിക നയത്തിന്റെ ഗുരുതരമായ സാമൂഹ്യപ്രത്യാഘാതം അതുതന്നെയാണ്. അതുകൊണ്ടു തന്നെ യുവതലമുറയിൽ ആഗോളവത്ക്കരണ പ്രലോഭന അഭിനിവേശത്തിന്റെ സന്നിവേശം തടയുന്ന സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനപാത വിശാലമാകണം. കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ സാമൂഹ്യപ്രസക്തിയും സാധ്യതയും ഈ വിധം ഭാരിച്ചതാണ്.

ഇന്നിപ്പോൾ ഇന്ത്യയിലെ ഏറ്റവും ജനപിന്തുണയുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സി പി ഐ (എം )ആണ്. ഇന്ത്യയിൽ ദേശീയപാർട്ടി എന്ന് അംഗീകാരമുള്ള മൂന്ന് പാർട്ടികളിൽ ഒന്ന് എന്ന സ്ഥാനവും ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് രാജ്യത്തുണ്ട്. രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങളെയാകെ നയിക്കുന്നത് സി പി ഐ (എം) ആണെന്നതും എടുത്തുപറയേണ്ടതുണ്ട്.

സി പി ഐ (എം) വിപ്ലവ-ബഹുജനപ്രസ്ഥാനമാണ്. ഇന്ത്യയിലെ കുത്തക മുതലാളിത്ത-ഭൂപ്രഭു ഭരണകൂടത്തെ മാറ്റിമറിച്ച് സോഷ്യലിസ്റ്റ് നിർമ്മാണം നടത്തുന്നതിനുള്ള ജനകീയ-ജനാധിപത്യവിപ്ലവമാണ് പാർട്ടിയുടെ പരിപാടി. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ കർഷകരെയും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും അണിചേർത്ത് കെട്ടിപ്പടുക്കുന്ന ജനകീയ മുന്നണി നയിക്കുന്ന വിപ്ലവമാണത്. ഈ ലക്ഷ്യത്തിലേക്ക് ഇനിയും ഏറെ ദൂരമുണ്ട്. മേൽപ്പറഞ്ഞ അധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽ മഹാഭൂരിപക്ഷത്തിനെ അണിചേർക്കേണ്ട ഭാരിച്ചകടമയുടെ പൂർത്തീകരണ ലക്ഷ്യമാണ് ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ നയിക്കുന്നത്. ആ ദിശയിലെ മുന്നേറ്റത്തിന് ആവേശകരമായ വേഗം ഉണ്ടോ എന്ന ആശങ്ക ചിലർക്കെങ്കിലും ഉണ്ട്. വിപ്ലവപാതയെക്കുറിച്ച് സഖാവ് ലെനിന്റെ നിരീക്ഷണം ഇത്തരണത്തിൽ ശ്രദ്ധേയമാണ്: മുതലാളിത്തം, അതിന്റെ ഏറ്റവും വികസിതമാകുന്ന ഘട്ടത്തിലെ വൈരുദ്ധ്യങ്ങളും തൊഴിലാളിവർഗ്ഗത്തിന്റെ കരുത്തും അതിശക്തമാകുമ്പോൾ, സോഷ്യലിസ്റ്റ് വിപ്ലവം ആ സ്ഥിതിവിശേഷത്തിൽ നിന്ന് ഉയർന്നുവരും.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# ബഹുമുഖ വികസനവുമായി തിരുവനന്തപുരം നിയമസഭാ മണ്ഡലം

**വി.എസ്.ശിവകുമാർ** തിരുവനന്തപുരം



അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി ജഗതി ബണ്ട് കോളനിയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം വി.എസ്.ശിവകുമാർ എം.എൽ.എ. നിർവ്വഹിക്കുന്നു




കേരളത്തിൽ കിടത്തി ചികിത്സയുള്ള ആദ്യത്തെ സിദ്ധ ആശുപത്രിക്കായി വള്ളക്കടവിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനചടങ്ങിൽ എം.എൽ.എ. ശിലാഫലകം അനാച്ഛാദനം ചെയ്യുന്നു.



പൂന്തുറ ആശുപത്രി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയത് പ്രഖ്യാപിച്ചുകൊണ്ടുള്ള ശിലാഫലകം എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

## ലോക്സഭാ സെക്രട്ടറി ജനറലായി ഉത്പൽ കുമാർ സിങ് ചുമതലയേറ്റു



ലോക്സഭയുടെ സെക്രട്ടറി ജനറലായി ഉത്പൽകുമാർ സിങ് ചുമതലയേറ്റു. 1986 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥനായ അദ്ദേഹം കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ടര വർഷത്തിലേറെ ഉത്തരാഖണ്ഡ് ചീഫ് സെക്രട്ടറിയായിരുന്നു. ലോക്സഭാ സെക്രട്ടേറിയറ്റിൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

# ആരോഗ്യ സംരക്ഷണത്തിന് മാതൃകയായി ചാലക്കുടി

**ബി.ഡി. ദേവസ്സി** ചാലക്കുടി

### മുഴുവൻ പി എച്ച് സികളും ഇനി കുടുംബാരോഗ്യ കേന്ദ്രങ്ങൾ

ചാലക്കുടി മണ്ഡലത്തിലെ മുഴുവൻ പ്രാഥമികരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിക്കൊണ്ടുള്ള പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിച്ചു.

ആരോഗ്യ രംഗത്തെ മികച്ച സേവനങ്ങൾ ചാലക്കുടിയിലെ ജനങ്ങൾക്ക് ഉറപ്പാക്കിക്കൊണ്ട് മേലൂർ, നാലുകെട്ട്, വെറ്റിലപ്പാറ പി.എച്ച്.സി.കളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ പി കൂടി നിലവിൽ വരുന്നതിനാൽ ഡോക്ടർ, നേഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

1983 ൽ ഡിസ്പെൻസറിയായി പ്രവർത്തനമാരംഭിച്ച മേലൂർ കുടുംബാരോഗ്യ കേന്ദ്രം ആർദ്രം മിഷന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നാഷണൽ ഹെൽത്ത് മിഷന്റെ 15 ലക്ഷം രൂപയും പഞ്ചായത്തിന്റെ 8.5 ലക്ഷം രൂപയും ഉപയോഗിച്ചാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. കൊരട്ടി പഞ്ചായത്തിലെ നാലുകെട്ട് പി എച്ച് സി 1993 ലാണ് പ്രവർത്തനമാരംഭിച്ചത്. 2010 ൽ എം പി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുകയും 2014 ൽ 47.5 ലക്ഷം രൂപയുടെ നബാർഡ് ഫണ്ട് ഉപയോഗിച്ച് പുതിയ ഒ പി കെട്ടിടം പണി പൂർത്തീകരിക്കുകയും ചെയ്തു.

20 വർഷമായി അതിരപ്പിള്ളി പഞ്ചായത്തിലെ ഗോത്രവർഗ്ഗകാർ ഉൾപ്പെടെയുള്ളവർക്ക് വൈദ്യ സഹായത്തിനുള്ള ആശ്രയമാണ് വെറ്റിലപ്പാറ കുടുംബാരോഗ്യ കേന്ദ്രം. എം.എൽ.എ. ഫണ്ടിൽ നിന്നുള്ള 65 ലക്ഷം രൂപയും പഞ്ചായത്തിന്റെ 25 ലക്ഷം രൂപയും ഉപയോഗിച്ചാണ് പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയിരിക്കുന്നത്. ചാലക്കുടി മണ്ഡലത്തിലെ പരിയാരം,കൊടകര, കാടുകുറ്റി പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളെ നേരത്തെ തന്നെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിരുന്നു. സ്ഥലം എം.എൽ.എ, തദ്ദേശസ്വയംഭരണാധികാരികൾ, മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

### അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന് മിഴിവേകാൻ ഇനി തുമ്പൂർമുഴിയും

അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന് കൂടുതൽ മിഴിവേകാൻ തുമ്പൂർമുഴി ഉദ്യാന നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതോടെ അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ വിനോദ കേന്ദ്രങ്ങളുടെ ടൂറിസം സാധ്യതകൾ കൂടുതൽ വർധിച്ചതായി തുമ്പൂർമുഴി ഉദ്യാനം രണ്ടാംഘട്ട നവീകരണത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

നാലുകോടി രൂപ ചെലവിൽ കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡാണ് തുമ്പൂർമുഴി രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. നവീകരിച്ച കുട്ടികളുടെ പാർക്ക്, കൃത്രിമ ജലധാര, 250 മീറ്റർ കരിങ്കൽ നടപ്പാത, രണ്ട് കൽ മണ്ഡപങ്ങൾ, ഷോപ്പിംഗ് ഏരിയ, കരിങ്കൽ ഇരിപ്പിടങ്ങൾ, വഴിവിളക്കുകൾ എന്നിവയാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ഉദ്യാനത്തിലേയ്ക്ക് ഇപ്പോൾ സന്ദർശകരെ അനുവദിക്കുന്നില്ല.

ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ബി ഡി ദേവസ്സി എംഎൽഎ, ടൂറിസം സെക്രട്ടറി റാണി ജോർജ്, ടൂറിസം ഡയറക്ടർ ബാലകിരൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

### അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി

അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി വിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട്, കൃഷി അടിസ്ഥാനമാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി. കൃഷിവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, സഹകരണ വകുപ്പ്, വനം വകുപ്പ് എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന



പദ്ധതിയുടെ നിർവ്വഹണ ഏജൻസി കൃഷി വകുപ്പ് ആണ് . ആകെ 10 .01 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 3 വർഷം കൊണ്ട് പൂർത്തീകരിക്കും. അതിരപ്പിള്ളി പഞ്ചായത്തിലെ 14 ആദിവാസി കോളനികളിലെയും അംഗങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2020 ഫെബ്രുവരി 16 ന് ബി.ഡി.ദേവസ്സി എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ മലക്കപ്പാറയിൽ ചേർന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി വി .എസ്. സുനിൽകുമാർ നിർവ്വഹിച്ചു .



# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ



**റ്റി.മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**ലേഖനം തുടർച്ച...**

### അന്വേഷണം നടത്തുന്നതിനുള്ള സമിതികൾ

ഗവണ്മെന്റ് സ്ഥാപനങ്ങളുടെയോ അനുബന്ധ സ്ഥാനത്തിരിക്കുന്നവരുടെയോ മറ്റ് വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ പ്രവർത്തനം മൂലമോ പ്രവർത്തനരാഹിത്യം മൂലമോ പൊതുജനങ്ങൾക്കും സംഘടനകൾക്കും സമൂഹത്തിനും ഉണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റിയുള്ള പരാതികൾ പഠിച്ചും അന്വേഷണം നടത്തിയും പരിഹാരം കണ്ടെത്തുന്ന കർത്തവ്യമാണ് ഈ സമിതികൾക്കുള്ളത്. ഹർജികൾ സംബന്ധിച്ച സമിതി, പരിസ്ഥിതി സംബന്ധിച്ച സമിതി, പിന്നാക്കസമുദായക്ഷേമം സംബന്ധിച്ച സമിതി എന്നിവ ഈ വിഭാഗത്തിൽപ്പെടുന്ന സമിതികളാണ്. ഈ മൂന്ന് സമിതികളിലും ഒൻപത് അംഗങ്ങൾ വീതമാണുള്ളത്. ആനുപാതിക പ്രാതിനിധ്യ സ്വഭാവത്തിൽ സമിതികളിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം നടത്തുന്നതും അധ്യക്ഷനെ നിശ്ചയിക്കുന്നതും സ്പീക്കറാണ്.

### 1. ഹർജികൾ സംബന്ധിച്ച സമിതി

ബ്രിട്ടീഷ് പാർലമെന്റിന്റെ മാതൃകയിൽ ഇന്ത്യൻ പാർലമെന്റിൽ രൂപീകരിക്കപ്പെട്ട ഒരു സമിതിയാണ് പെറ്റീഷൻസ് കമ്മിറ്റി അഥവാ ഹർജികൾ സംബന്ധിച്ച സമിതി. സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിലുണ്ടായിരുന്ന സഭയിൽ 1924 മുതൽ പരിമിതമായ അധികാരങ്ങളോടുകൂടി ഈ സമിതി പ്രവർത്തിക്കുന്നുണ്ട്. 1954 മുതലാണ് നിലവിലുള്ള രൂപത്തിൽ ലോക്സഭയിൽ ഈ സമിതിക്ക് അധികാര അവകാശങ്ങൾ ലഭ്യമായത്. കേരളത്തിൽ, തിരുവിതാംകൂർ-കൊച്ചി നിയമസഭയുടെ പ്രവർത്തന ചട്ടങ്ങളിൽ 1954 മുതൽ തന്നെ പെറ്റീഷൻസ് കമ്മിറ്റിക്കായി ചട്ടങ്ങൾ രൂപപ്പെടുത്തിയിരുന്നു. സംസ്ഥാന രൂപീകരണത്തെത്തുടർന്ന് നിലവിൽ വന്ന ഒന്നാം കേരള നിയമസഭയിൽ 1957 ജൂൺ 12 നാണ് ആദ്യമായി ഹർജികൾ സംബന്ധിച്ച സമിതി രൂപീകൃതമായത്.

### സമിതിയുടെ ചുമതലകൾ

ആരംഭകാലത്ത് സഭയിൽ സമർപ്പിക്കപ്പെടുന്ന ഹർജികൾ മാത്രം പരിശോധിക്കുക എന്നതായിരുന്നു സമിതിയുടെ കർത്തവ്യം. എന്നാൽ 1970 മാർച്ച് 11-ാം തീയതി സ്പീക്കർ പുറപ്പെടുവിച്ച ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വ്യക്തികളും സംഘടനകളും നൽകുന്ന നിവേദനങ്ങൾ, കത്തുകൾ, ടെലിഗ്രാമുകൾ തുടങ്ങിയവ പരിശോധിക്കുന്നതിനും അതിൽ അടങ്ങിയിരിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമുള്ള അധികാരം സമിതിക്ക് ലഭിച്ചത്. സഭയിൽ സമർപ്പിക്കപ്പെട്ടതിനുശേഷം കമ്മിറ്റിയുടെ അഭിപ്രായത്തിനായി അയയ്ക്കുന്ന ഹർജികളിന്മേലും സമിതിക്ക് നേരിട്ട് ലഭിക്കുന്ന ഹർജികളിന്മേലും ഉചിതമെന്ന് തോന്നുന്ന തരത്തിൽ തെളിവെടുപ്പ് നടത്തുകയോ വിവരങ്ങൾ ആരായുകയോ ചെയ്യാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും റിപ്പോർട്ട് രൂപേണ സഭയിൽ സമർപ്പിക്കാവുന്നതും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽനിന്നും ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടാവുന്നതുമാണ്. അപ്രകാരം വകുപ്പുകളിൽനിന്നും ലഭിക്കുന്ന നടപടി സ്റ്റേറ്റ്മെന്റുകളിലെ മറുപടി സമിതിക്ക് തൃപ്തികരമായി തോന്നുന്നില്ലെങ്കിൽ അധികവിവരം ആരായുകയോ വീണ്ടും തെളിവെടുപ്പ് നടത്തുകയോ ചെയ്യാവുന്നതാണ്.

ഊമക്കത്തുകൾ, അയയ്ക്കുന്ന ആളിന്റെ പേരോ മേൽവിലാസമോ ഇല്ലാത്ത പരാതികൾ തുടങ്ങിയവ സമിതി പരിഗണിക്കുന്നതല്ല. അതുപോലെ സ്പീക്കറോ, സഭയോ അല്ലാതെയുള്ള അധികാരസ്ഥന്മാരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കത്തുകളുടെ പകർപ്പുകളും പരാതി പരിഹാരത്തിന് പ്രത്യേക അഭ്യർത്ഥന ഇല്ലാത്ത നിവേദനങ്ങളും സമിതി പരിഗണിക്കുന്നതല്ല. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റ് ജീവനക്കാരുടെ പരാതികൾ ബോധിപ്പിക്കുന്ന നിവേദനങ്ങൾ, കോടതികളുടെയും അതുപോലെയുള്ള ജൂഡീഷ്യൽ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന നിവേദനങ്ങൾ, നിസ്സാര സ്വഭാവമുള്ളതും മോശമായ ഭാഷയിൽ തയ്യാറാക്കിയിട്ടുള്ളതുമായ നിവേദനങ്ങൾ എന്നിവയും സമിതി സാധാരണഗതിയിൽ പരിഗണിക്കാറില്ല.

### 2. പരിസ്ഥിതി സംബന്ധിച്ച സമിതി

സംസ്ഥാനത്ത് വഷളായി വരുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, പല കാരണങ്ങളാലുണ്ടാകുന്ന പരിസ്ഥിതി ദൂഷണം എന്നിവയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനും പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിച്ച് പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായാണ് ഒൻപതാം കേരള നിയമസഭയിൽ ആദ്യമായി പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് രൂപം നൽകിയത്.

### ചുമതലകൾ

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക, വിവിധതരം മലിനീകരണം മൂലമുണ്ടാകുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥയുടെ സ്വഭാവവും അളവും വ്യാപ്തിയും അപ്രകാരമുള്ള മലിനീകരണത്തിന്റെ പരിണിതഫലവും പരിശോധിച്ച് അവ തടയുന്നതിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവ സമിതിയുടെ പ്രധാന ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ സ്ഥാപനങ്ങളുടെയോ വ്യാവസായിക സ്ഥാപനങ്ങളുടെയോ പ്രവർത്തനങ്ങളും പ്രവൃത്തികളും പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി പരിശോധിക്കുക, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരിസ്ഥിതി സംബന്ധമായ പദ്ധതികളുടെയും പരിപാടികളുടെയും അവലോകനം നടത്തുക, സംസ്ഥാന നിയമസഭ അംഗീകരിച്ച പരിസ്ഥിതി നയങ്ങൾക്ക് അനുസൃതമായി എങ്ങനെ ഭരണ പരിഷ്കാരം നടപ്പാക്കാമെന്ന് റിപ്പോർട്ട് ചെയ്യുക, പരിസ്ഥിതി സംബന്ധമായി ചെലവഴിച്ച തുകയ്ക്ക് അനുസൃതമായ ഫലങ്ങൾ ഉളവായിട്ടുണ്ടോ എന്ന് പരിശോധിക്കുക, കമ്മിറ്റി നിർദ്ദേശിച്ച വിവിധ നടപടികളിന്മേൽ സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് സഭയിൽ റിപ്പോർട്ട് ചെയ്യുക എന്നിവയും സമിതിയുടെ കർത്തവ്യത്തിൽപ്പെടുന്നു. അതോടൊപ്പം സമിതിക്ക് യുക്തമെന്ന് തോന്നുന്നതും സഭയോ സ്പീക്കറോ പ്രത്യേകിച്ച് നിർദ്ദേശിക്കുന്ന മറ്റ് വിഷയങ്ങളും സമിതി പരിശോധിക്കുന്നതാണ്.

### 3. പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി

സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക നിയമസഭാ സമിതി ഉണ്ടാകേണ്ടതാണെന്ന ദീർഘനാളത്തെ ആവശ്യം പരിഗണിച്ച് ഒൻപതാം കേരള നിയമസഭയുടെ കാലത്ത് തുടക്കം കുറിച്ചതാണ് ഈ സമിതി. സമിതിയിലെ അംഗസംഖ്യ ഒൻപതായി നിജപ്പെടുത്തിയിരിക്കുന്നതോടൊപ്പം ഒൻപതിൽ ആറുപേർ പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കണമെന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### ചുമതലകൾ

സംസ്ഥാനത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ടതും, സംസ്ഥാന ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും സംസ്ഥാന ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള തദ്ദേശ സ്ഥാപനങ്ങളിലെയും മറ്റു സ്ഥാപനങ്ങളിലെയും സംസ്ഥാന നിയമസഭയുടെ ഒരു നിയമം മൂലം സ്ഥാപിച്ചതും സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് ധനസഹായം നൽകുന്നതുമായ സർവ്വകലാശാലകളിലെയും സംസ്ഥാനത്ത് സഞ്ചിതനിധിയിൽനിന്നും ധനസഹായം ചെയ്യുന്ന സ്വതന്ത്ര സ്ഥാപനങ്ങളിലെയും സ്പീക്കറുടെ അനുവാദത്തോടുകൂടി സമിതി പഠനത്തിനെടുക്കുന്ന മറ്റു സ്ഥാപനങ്ങളിലെയും ഉദ്യോഗങ്ങളിലും സർവ്വീസുകളിലും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പ്രാതിനിധ്യം പിന്നാക്ക സമുദായങ്ങൾക്ക് ഉണ്ടോ എന്നു പരിശോധിക്കുകയും ശരിയായ പ്രാതിനിധ്യം കിട്ടിയിട്ടില്ലെന്ന് തോന്നുന്നപക്ഷം ശരിയായ പ്രാതിനിധ്യം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ് സമിതിയുടെ പ്രധാന ചുമതല.

പിന്നാക്ക സമുദായങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പുരോഗതിയെപ്പറ്റി പൊതുവായി പഠിക്കുകയും ഗവണ്മെന്റ് സമസ്ഥതയിലുള്ളതോ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗത്തിലെ പൗരന്മാർക്കുവേണ്ടി സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളതോ ഏതെങ്കിലും ഉത്തരവു വഴി ഒരു നിർദ്ദിഷ്ട ശതമാനം സ്ഥാനങ്ങളിലേക്കുള്ള പ്രവേശനം നിയന്ത്രിക്കപ്പെടുകയോ ഗവണ്മെന്റിനുവേണ്ടി ഒഴിച്ചുവയ്ക്കുകയോ ചെയ്തിട്ടുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന്റെ തോത് അപര്യാപ്തമാണോ എന്നതു സംബന്ധിച്ച കാര്യം പുനരവലോകനം ചെയ്യുകയും ആവശ്യമെന്നു കമ്മിറ്റിക്കു തോന്നുന്ന സംഗതിയിൽ അത് മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതും സമിതിയുടെ ചുമതലയിൽപ്പെടുന്നു.

പിന്നാക്ക സമുദായങ്ങൾക്ക് ഗവണ്മെന്റ് സർവ്വീസിലും തദ്ദേശ സ്ഥാപനങ്ങളുടെയും ഗവണ്മെന്റിന് നിയന്ത്രണമുള്ള മറ്റു സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഗവണ്മെന്റ് ധനസഹായം ചെയ്യുന്ന സ്വതന്ത്ര സ്ഥാപനങ്ങളുടെയും ഉദ്യോഗങ്ങളിലും സർവ്വീസുകളിലും നിർണ്ണയിക്കപ്പെട്ട സംവരണം കിട്ടുന്നുണ്ടോ എന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അർഹമായ പ്രവേശനം കിട്ടുന്നുണ്ടോ എന്നും പരിശോധിച്ച് അത് കിട്ടാത്തപക്ഷം അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുമാണ് സമിതിയുടെ മറ്റൊരു കർത്തവ്യം.

സമിതി പഠിക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ചോദ്യാവലി അയച്ച് ഉദ്യോഗസ്ഥന്മാരെ വിസ്തരിച്ചും സമിതി പഠിക്കുന്ന വിഷയങ്ങളെപ്പറ്റി ഗ്രാഹ്യമുള്ളവരിൽനിന്ന് തെളിവെടുപ്പ് നടത്തിയും ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി സഭയ്ക്ക് സമർപ്പിക്കുന്നു. തുടർന്ന് സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിക്കുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുകയും തുടർനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

(തുടരും...)

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ



# പ്രേംനസീർ സ്മാരകം വരുംതലമുറയ്ക്ക് മുതൽക്കൂട്ടാകും: മുഖ്യമന്ത്രി

**ചിറയിൻകീഴിൽ പ്രേംനസീർ സ്മാരക സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് തുടക്കമായി**

ചിറയിൻകീഴിൽ പ്രേംനസീർ സ്മാരക സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനം 2020 ഒക്ടോബർ 26 ന് വീഡിയോ കോൺഫറൻസിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പ്രേംനസീറിന്റെ സ്മരണയ്ക്കായി ഉയരുന്ന സ്മാരകമന്ദിരം അദ്ദേഹത്തിന്റെ ഓർമ്മകളും സംഭാവനകളും വരുംതലമുറയ്ക്ക് മുന്നിൽ കാഴ്ചവയ്ക്കുന്നതിന് സഹായകരമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മലയാളത്തിലെ നിത്യഹരിതനായകനായ പ്രേംനസീറിന് ജന്മനാടായ ചിറയിൻകീഴിൽ ഒരുങ്ങുന്ന സ്മാരകം അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന പ്രേക്ഷകലക്ഷങ്ങളുടെ ചിരകാലാഭിലാഷത്തിന്റെ സാഫല്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സാംസ്കാരിക രംഗത്ത് വലിയ സംഭാവനകൾ നൽകിയവരുടെ സ്മരണകൾ ആദരിക്കുന്നത് ഒരു ജനതയുടെ സാംസ്കാരിക നിലവാരം നിശ്ചയിക്കാനുള്ള ഉരകല്ലാണെന്ന് മുഖ്യമന്ത്രി പറഞ്ഞു വ്യക്തിത്വശുദ്ധിയുള്ളയാൾ, മറ്റുള്ളവരുടെ വേദനകൾ മനസ്സിലാക്കാൻ കഴിയുന്നയാൾ, സാമ്പത്തികനഷ്ടം അനുഭവിക്കുന്ന നിർമ്മാതാക്കൾക്ക് പ്രതിഫലം പോലും നോക്കാതെ ഡേറ്റുനൽകി സഹായിക്കാൻ മനസ്സുണ്ടായിരുന്നയാൾ, താരപദവിയിലേക്കുയർന്നിട്ടും അഹങ്കാരസ്പർശമില്ലാതെ ഏവരോടും സ്നേഹത്തോടെ പെരുമാറിയ ആൾ തുടങ്ങി പുതിയ തലമുറകളിലെ കലാകാരന്മാർക്ക് പഠിക്കാനും മാതൃകയാക്കാനും ഒട്ടേറെ സദ്ഗുണങ്ങൾ പ്രേംനസീറിലുണ്ടായിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു.

15,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ മിനി തിയേറ്റർ ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ സ്മാരകമാണ് നിർമ്മിക്കുന്നത്. മൂന്ന് നിലകളിലായി നിർമ്മിക്കുന്ന കെട്ടിടത്തിൽ മ്യൂസിയം, ഓപ്പൺ എയർ തീയേറ്റർ, സ്റ്റേജ്, ലൈബ്രറി, കഫെറ്റീരിയ, ബോർഡ് റൂമുകൾ, പാർക്കിംഗ് സൗകര്യം എന്നിവ ഉണ്ടായിരിക്കും. നാലുകോടി രൂപയാണ് പദ്ധതിയുടെ ചെലവ്. സാംസ്കാരിക വകുപ്പിനു കീഴിൽ ചിറയിൻകീഴ് ശാർക്കര ക്ഷേത്രത്തിന് സമീപമാണ് സ്മാരകം നിർമ്മിക്കുന്നത്.

ചടങ്ങിൽ പാർലമെന്ററികാര്യ വകുപ്പ മന്ത്രി എ.കെ. ബാലൻ അധ്യക്ഷത വഹിച്ചു. സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ ഒട്ടേറെ ജനശ്രദ്ധ ആകർഷിച്ചതായും കലാരംഗത്ത് മികച്ച സംഭാവനകൾ നൽകിയ കലാകാരന്മാർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്മാരകങ്ങൾ ഒരുക്കാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു. ഗ്രാമീണ മേഖലകളിലെ കലാകാരൻമാർക്ക് 152 ക്ലസ്റ്ററുകളിലായി സൗജന്യ പരിശീലനം നൽകാൻ സാംസ്കാരിക വകുപ്പിന് സാധിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡെപ്യൂട്ടി സ്പീക്കർ വി. ശശി സ്മാരക മന്ദിരത്തിന്റെ ശിലാഫലകം അനാച്ഛാദനം ചെയ്തു. പ്രേംനസീർ സ്മാരകം അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണകേന്ദ്രമായും മലയാള സിനിമയുടെ വളർച്ച അടയാളപ്പെടുത്തുന്ന ഇടമായും മാറ്റിയെടുക്കാനുള്ള എല്ലാ പിന്തുണയും ചലച്ചിത്ര അക്കാദമിയുടെ ഭാഗത്തു നിന്നുണ്ടാകുമെന്ന് ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ പറഞ്ഞു. മുൻ നിയമസഭാംഗം ആനത്തലവട്ടം ആനന്ദൻ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ.ഡീന തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ചലച്ചിത്രതാരങ്ങളായ മധു, ഷീല, മോഹൻലാൽ, മമ്മൂട്ടി, ജയറാം, സുരാജ് വെഞ്ഞാറമൂട്, കനി കുസൃതി, പ്രേംനസീറിന്റെ മകനും നടനുമായ ഷാനവാസ്, ബാലചന്ദ്ര മേനോൻ, വിധുബാല, ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി, പിന്നണി ഗായകൻ പി. ജയചന്ദ്രൻ തുടങ്ങിയവർ ഓൺലൈനായി ചടങ്ങിന് ആശംസകൾ നേർന്നു.

## വേർപാട്

### കെ.കെ. രാമചന്ദ്രൻ മാസ്റ്റർ മുൻമന്ത്രി



മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് അംഗവുമായ കെ.കെ. രാമചന്ദ്രൻ മാസ്റ്റർ (84) ജനുവരി 7 ന് അന്തരിച്ചു. ആറ്, ഏഴ്, എട്ട് കേരള നിയമസഭകളിൽ സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തെയും ഒൻപത്, പത്ത്, പതിനൊന്ന് കേരള നിയമസഭകളിൽ കൽപ്പറ്റ നിയോജകമണ്ഡലത്തെയും പ്രതിനിധീകരിച്ചു. 1995 മേയ് 3 മുതൽ 1996 മേയ് 9 വരെ എ.കെ.ആന്റണി മന്ത്രിസഭയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയായിരുന്നു. 2004 സെപ്റ്റംബർ 5 മുതൽ 2006 ജനുവരി 14 വരെ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്നു. 2006 ജനുവരി 16 ന് മന്ത്രിസ്ഥാനം രാജിവച്ചു.

കോൺഗ്രസ് നിയമസഭാ കക്ഷി സെക്രട്ടറി, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കോഴിക്കോട് ഡി.സി.സി.സെക്രട്ടറി, ഐ.എൻ.റ്റി.യു.സി. ഉപാദ്ധ്യക്ഷൻ, ഇന്ത്യൻ കോഫീ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ഓഫീസേഴ്സ് കോൺഗ്രസ്, വാട്ടർ അതോറിറ്റി എംപ്ലോയീസ് അസോസിയേഷൻ, സി.ഡബ്ല്യൂ.ഡി.ആർ.എം. എംപ്ലോയീസ് അസോസിയേഷൻ, കേരള സംസ്ഥാന റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ, കോഴിക്കോട് ജില്ലാ പ്ലാന്റേഷൻ ലേബർ കോൺഗ്രസ് തുടങ്ങിയ സംഘടനകളുടെ അദ്ധ്യക്ഷനായിരുന്നു.

പി.നാരായണൻ നമ്പ്യാരുടെയും രുഗ്മിണി അമ്മയുടെയും മകനായി 1936 ഡിസംബർ 11 ന് ജനനം. ഭാര്യ കെ.പദ്മിനി. മൂന്നു മക്കളുണ്ട്.

### കിട്ടപ്പ നാരായണസ്വാമി മുൻ എം.എൽ.എ.



മുൻ എം.എൽ.എ.യും കെ.പി.സി.സി. അംഗവുമായ കിട്ടപ്പ നാരായണസ്വാമി (82) 2021 ജനുവരി 1 ന് അന്തരിച്ചു. അഞ്ചാം കേരള നിയമസഭയിൽ (1977-79) ദേവികുളം നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച അംഗമായിരുന്നു. സംസ്ഥാന ഭവന നിർമ്മാണ ബോർഡംഗം, തോട്ടം തൊഴിലാളി ട്രേഡ് യൂണിയൻ പ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു.


പാർവ്വതിയാണ് ഭാര്യ. ദളിത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് ബാലസുബ്രഹ്മണ്യൻ അടക്കം നാല് മക്കളുണ്ട്.

### ടി. ചാത്തു മുൻ എം.എൽ.എ.



മുതിർന്ന സി.പി.എം. നേതാവും മുൻ എം.എൽ.എ.യുമായ ടി. ചാത്തു(88) 2020 ഡിസംബർ 21 ന് അന്തരിച്ചു. ഒമ്പതാം കേരള നിയമസഭയിൽ കൊല്ലങ്കോട് നിന്നുള്ള അംഗമായിരുന്നു. കർഷകത്തൊഴിലാളി യൂണിയൻ അഖിലേന്ത്യാ പ്രവർത്തക സമിതി അംഗവും, കെ.എസ്.കെ.ടി.യു. സംസ്ഥാന സെക്രട്ടറിയുമായിരുന്നു. സി.പി.ഐ.(എം) പാലക്കാട് ജില്ലാ കമ്മിറ്റി അംഗം, പാലക്കാട് ജില്ലാ സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ടി. ചാത്തു വിവിധ സമരങ്ങളിൽ പങ്കെടുത്തതിന് ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ ശകുന്തള. അഞ്ച് മക്കളുണ്ട്.

### എസ്.ആർ തങ്കരാജ് മുൻ എം.എൽ.എ.



മുൻ എം.എൽ.എ.യും പ്രമുഖ സോഷ്യലിസ്റ്റ് നേതാവുമായിരുന്ന എസ്.ആർ. തങ്കരാജ് (84) 2020 ഡിസംബർ 14 ന് അന്തരിച്ചു. ഏഴ്, എട്ട് കേരള നിയമസഭകളിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. 1982, 1987 എന്നീ വർഷങ്ങളിൽ ജനതാപാർട്ടി അംഗമായാണ് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

അഭിഭാഷകനായിരുന്ന എസ്.ആർ. തങ്കരാജ് സോഷ്യലിസ്റ്റ് പാർട്ടിയിലൂടെയാണ് പൊതുപ്രവർത്തന രംഗത്തെത്തിയത്. നെയ്യാറ്റിൻകര സഹകരണ ബാങ്ക് ഡയറക്ടർ, ജനറൽ ലോറി ആന്റ് ടാക്സി വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി, മർമ്മ തിരുമ്മ് കളരിപ്പയറ്റ് അസോസിയേഷൻ പ്രസിഡന്റ്, നെയ്യാറ്റിൻകര ബാർ അസോസിയേഷൻ പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ പരേതയായ എസ്.ജെ.സുഗത. രണ്ട് മക്കളുണ്ട്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...






**കപാലം:** ഒരു പൊലീസ് സർജന്റെ കുറ്റാന്വേഷണ യാത്രകൾ
**ഡോ. ബി.ഉമാദത്തൻ**
കോട്ടയം: ഡി സി ബുക്സ്, 2019.
Call No: LobZwUMA 32Q9
(കുറ്റാന്വേഷണത്തിലെ വൈദ്യശാസ്ത്രതത്ത്വങ്ങളും ഒപ്പം ആധുനിക സാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ട് ഡോ. ഉമാദത്തൻ തെളിയിച്ച പതിനഞ്ചു കേസുകൾ കഥാരൂപത്തിൽ അവതരിപ്പിക്കുന്ന പുസ്തകം)



**ഇൻഫർണോ**
**ഡാൻ ബ്രൗൺ**
കോട്ടയം: ഡി സി ബുക്സ്, 2018.
വിവർത്തനം: ജോണി എം.എൽ.
Call No: O111,DAN 32Q8
('INFERNO' എന്ന ഇംഗ്ലീഷ് നോവലിന്റെ മലയാള പരിഭാഷ)



**ട്വിങ്കിൾ റോസയും പന്ത്രണ്ട് കാമുകന്മാരും**
**ജി.ആർ. ഇന്ദുഗോപൻ**
കോട്ടയം: ഡി സി ബുക്സ്, 2019.
Call No: O32,3IND Q9
(കഥാസമാഹാരം)




**വാണ്ടർലസ്റ്റ്**
**ചന്ദ്രമതി**
കോട്ടയം: ഡി സി ബുക്സ്, 2020.
Call No: O32,3CHA R0
(കഥാസമാഹാരം)




**അന്ധർ ബധിരർ മൂകർ**
**ടി.ഡി. രാമകൃഷ്ണൻ**
കോട്ടയം: ഡി സി ബുക്സ്, 2019.
Call No: O32,3RAM R0
(നോവൽ)




**സന്ദർഭങ്ങൾ സന്ദേഹങ്ങൾ**
**ആനന്ദ്**
കോട്ടയം: ഡി സി ബുക്സ്, 2020.
Call No: O32,6ANA R0
(ലേഖന സമാഹാരം)




**സുവിശേഷങ്ങൾ വേദാന്തദൃഷ്ടിയിൽ**
**മുനി നാരായണപ്രസാദ്**
കോട്ടയം: ഡി സി ബുക്സ്, 2020.
Call No: R65(Q6):g 32R0
(യേശുവിൻ മാർഗ്ഗം ഒരു ഹിന്ദു സന്ന്യാസിയാൽ സമഗ്രമായി വിലയിരുത്തപ്പെടുന്ന കൃതി)



**ബാലി ദ്വീപ്**
**എസ്.കെ. പൊറ്റെക്കാട്ട്**
കോട്ടയം: ഡി സി ബുക്സ്, 2019.
Call No: U8.436 32Q9
(ബാലി ജനതയുടെ സംസ്കാരവും ജീവിതചര്യയും വിവരിക്കുന്ന യാത്രാവിവരണ ഗ്രന്ഥം)




**കേരള ചരിത്രം തിരുത്തിക്കുറിച്ച മഹാ സംഭവങ്ങൾ**
**വേലായുധൻ പണിക്കശ്ശേരി**
കോട്ടയം: ഡി സി ബുക്സ്, 2020.
Call No: V212 32R0
(കേരള ചരിത്രത്തെ ഇരുണ്ട കാലത്തു നിന്ന് പുതുവെളിച്ചത്തിലേക്ക് നയിച്ച മഹാസംഭവങ്ങളെ പരിചയപ്പെടുത്തുന്ന പുസ്തകം.)



**ഇരുളടഞ്ഞ കാലം: ബ്രിട്ടീഷ് സാമ്രാജ്യം ഇന്ത്യയോടു ചെയ്തത്**
**ശശി തരൂർ**
വിവർത്തനം: ലിൻസി കെ. തങ്കപ്പൻ
കോട്ടയം: ഡി സി ബുക്സ്, 2019.
Call No: V2 K00-N47 32Q9
(An Era of Darkness: The British Empire in India എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ.)



**നിശ്ശബ്ദരായിരിക്കാൻ എന്തവകാശം?**
**എം.ബി. രാജേഷ്**
കോട്ടയം: ഡി സി ബുക്സ്, 2019.
Call No: W.2 32Q9
(ലേഖനസമാഹാരം)



**എന്റെ വഴി എന്റെ ശരി**
**രഘുറാം ജി. രാജൻ**
വിവർത്തനം: **ടോം മാത്യു**
കോട്ടയം: ഡി സി ബുക്സ്, 2019.
Call No: X62wRAJ 32Q9
(ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെയും ബാങ്കിംഗ് മേഖലയുടെയും വിപണിയുടെയും സങ്കീർണതകളും പ്രശ്നപരിഹാരങ്ങളും പങ്കുവയ്ക്കുന്ന ഗ്രന്ഥം)



## കെ.വി.വിജയദാസ്, എം.എൽ.എ. അന്തരിച്ചു



കോങ്ങാട് എം.എൽ.എ.യും സി.പി.എം. പാലക്കാട് ജില്ലാ സെക്രട്ടേറിയറ്റ് അംഗവുമായ കെ.വി. വിജയദാസ്(61) അന്തരിച്ചു. ചികിത്സയിലിരിക്കെ തൃശ്ശൂർ മെഡിക്കൽകോളേജിൽ വച്ചായിരുന്നു അന്ത്യം. പതിമൂന്നാം കേരള നിയമസഭയിലും (2011-2016) അംഗമായിരുന്നു. 1959 ൽ പാലക്കാട് എലപ്പുള്ളിയിൽ ജനിച്ച വിജയദാസ് കേരള സോഷ്യലിസ്റ്റ് യൂത്ത് ഫെഡറേഷനിലൂടെയാണ് (കെ.എസ്. വൈ.എഫ് ) രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. 1987 ൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തംഗമായി. 1996 ൽ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. രാജ്യത്തിന് തന്നെ മാതൃകയായ മീൻവല്ലം ജലവൈദ്യുത പദ്ധതി കെ.വി.വിജയദാസിന്റെ നേതൃത്വത്തിലാണ് പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയത്. ഏഷ്യയിൽ ആദ്യമായി ഒരു ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടപ്പാക്കുന്ന ജലവൈദ്യുത പദ്ധതിയാണ് മീൻവല്ലം. കർഷകരിലൊരാളായി നിന്ന് കർഷകസംഘങ്ങൾ സ്ഥാപിക്കാനും കൃഷിക്കാരുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനും എന്നും മുന്നിൽ നിന്ന വ്യക്തിയായിരുന്നു അദ്ദേഹം. മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്. സി.പി.ഐ.(എം) സിറ്റി ബ്രാഞ്ച് കമ്മിറ്റി അംഗം, തേനാരി ക്ഷീരോൽപ്പാദക സഹകരണ സംഘം പ്രസിഡന്റ്, കർഷകസംഘം സംസ്ഥാന കമ്മിറ്റി അംഗം, പ്രൈമറി കോ-ഓപ്പറേറ്റീവ് സോസൈറ്റി അസോസിയേഷൻ പാലക്കാട് ജില്ലാ പ്രസിഡന്റ്, എലപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ സംഭാവനയ്ക്ക് 2010-2011 ൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ പുരസ്കാരം ലഭിച്ചിട്ടുണ്ട്. പതിനാലാം കേരള നിയമസഭയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി, പരിസ്ഥിതി സംബന്ധിച്ച സമിതി എന്നീ നിയമസഭാ സമിതികളിലും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിലും അംഗമായിരുന്നു. ഭാര്യ വി. പ്രേമകുമാരി; രണ്ട് മക്കളുണ്ട്.

### കെ.വി.വിജയദാസിന് സഭയുടെ ആദരാഞ്ജലി

കെ.വി.വിജയദാസിന്റെ നിര്യാണത്തെ തുടർന്ന് ജനവരി 19 ലെ സഭാനടപടികൾ ഒഴിവാക്കി നിയമസഭ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ച് പിരിഞ്ഞു. കെ.വി.വിജയദാസിന്റെ നിര്യാണത്തോടെ ഒരു മികച്ച സഹകാരിയെയും, ലാളിത്യം മുഖമുദ്രയാക്കിയ ജനകീയനായ ഒരു നേതാവിനെയുമാണ് നഷ്ടമായിരിക്കുന്നതെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ സഭയിൽ റഫറൻസ് നടത്തിക്കൊണ്ട് പറഞ്ഞു. കർഷകർക്ക് വേണ്ടി എന്നും നിലയുറപ്പിച്ച സാമാജികനും മികച്ചസഹകാരിയുമായിരുന്നു കെ.വി. വിജയദാസെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. എലപ്പുള്ളി ബാങ്കിനെ മികച്ച സ്ഥാപനമാക്കി മാറ്റിയതിലും തേനാരി ക്ഷീരസഹകരണ സംഘത്തിന്റെ വിജയത്തിനു പിന്നിലും അദ്ദേഹത്തിന്റെ പ്രയത്നമുണ്ടെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കർഷകരുടെ പ്രശ്നങ്ങൾക്കൊപ്പം നിലയുറപ്പിക്കുകയും അവർക്കുവേണ്ടി സംസാരിക്കുകയും ചെയ്ത ജനപ്രതിനിധിയായിരുന്നു വിജയദാസെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ. മാരായ സി.കെ.നാണു, എം.കെ.മുനീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ഒ. രാജഗോപാൽ, കെ.ബി. ഗണേഷ്കുമാർ, പി.സി. ജോർജ് എന്നിവരും കെ.വി.വിജയദാസിന് ആദരാഞ്ജലി അർപ്പിച്ച് സംസാരിച്ചു.

പരിസ്ഥിതി സംബന്ധിച്ച സമിതി കെ.വി. വിജയദാസിന്റെ മരണത്തിൽ ആദരാഞ്ജലി അർപ്പിച്ചു.

## പരിസ്ഥിതി സംരക്ഷണം

**ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിച്ചു തുടങ്ങിയ വർഷം**

- 1974 ( യു.എൻ പൊതുസഭ 1972 ലാണ് ലോക പരിസ്ഥിതി ദിനം പ്രഖ്യാപിച്ചത്. 'ഒരു ഭൂമി മാത്രം' എന്നതായിരുന്നു ആദ്യ പരിസ്ഥിതി ദിന സന്ദേശം)

**ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണ നിയമം നിലവിൽ വന്നത്**

- 1986

**ആമസോൺ മഴക്കാടുകളിലെ പാരമ്പര്യ ജനവിഭാഗങ്ങളെ സംരക്ഷിക്കാനായി ഇക്വിഡോർ ആസ്ഥാനമായി രൂപീകരിച്ച സംഘടന**

- സെയ്ബോ അലയൻസ് (കോഫാൻ, സിയോണ, സെക്കോയ, വ്യൂറാണി എന്നീ രാജ്യങ്ങൾ ചേർന്ന് രൂപീകരിച്ചത് )

**ഇന്ത്യയിൽ ആദ്യമായി പരിസ്ഥിതി നയം രൂപീകരിച്ച സംസ്ഥാനം**

- കേരളം

**ഗ്രീൻപീസ് എന്ന പ്രമുഖ പരിസ്ഥിതി സംഘടനയുടെ ആസ്ഥാനം**

- ആംസ്റ്റർ ഡാം (നെതർലാൻഡ്സ് )

**ഇന്ത്യൻ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ മാതാവ്**

- ചിപ്കോ പ്രസ്ഥാനം (സ്ഥാപിച്ചത്-സുന്ദർലാൽ ബഹുഗുണ 1973 ൽ)

**2020 ലെ പരിസ്ഥിതി ദിനത്തിന് ആതിഥേയത്വം വഹിച്ച രാജ്യം**

- കൊളംബിയ ('ജൈവവൈവിധ്യം' എന്നതായിരുന്നു സന്ദേശം)

**ഇന്ത്യ ലോക പരിസ്ഥിതി ദിനാചരണത്തിന് ആതിഥേയത്വം വഹിച്ച വർഷം ?**


- 2011, 2018

**'ഒറ്റ വയ്ക്കോൽ വിപ്ലവം' എന്ന പുസ്തകം രചിച്ചത്**


- മസനോബു ഫുക്കുവോക്ക (ജൈവകൃഷിരീതിയുടെ ആധുനിക കാലത്തെ പ്രയോക്താക്കളിൽ പ്രധാനി)

**ഇന്ത്യയിൽ പ്ലാസ്റ്റിക്ക് ബാഗുകളുടെ ഉപയോഗത്തിന് നിരോധനം ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം**

- സിക്കിം (1998 ൽ)



മസനോബു ഫുക്കുവോക്ക



സുന്ദർലാൽ ബഹുഗുണ

### വിജ്ഞാനപഥം



നിയമസഭാ സമുച്ചയത്തിലെ വാർത്തകൾ

# കുമാരനാശാൻ അനുസ്മരണവും
## നിയമസഭാ മാധ്യമ പുരസ്കാര വിതരണവും



മഹാകവി കുമാരനാശാന്റെ പ്രജാസഭാപ്രവേശത്തിന്റെ അഷ്ടോത്തരശതാബ്ദിയും ചരമവാർഷികവും ഒത്തുചേരുന്ന വേളയിൽ കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെയും കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ മഹാകവിയുടെ സ്മരണാർത്ഥം 2021 ജനുവരി 18 തിങ്കളാഴ്ച വൈകിട്ട് 5.30ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മഹാകവി കുമാരനാശാൻ അനുസ്മരണം സംഘടിപ്പിച്ചു. നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി  കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ വി. ശശി സ്വാഗതം ആശംസിച്ചു. കാവ്യദർശനത്തെ രാഷ്ട്രീയ പ്രഖ്യാപനമാക്കിയ കവിയാണ് കുമാരനാശാനെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ പറഞ്ഞു. ആശാൻ സാഹിത്യത്തിൽ ആഴത്തിൽ പഠനം നടത്തിയിട്ടുള്ള പ്രൊഫ. എം. കെ. സാനുവിനെയും അന്തർദ്ദേശീയ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച മുൻ നിയമസഭാ സാമാജികൻ എം. ജെ. ജേക്കബിനെയും ചടങ്ങിൽ ആദരിച്ചു. നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിക്കുന്ന റഫറൻസ് ഗ്രന്ഥങ്ങളായ 'എസ്റ്റിമേറ്റ്സ് കമ്മിറ്റി@64 (ധനകാര്യനിരീക്ഷണത്തിന്റെ സാർത്ഥകമായ 64 വർഷങ്ങൾ)', 'പരിസ്ഥിതി സമിതി – സഫലം സർഗ്ഗാത്മകം', 'ഹർജികൾ സംബന്ധിച്ച സമിതി – വജ്രശോഭയിൽ' എന്നീ പുസ്തകങ്ങളുടെ പ്രകാശന കർമ്മം ചടങ്ങിൽ നടന്നു. നിയമസഭാ എസ്റ്റിമേറ്റ്സ് സമിതിയെ സംബന്ധിച്ച പുസ്തകം മന്ത്രി കെ.കെ. ശൈലജ ടീച്ചറും പരിസ്ഥിതി സംബന്ധിച്ച സമിതിയെ പരാമർശിക്കുന്ന പുസ്തകം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും, ഹർജികൾ സംബന്ധിച്ച സമിതിയെക്കുറിച്ചുള്ള പുസ്തകം മന്ത്രി എം.എം. മണിയും പ്രകാശനം ചെയ്തു. സാമാജികരായ  എസ്. ശർമ്മ, മുല്ലക്കര രത്നാകരൻ, ആർ. രാമചന്ദ്രൻ എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി. മഹാകവി കുമാരനാശാനെക്കുറിച്ച് കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന, സരസകവി മൂലൂർ എസ്. പത്മനാഭപണിക്കർ രചിച്ച 'തീവ്രരോദനം', കെ. സദാശിവന്റെ 'കുമാരനാശാൻ: ചില സ്മരണകൾ', ഡോ. പി. വേണുഗോപാലൻ എഡിറ്റ് ചെയ്ത 'ഓർമകളിലെ ആശാൻ' എന്നീ പുസ്തകങ്ങളുടെ പ്രകാശനവും അന്നേ ദിവസം നടന്നു. എം.എൽ.എ.മാരായ ഇ.കെ. വിജയൻ, ടി.വി. രാജേഷ്, സി.കെ. ആശ എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി. സി.പി.എസ്.ടി. നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഏഴാമത് ബാച്ചിന്റെ ഉദ്ഘാടനം, നിയമസഭാ മാധ്യമ അവാർഡ് വിതരണം എന്നിവയും ചടങ്ങിൽ സ്പീക്കർ നിർവ്വഹിച്ചു.

### നിയമസഭാ മാധ്യമ പുരസ്കാരങ്ങൾ സമ്മാനിച്ചു

ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡിന്റെ അച്ചടി മാധ്യമ വിഭാഗത്തിലുള്ള അവാർഡ് രാഷ്ട്രദീപിക പ്രസിദ്ധീകരിച്ച റെജി ജോസഫിന്റെ 'ഗോത്രമക്കൾക്ക് പുതിയ പാഠങ്ങൾ'ക്കും ദൃശ്യ മാധ്യമ വിഭാഗത്തിലുള്ള അവാർഡ് കൈരളി ന്യൂസ് സംപ്രേക്ഷണം ചെയ്ത ബിജു മുത്തത്തിയുടെ 'കേരള എക്സ്പ്രസ്സ് – നിഴൽ ജീവിത'ത്തിനും ലഭിച്ചു. ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന്റെ അച്ചടി മാധ്യമ വിഭാഗത്തിലുള്ള അവാർഡ് സമകാലിക മലയാളം വാരിക പ്രസിദ്ധീകരിച്ച പി.എസ്. റംഷാദിന്റെ 'മുസ്ലീം ആൺകുട്ടികൾക്ക് പഠിച്ച് മതിയായോ' എന്ന ലേഖനത്തിനും അച്ചടി മാധ്യമ വിഭാഗത്തിൽ പ്രത്യേക ജ്യൂറി പരാമർശം ദീപിക ദിനപത്രം പ്രസിദ്ധീകരിച്ച  റിച്ചാർഡ് ജോസഫിന്റെ 'സ്ക്രീനിൽ കുരുങ്ങുന്ന കുട്ടികൾ' എന്ന ലേഖന പരമ്പരക്കും ലഭിച്ചു.

ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന്റെ ദൃശ്യ മാധ്യമ വിഭാഗത്തിലുള്ള അവാർഡ് മാതൃഭൂമിന്യൂസ് സംപ്രേക്ഷണം ചെയ്ത 'സംസ്ഥാനത്ത് ഫെർട്ടിലിറ്റി ക്ലിനിക്കുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അനധികൃത അണ്ഡവില്പന റാക്കറ്റിനെക്കുറിച്ചുള്ള' ഡി. പ്രമേഷ് കുമാറിന്റെ പരമ്പരക്ക് ലഭിച്ചു.

ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന്റെ ദൃശ്യ മാധ്യമ വിഭാഗത്തിൽ പ്രത്യേക ജ്യൂറി പരാമർശം ജീവൻ ടിവി സംപ്രേക്ഷണം ചെയ്ത സുബിത സുകുമാറിന്റെ 'കാഴ്ചപ്പതിപ്പ്-വികസനത്തിന്റെ മായക്കാഴ്ചകളിൽ ഒരു ചേരിക്കാഴ്ച' ക്ക് ലഭിച്ചു. ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡിന്റെ അച്ചടി മാധ്യമ വിഭാഗത്തിൽ പ്രത്യേക ജ്യൂറി പരാമർശം മെട്രോ വാർത്ത ദിനപത്രം പ്രസിദ്ധീകരിച്ച എം.ബി. സന്തോഷിന്റെ 'ജനാധിപത്യ ശ്രീകോവിലിലെ വേറിട്ട കാഴ്ചകൾ'ക്കും ദൃശ്യ മാധ്യമ വിഭാഗത്തിലുള്ള അവാർഡ് മാതൃഭൂമി ന്യൂസ് സംപ്രേക്ഷണം ചെയ്ത ആർ. ശ്രീജിത്തിന്റെ 'ലോമേക്കിംഗ് എക്സർസൈസ്'നും ലഭിച്ചു. പരിപാടിയിൽ മന്ത്രിമാർ, നിയമസഭാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിനുശേഷം കുമാരനാശാൻ കൃതികളുടെ ദൃശ്യ-സംഗീതാവിഷ്കാരം അവതരിപ്പിച്ചു. പരിപാടികൾ അവതരിപ്പിച്ച കലാകാരൻമാർക്ക് സ്പീക്കർ ഉപഹാരങ്ങൾ നൽകി.

ഇതരസഭാ വാർത്തകൾ

## വിജയ് കുമാർ സിൻഹ ബീഹാർ നിയമസഭാ സ്പീക്കർ



ബീഹാറിലെ ലഖിസാരയിൽ നിന്നുള്ള ബി.ജെ.പി. അംഗവും മുൻമന്ത്രിയുമായ വിജയ് കുമാർ സിൻഹ ബീഹാർ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 114 നെതിരെ 126 വോട്ടുകൾ നേടിയാണ് വിജയ് കുമാർ സിൻഹ വിജയമുറപ്പിച്ചത്. ആർ.ജെ.ഡി. അംഗം അവദ് ബിഹാരി ചൗധരിയായിരുന്നു പ്രതിപക്ഷ സ്ഥാനാർത്ഥി. ജിതൻ റാം മാഞ്ചിയായിരുന്നു പ്രോടെം സ്പീക്കർ.

## കാലഹരണപ്പെട്ട 206 നിയമങ്ങൾ ഒഡിഷ റദ്ദാക്കുന്നു

1976 ലെ ഒഡിഷ റദ്ദാക്കൽ നിയമത്തിന്റെ ചുവടുപിടിച്ച് കാലഹരണപ്പെട്ടതും ആവർത്തന സ്വഭാവമുള്ളതുമായ ഇരുന്നൂറോളം നിയമങ്ങൾ  റദ്ദാക്കാൻ ഒഡിഷ സർക്കാർ തീരുമാനിച്ചു. 1976 നും 2016 നും ഇടയിൽ പാസാക്കിയ 206 നിയമങ്ങൾ റദ്ദാക്കാനാണ് 2020 ഡിസംബർ 29 ന് ചേർന്ന മന്ത്രിസഭ അനുവാദം നൽകിയത്. ഇതിനായി നിയമസഭയുടെ ബജറ്റ് സമ്മേളനത്തിൽ ഒഡിഷ റദ്ദാക്കൽ ബിൽ 2021 അവതരിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ മുപ്പത്തിമൂന്ന് വകുപ്പുകൾ തയ്യാറാക്കിയ 699 നിയമങ്ങളുടെ ലിസ്റ്റ് പരിശോധിച്ചാണ് 206 എണ്ണം തെരഞ്ഞെടുത്തതെന്ന് നിയമവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശശികാന്ത് മിശ്ര അറിയിച്ചു. 1974 ലെ ഒഡിഷ വാഹന സ്പിരിറ്റ്  (വിൽപ്പനയുള്ള നികുതി) ഭേദഗതി നിയമം, 1975 ലെ ഒഡിഷ വിനോദ നികുതി (ഭേദഗതി) നിയമം, 2010 ലെ ഒഡിഷ  ഇലക്ട്രിസിറ്റി ഡ്യൂട്ടി(ഭേദഗതി) നിയമം, 1976 ലെ സിനിമ ഹാളുകളിലെ കരിഞ്ചന്തയ്ക്കെതിരെയുള്ള ഒഡിഷ പോലീസ് ഭേദഗതി നിയമം, തുടങ്ങിയവയാണ് റദ്ദാക്കുന്നതിൽ പ്രധാനപ്പെട്ടവ. 1955 ലെ ഒറീസ വാതുവയ്പ്പ് നിരോധന നിയമവും റദ്ദുചെയ്യാനുള്ള നിയമങ്ങളുടെ പട്ടികയിൽപ്പെടുന്നു.

## സർവ്വീസിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് യാത്രയയപ്പ്

കോവിഡ് – 19 ജാഗ്രതാ നിർദ്ദേശങ്ങളുടെ ഭാഗമായി നിയമസഭാ സെക്രട്ടേറിയറ്റിൽ പൊതുചടങ്ങുകൾ ഒഴിവാക്കിയിരുന്നു. എന്നാൽ ജാഗ്രതാ നിർദ്ദേശങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന് 2020 മാർച്ച് മുതൽ ഡിസംബർ  വരെ നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നും വിരമിച്ച 27 ജീവനക്കാർക്കും ഡിസംബർ മാസം വിരമിച്ച 3 ജീവനക്കാർക്കും ഡിസംബർ 31-ന് വൈകുന്നേരം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ച ലളിതമായ ചടങ്ങിൽ ഔദ്യോഗിക യാത്രയയപ്പ് നൽകി. കുറച്ചു പേർ മാത്രം  പങ്കെടുത്ത ചടങ്ങിൽ, സ്പെഷ്യൽ സെക്രട്ടറി ആർ.കിഷോർ കുമാർ സ്വാഗതം ആശംസിക്കുകയും നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ അധ്യക്ഷ പ്രസംഗം  നടത്തുകയും ചെയ്തു. വിരമിച്ച ജീവനക്കാർക്കുള്ള ഉപഹാര വിതരണം നിയമസഭാ സെക്രട്ടറി നിർവ്വഹിച്ചു. സി.ജോസ് (റിട്ട.സ്പെഷ്യൽ സെക്രട്ടറി), എൽ.രാധാകൃഷ്ണൻ (റിട്ട.ഡെപ്യൂട്ടി ചീഫ് എഡിറ്റർ), കെ.എ.രാജു (റിട്ട. ജോയിന്റ് സെക്രട്ടറി) കെ.ബി.ഗിരീഷ് കുമാർ (റിട്ട. ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്)) എന്നിവർ മറുപടി പ്രസംഗം നടത്തി. ഹൗസ് കീപ്പിംഗ് വിഭാഗം ജോയിന്റ് സെക്രട്ടറി ഷബാനാ അഞ്ചും ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് ചായസത്ക്കാരവും ജീവനക്കാരുടെ ഫോട്ടോ സെഷനും നടന്നു. പരിപാടി വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.





വിരമിച്ച ജീവനക്കാർ നിയമസഭാ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി എന്നിവർക്കൊപ്പം

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

**നിയമസഭാ പ്രസംഗങ്ങളിലൂടെ...**

# പഞ്ചായത്തിൽ അധികാരം തെരഞ്ഞെടുക്കപ്പെട്ടവർക്കായിരിക്കണം

**( ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് 1960 ഒക്ടോബർ 24 ന് കേരള പഞ്ചായത്ത് രാജ് ബില്ലിന്റെ പരിഗണനാവേളയിൽ സഭയിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)**

സർ, ബഹു. നാരായണക്കുറുപ്പിന്റെ പ്രസംഗത്തിൽ എക്സിക്യൂട്ടീവ് അഥാറിട്ടി പ്രസിഡണ്ടിനു നൽകുന്നതും എക്സിക്യൂട്ടീവ് ആഫീസറുടെമേൽ പ്രസിഡണ്ടിന് നിയന്ത്രണം നൽകുന്നതും രണ്ടും രണ്ടാണെന്നും അതു സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടെന്നും പറഞ്ഞു. എന്റെ അഭിപ്രായം, ബഹു. നാരായണക്കുറുപ്പിന്റെ വാദഗതിയിൽ മറ്റൊരു ആശയക്കുഴപ്പമുണ്ടെന്നാണ്.

എക്സിക്യൂട്ടീവ് അഥാറിട്ടിയെ നിശ്ചയിച്ചു കഴിഞ്ഞാൽ എക്സിക്യൂട്ടീവ് ആക്ഷൻ മുഴുവൻ എക്സിക്യൂട്ടീവ് അഥാറിട്ടി തന്നെ നടത്തണമെന്ന അഭിപ്രായം അദ്ദേഹത്തിനും അതിനുമുൻപു സംസാരിച്ച അപ്പുറത്തിരിക്കുന്ന ബഹു. മെമ്പറന്മാർക്കും ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. എക്സിക്യൂട്ടീവ് അഥാറട്ടി ആയി പ്രസിഡണ്ടിനെ നിശ്ചയിച്ച് കഴിഞ്ഞാൽ എക്സിക്യൂട്ടീവ് പ്രവർത്തനം മുഴുവൻ പ്രസിഡന്റ് നടത്തണമെന്നില്ല. എക്സിക്യൂട്ടീവ് അഥാറട്ടി ആരിൽ വെസ്റ്റ് ചെയ്തിട്ടുണ്ടോ, ആ ആൾതന്നെ ആ അധികാരം മുഴുവൻ നിർവ്വഹിക്കണമെന്നില്ല. ആ അധികാരത്തിൽ ചില അധികാരങ്ങൾ ഡലിഗേറ്റു ചെയ്യാം. അത് ആരിൽ ഡലിഗേറ്റ് ചെയ്യണമെന്നും എത്രത്തോളം ഡലിഗേറ്റു ചെയ്യണമെന്നും നിശ്ചയിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനാണ്.

ബഹു. പി.കെ.നാരായണൻ നമ്പ്യാർ പറയുകയുണ്ടായി അദ്ദേഹത്തിന്റെ അനുഭവത്തിൽ ഈ അധികാരങ്ങൾ മുഴുവൻ നടത്തുവാൻ പഞ്ചായത്തു പ്രസിഡണ്ടിനു സാദ്ധ്യമല്ലെന്ന്. ഒരുപക്ഷെ, അതു സാദ്ധ്യമായിരിക്കയില്ല. എന്നാൽ അതിൽ ഏതാനുമോ മുഴുവനുമോ ഡലിഗേറ്റു ചെയ്യാം. അത് എത്ര ഡലിഗേറ്റു ചെയ്യണമെന്ന് ഓരോ പഞ്ചായത്തു പ്രസിഡണ്ടിനും അവരുടെ ഇഷ്ടംപോലെ നിശ്ചയിക്കുവാൻ സൗകര്യം ഉണ്ടായിരിക്കും.

പ്രശ്നമതല്ല. ബഹു. അച്യുതമേനോൻ നേരത്തെ ഇവിടെ ചോദിച്ചതുപോലെ എക്സിക്യൂട്ടീവ് കാര്യങ്ങളിൽ സ്പെസിഫിക്കായിട്ട് നിശ്ചയിക്കാത്തതായ കാര്യങ്ങളുടെ എക്സിക്യൂട്ടീവ് അഥാറിട്ടി ആരാണെന്നുള്ളതാണ്. ഇതു പറയുന്ന അവസരത്തിൽ ബഹു. നാരായണക്കുറുപ്പിന്റെ പ്രസംഗത്തിലടങ്ങിയ ഒരു കാര്യം സ്പർശിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ബഹു. മെമ്പർ പറയുകയുണ്ടായി, ലജിസ്ളേച്ചറും എക്സിക്യൂട്ടീവും തമ്മിലുള്ള തരംതിരിവ് വേണമെന്നും എക്സിക്യൂട്ടീവിനു കൊടുത്തിരിക്കുന്ന അധികാരത്തിൽ ആരും കൈകടത്താൻ പാടില്ലെന്നും. പക്ഷെ ഇവിടെ പ്രശ്നമെന്താണ് ? ഒരു തെരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് വേണമോ, വേണ്ടയോ എന്നതാണ്.

ബഹു. രാമുണ്ണിക്കുറുപ്പിന്റെ പ്രസംഗത്തിൽ ഇതിൽ ഉള്ളതിലും കൂടുതൽ ജനാധിപത്യം അമേരിക്കയിലുണ്ടോ, ഇംഗ്ലണ്ടിലുണ്ടോ, റഷ്യയിലുണ്ടോ എന്നു ചോദിക്കുകയുണ്ടായി. ഞാൻ പറയുന്നത് അതിനു റഷ്യയിലും ഇംഗ്ലണ്ടിലും അമേരിക്കയിലും മറ്റും പോകേണ്ട, അതിന് ഇന്ത്യയിൽ തന്നെ സമാധാനം ഉണ്ടെന്നാണ്. ലജിസ്ളേച്ചറും എക്സിക്യൂട്ടീവും തമ്മിൽ വിഭജിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ വിഭജനം കേന്ദ്രത്തിലും സ്റ്റേറ്റിലുമുണ്ട്. തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരിലാണ് എക്സിക്യൂട്ടീവധികാരം നിക്ഷിപ്തമായിട്ടുള്ളത്. അതു പഞ്ചായത്തിലുണ്ടോ എന്നു ചോദിച്ചാൽ ഇന്നു തയ്യാറാക്കിട്ടുള്ള ബിൽ അനുസരിച്ച് ഇല്ലാ എന്നാണ് ഉത്തരം.

1958-ലെ ബില്ലിൽ അതുണ്ടോ എന്നു ചോദിച്ചാൽ, ഇല്ല. ശ്രീ. രാമുണ്ണിക്കുറുപ്പ് ഇവിടെ പറഞ്ഞതിലേയ്ക്കു മുഴുവൻ ഞാൻ കടക്കുന്നില്ല. ഉണ്ടയില്ലാത്ത വെടിയെപ്പറ്റിയും മറ്റും അദ്ദേഹം പറഞ്ഞു. എന്നാൽ ഇന്ന് അദ്ദേഹം ചെയ്ത പ്രസംഗത്തിലും ഉണ്ടയില്ലാത്ത വെടി ധാരാളമുണ്ടായിരുന്നു. ആ വാദപ്രതിവാദത്തിലേയ്ക്ക് നമുക്കിപ്പോൾ കടക്കേണ്ട. അതിനു വേറെ സന്ദർഭം ഉണ്ടാകുമ്പോൾ ആകാം. ഇപ്പോൾ ഇവിടത്തെ പ്രശ്നം ജനാധിപത്യം ഇതിലുണ്ടോ എന്നുള്ളതാണ്. ബഹു. രാമുണ്ണിക്കുറുപ്പിന്റെ പ്രസംഗത്തിൽ ജനാധിപത്യതത്വമനുസരിച്ചുള്ള വളരെ വളരെ കാര്യങ്ങൾ ഇതിലുണ്ടെന്നു പറഞ്ഞു. ഉണ്ടെന്നു നിങ്ങൾക്ക് അഭിപ്രായമുണ്ടാകാം. എന്നാൽ ഇല്ലെന്ന് എനിക്കും അഭിപ്രായം ഉണ്ടാകും. അതിരിക്കട്ടെ, പ്രശ്നം ഇലക്റ്റഡ് എക്സിക്യൂട്ടീവ് വേണമോ വേണ്ടയോ എന്നാണ്.

ഇലക്റ്റഡ് എക്സിക്യൂട്ടീവ് വേണമെന്നാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിൽ പറയുന്നത്. ഇലക്റ്റഡ് എക്സിക്യൂട്ടീവിനെ നിശ്ചയിക്കുന്ന അവസരത്തിൽ ഇന്നത്തെ ഈ പുതിയ നിയമമനുസരിച്ച് വിപുലമാക്കുന്നതായ അധികാരങ്ങൾ നടത്തുന്ന കാര്യത്തിൽ ഈ ഇലക്റ്റഡ് എക്സിക്യൂട്ടീവിന് വളരെ കൂടുതൽ അധികാരം കീഴുദ്യോഗസ്ഥന്മാർക്ക് ഡലിഗേറ്റു ചെയ്യേണ്ടിവരുമെന്നു ഞാൻ സമ്മതിക്കുന്നു. അതിനെന്താണു വിരോധം ?



ഇലക്റ്റഡ് പഞ്ചായത്തും, ഇലക്റ്റഡ് അല്ലാത്ത പെർമനന്റ് ഒഫീഷ്യൽസുമുള്ള എക്സിക്യൂട്ടീവും തമ്മിൽ തർക്കമുണ്ടാവുകയാണെങ്കിൽ ആ തർക്കം തീർക്കുന്നതിന് മേലെയുള്ള ഒഫീഷ്യൽസിനെ നിശ്ചയിക്കുന്നത് ജനാധിപത്യമല്ല.

ഇതു സംബന്ധിച്ചു പറയുന്ന അവസരത്തിൽ ഒരു കാര്യം ബഹു. സഭയെ ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു ഭേദഗതിയുടെ ചർച്ചയിൽ പറയേണ്ടതല്ലെങ്കിലും ബഹു.രാമുണ്ണിക്കുറുപ്പിന്റെ പ്രസംഗത്തിൽ പറഞ്ഞതുകൊണ്ടു ഞാൻ പറയുകയാണ്. അന്ന് ഞാനവതരിപ്പിച്ച ബിൽ ഈ ഒരൊറ്റ കാര്യത്തിനുവേണ്ടി മാത്രമുള്ളതല്ലായിരുന്നു. ജില്ലാ കൗൺസിൽ കൂടി രൂപീകരിച്ച് അധികാരം കൊടുക്കുന്ന മറ്റൊരു ബില്ലുമുണ്ടായിരുന്നു. അതായത് ജില്ലാ നിലവാരത്തിൽ ഇലക്റ്റഡ് എക്സിക്യൂട്ടീവ് ഉണ്ടാക്കുന്ന തരത്തിലുള്ള ഒരു ബില്ലായിരുന്നു.

ഈ വിധത്തിൽ പഞ്ചായത്തു നിലവാരത്തിലും ജില്ലാ നിലവാരത്തിലും ഇലക്റ്റഡ് എക്സിക്യൂട്ടീവ് ഉണ്ടാക്കിയാൽതന്നെ തീർച്ചയായും ബഹു. നാരായണക്കുറുപ്പ് പറഞ്ഞതുപോലെയുള്ള എല്ലാ കൺസിഡറേഷൻസും പ്രധാനമാണ്. ദൈനംദിന പ്രവർത്തനകാര്യങ്ങളിൽ ഇലക്റ്റഡ് എക്സിക്യൂട്ടീവ് അമിതമായി ഇടപെടരുത്. ഇലക്റ്റഡ് എക്സിക്യൂട്ടീവിന് അവരുടെ ദൈനംദിന കാര്യങ്ങൾ നടത്തുന്നതിനാവശ്യമായ പവേഴ്സ് വേണം. ഇതെല്ലാം സംബന്ധിച്ച് എക്സിക്യൂട്ടീവ് ആഫീസർക്കും അദ്ദേഹത്തിന്റെ കീഴിലുള്ള സ്റ്റാഫിനും അധികാരം ഡലിഗേറ്റു ചെയ്യുന്നതിനാവശ്യമായ റൂൾസ് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള ഒരു വകുപ്പ് ഇതിൽ ചേർക്കുന്നതിലും ഞാൻ എതിരല്ല. പെർമനന്റ് ഒഫീഷ്യൽസായിട്ടുള്ള എക്സിക്യൂട്ടീവ് ആഫീസർക്കും സ്റ്റാഫിനും മര്യാദയായി പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളെല്ലാം കൊടുക്കുന്നയവസരത്തിൽതന്നെ ഓരോ പഞ്ചായത്തിന്റേയും പ്രസിഡണ്ടിന് അദ്ദേഹത്തിനു നടത്താൻ കഴിയുമെന്നുള്ളിടത്തോളമുള്ള എക്സിക്യൂട്ടീവ് അധികാരം നടത്തുന്നതിനാവശ്യമായ ഏർപ്പാടുണ്ടായിരിക്കണം.

ഇത് അപ്രായോഗികമാണെന്നുള്ള വാദത്തിൽ ഒന്നാംതരം മറുപടി ഡിസ്ട്രിക്ട് ബോർഡിന്റെ പ്രവർത്തനം നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടിന് സെക്രട്ടറിയുടെ പേരിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കുവാൻ അധികാരമുണ്ടോ എന്നുള്ള ചോദ്യത്തിലേയ്ക്ക് ബഹു.രാമുണ്ണിക്കുറുപ്പ് പോയത് പ്രസക്തമാണ്. ഡിസിപ്ലിനറി ആക്ഷൻ എടുക്കുവാൻ അധികാരമുണ്ടോ എന്നുള്ളതല്ലാ ഇവിടത്തെ ചോദ്യം. ആരാണ് എക്സിക്യൂട്ടീവ് അഥാറിട്ടി ? എല്ലാ പവേഴ്സും ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടിനാണ്. 1920 മുതൽ ഡിസ്ട്രിക്ട് ബോർഡിനും കുറേക്കാലം താലൂക്കു ബോർഡിനും അതിന്റെ പ്രസിഡണ്ടന്മാർക്കു നടത്തുവാൻ കഴിഞ്ഞിരുന്ന അധികാരം ഇപ്പോഴത്തെ പഞ്ചായത്തു പ്രസിഡണ്ടിനും നടത്തുവാൻ സാധിക്കുകയില്ലെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഏതെങ്കിലും സംഗതിവശാൽ ഒരു സ്ഥലത്തെ പഞ്ചായത്തു പ്രസിഡണ്ടിന് അധികാരം നടത്തുവാൻ സാദ്ധ്യമല്ലെങ്കിൽപോലും ആവശ്യമുള്ളിടത്തോളം അധികാരം ഡലിഗേറ്റു ചെയ്യുന്നതിനുള്ള തടസ്സമുണ്ടാകേണ്ടതില്ല. അതുകൊണ്ട് എക്സിക്യൂട്ടീവ് അഥാറിട്ടി പ്രസിഡണ്ടായിരിക്കുകയും, പ്രസിഡണ്ട് യുക്തംപോലെ പവേഴ്സ് ഡലിഗേറ്റു ചെയ്യുകയും, അതിനാവശ്യമുള്ള എക്സിക്യൂട്ടീവാഫീസർമാരെ നിയമിക്കുകയും ചെയ്യുകയാണു വേണ്ടത്. അതു ജനാധിപത്യത്തിൽ ശരിയാണ്. അതു മുൻപിലത്തെ ബില്ലിൽ ഇല്ലായിരുന്നുവെങ്കിൽ മുൻപ് കേരളത്തിൽ പല ഭാഗത്തും പഞ്ചായത്തുതന്നെ ഉണ്ടായിരുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ ഈ ഏർപ്പാട് വേണമെന്നാണു ഞാൻ പറയുന്നത്.

ഇപ്പോൾ ഗവൺമെന്റിന് ഇന്ന അധികാരം, റവന്യൂ ബോർഡിന് ഇന്ന അധികാരം, കലക്ടർക്ക് ഇന്ന അധികാരം എന്നെല്ലാം പറഞ്ഞ് പവേഴ്സ് ഡെലിഗേറ്റു ചെയ്യുന്ന റൂൾസ് ഉണ്ട്.

*1957 ൽ ലോകത്ത് ആദ്യമായി ജനാധിപത്യ വ്യവസ്ഥയിലൂടെ ഭരണത്തിലെത്തിയ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ നയിച്ച ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാടെന്ന ഇ.എം.എസ്. 1957-1959, 1967-1969 കാലഘട്ടങ്ങളിൽ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. മലയാളിക്ക് രാഷ്ട്രീയത്തിന്റെയും ധൈഷണികതയുടെയും മൂന്നക്ഷരങ്ങളായിരുന്നു ഇ.എം.എസ്. 1957 ലെ കുടിയൊഴിപ്പിക്കൽ നിയമം, വിദ്യാഭ്യാസ ബിൽ, കാർഷിക ബന്ധ ബിൽ, വ്യവസായ ബന്ധ ബിൽ എന്നിവ ഇ.എം.എസ് മന്ത്രിസഭയുടെ ചരിത്രം സൃഷ്ടിച്ച നിയമനിർമ്മാണങ്ങളാണ്. 1909 ജൂൺ 13 ന് ജനിച്ച അദ്ദേഹം 1998 മാർച്ച് 19 ന് അന്തരിച്ചു.*

1960 ൽ ഇ.എം.എസ് നടത്തിയ ഈ പ്രസംഗം അധികാര വികേന്ദ്രീകരണം എന്നതിനായിരുന്നു ഊന്നൽ നൽകിയത്. ഭരണഘടനയുടെ 73,74 ഭേദഗതികൾ പ്രകാരം 1994 ൽ പാസാക്കിയ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട് എന്നീ നിയമങ്ങൾ പരിശോധിച്ചാൽ അതിലെ പല വ്യവസ്ഥകളിലും ഇ.എം.എസിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത് എന്ന് മനസ്സിലാക്കാനാവും. ഇത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ മഹനീയോദാഹരണമാണ്.

# പോലീസ് നിയമഭേദഗതി ഓർഡിനൻസ് 2020 പിൻവലിച്ചു

നിയമസഭ സമ്മേളിക്കാതിരിക്കുന്ന സന്ദർഭങ്ങളിൽ പുതിയ ഒരു നിയമമോ നിയമഭേദഗതിയോ അടിയന്തരമായി നടപ്പാക്കേണ്ടി വരുമ്പോൾ മന്ത്രിസഭയുടെ ശിപാർശപ്രകാരം ഗവർണ്ണർ വിളംബരപ്പെടുത്തുന്ന വിജ്ഞാപനമാണ് ഓർഡിനൻസ്. ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച ശേഷം വരുന്ന ആദ്യ സമ്മേളനം തുടങ്ങി ആറ് ആഴ്ചയ്ക്കകം (42 ദിവസം) ഓർഡിനൻസിനു പകരമുള്ള ബിൽ സഭ പാസ്സാക്കണമെന്നാണ് ചട്ടം. അല്ലാത്തപക്ഷം ഓർഡിനൻസിന് നിയമസാധുത നഷ്ടപ്പെടുന്നു. എന്നാൽ ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന ഒരു ഓർഡിനൻസ് ആവശ്യമില്ലെന്ന് സർക്കാരിനു ബോധ്യപ്പെടുന്നപക്ഷം ആ ഓർഡിനൻസ് പിൻവലിക്കുന്നതിനായി റിപീലിംഗ് ഓർഡിനൻസ് പുറപ്പെടുവിക്കാവുന്നതാണ്. കേരളത്തിൽ ആദ്യമായി ഒരു ഓർഡിനൻസ് പിൻവലിക്കുന്നതിനായി മറ്റൊരു ഓർഡിനൻസ് (repealing ordinance) പുറപ്പെടുവിക്കുകയുണ്ടായി. ഗവർണ്ണർ ഒപ്പിട്ട് നാലാം ദിവസമാണ് 2020 ലെ പോലീസ് നിയമഭേദഗതി പിൻവലിച്ചത്.

സ്ത്രീകൾക്കെതിരെ നവമാധ്യമങ്ങളിൽ നടക്കുന്ന അസഭ്യപ്രചാരണവും അപകീർത്തിപ്പെടുത്തലും തടയുക എന്ന ഉദ്ദേശത്തോടെ പോലീസ് നിയമത്തിൽ 118എ വകുപ്പ് കൂട്ടിച്ചേർക്കാനായി കൊണ്ടുവന്ന ഓർഡിനൻസാണ് പിൻവലിച്ചത്. പൗരന്റെ വ്യക്തിസ്വാതന്ത്ര്യവും ഭരണഘടനാദത്തമായ അന്തസ്സും ചോദ്യം ചെയ്യുന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിലൂടെയും അല്ലാതെയും വ്യാപകമായി നടക്കുന്ന ദുഷ്പ്രചരണങ്ങൾ തടയുന്നതിനാണ് കേരള പോലീസ് നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ നിയമ ഭേദഗതി മാധ്യമസ്വാതന്ത്ര്യത്തിനും ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തിനും വെല്ലുവിളി ഉയർത്തും എന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് ഓർഡിനൻസ് പിൻവലിക്കാൻ സർക്കാർ തീരുമാനിക്കുകയായിരുന്നു.

വ്യക്തിയെ അപകീർത്തിപ്പെടുത്തുകയോ അപമാനിക്കുകയോ ദ്രോഹിക്കുകയോ ചെയ്യുന്ന വിധത്തിൽ ഏതെങ്കിലും വിനിമയ ഉപാധികളിലൂടെ ഉള്ളടക്കം നിർമ്മിക്കുകയോ പ്രചരിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നവർക്ക് 3 വർഷം തടവോ 10000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ വ്യവസ്ഥ ചെയ്യുന്നതായിരുന്നു ഓർഡിനൻസ്. എന്നാൽ ഇത് അഭിപ്രായസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്നതിന് പോലീസ് സേനയ്ക്ക് അമിത അധികാരം നൽകുന്നതാണെന്ന സംശയം ഉന്നയിക്കപ്പെട്ടു. ഇതേ തുടർന്ന് നിയമസഭയിൽ വിശദമായ ചർച്ച നടത്തി എല്ലാ ഭാഗത്ത് നിന്നും അഭിപ്രായം കേട്ട ശേഷം പുതിയ നിയമ നിർമ്മാണം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി.

പ്രമേയത്തിലൂടെ ഓർഡിനൻസുകൾ പിൻവലിച്ച ചരിത്രവും കേരള നിയമസഭയ്ക്കുണ്ട്. 1966 ലെ രാഷ്ട്രപതി ഭരണകാലത്ത് സർക്കാർ/വൈദ്യുതി മേഖലയിലെ ജീവനക്കാരുടെ സമരം തടയുന്നതിനായി കേരള അവശ്യസേവന പരിപാലന ഓർഡിനൻസ് (എസ്മ) നിലവിൽ വന്നിരുന്നു. എന്നാൽ 1967 മാർച്ച് 31 ന് കെ.ആർ.ഗൗരിയമ്മ നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിലൂടെ കാലാവധി ബാക്കിയുണ്ടായിരുന്ന ആ ഓർഡിനൻസ് റദ്ദാക്കുകയായിരുന്നു. സർക്കാർ തന്നെ നിരാകരണ പ്രമേയം അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു എന്ന പ്രത്യേകതയും ഈ ഓർഡിനൻസിനുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 213 (2)(എ) ഇത്തരത്തിൽ പ്രമേയത്തിലൂടെ ഓർഡിനൻസുകൾ റദ്ദാക്കാൻ വ്യവസ്ഥ ചെയ്യുന്നു.

1957 ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാരാണ് കേരള നിയമസഭയിൽ ആദ്യമായി ഓർഡിനൻസ് പുറപ്പെടുവിച്ചത്. കുടിയൊഴിപ്പിക്കൽ അടിയന്തരമായി തടഞ്ഞുകൊണ്ടുള്ളതായിരുന്നു ആദ്യ ഓർഡിനൻസ്. ഏത് നിമിഷവും കുടിയിറക്കൽ ഭീഷണിയിൽ കഴിഞ്ഞിരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് താൽകാലിക ആശ്വാസമായിരുന്നു ആദ്യ ഓർഡിനൻസ്.




# ഇ-നിയമസഭാ പദ്ധതി അവലോകന പഠനം പുരോഗമിക്കുന്നു

**ഇ-നിയമസഭ പദ്ധതി ആപ്ലിക്കേഷന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി K-Disc സ്ട്രാറ്റജിക് കൺസൾട്ടന്റായ എൻ. കൃഷ്ണന്റെ നേതൃത്വത്തിൽ അവലോകന പഠനം പുരോഗമിച്ച് വരുന്നു**

ഇ-നിയമസഭ പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ശിപാർശ ചെയ്ത ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, telecom duct fiber cabling പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എന്നിവ 2020 ഡിസംബർ 21 ന് ചേർന്ന ഇ-നിയമസഭാ പദ്ധതി ടെക്നിക്കൽ കമ്മിറ്റി യോഗം അംഗീകരിച്ചു. ഡാറ്റാസെന്ററിന്റെ ഭാഗമായുള്ള access control system വുമായി ബന്ധപ്പെട്ട് ഭേദഗതികൾ നിർദ്ദേശിക്കുകയും HVAC പ്രവൃത്തികൾ സംബന്ധിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് അടിയന്തരമായി വിവരം ലഭ്യമാക്കണമെന്ന് പൊതുമരാമത്ത് വിഭാഗത്തോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. ഡാറ്റാ സെന്ററിൽ ഫയർ സപ്രഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനായി ചേർന്ന യോഗത്തിൽ ULCCS സമർപ്പിച്ച എസ്ററിമേറ്റ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുമെന്ന് ഫയർ ആൻഡ് റസ്ക്യൂ സർവീസസ് വിഭാഗം അസിസ്റ്റന്റ് കമാൻഡന്റ് അറിയിച്ചു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിൽ ഇ-നിയമസഭാ പദ്ധതിയുടെ ഭാഗമായുള്ള ആപ്ലിക്കേഷൻ മുഖേന ചോദ്യ നോട്ടീസുകൾ സ്വീകരിക്കുന്നതിനും ഉത്തരങ്ങൾ ലഭ്യമാക്കുന്നതിനും മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ, ശ്രദ്ധക്ഷണിക്കൽ, അടിയന്തര പ്രമേയം, സബ്മിഷൻ എന്നീ സഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട നോട്ടീസുകളും മറുപടികളും സോഫ്റ്റ് കോപ്പിയായി ലഭ്യമാക്കുന്നതിനും തീരുമാനിച്ചു. ഗവർണ്ണറുടെ നയപ്രഖ്യാപനം, ധനകാര്യ വകുപ്പ് മന്ത്രിയുടെ



ബജറ്റ് പ്രസംഗം, നിയമസഭാ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്നിവ ആപ്ലിക്കേഷൻ മുഖേന കൈകാര്യം ചെയ്യുന്നതിന് പൊതുഭരണം, പാർലമെന്ററികാര്യം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നതിനായി നിയമസഭാ സാമാജികർക്ക് Login details ലഭ്യമാക്കി.

പദ്ധതി ആപ്ലിക്കേഷൻ പരിചയപ്പെടുത്തുന്നതിനും ചോദ്യനോട്ടീസുകൾ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കുന്നത് സംബന്ധിച്ചും സാമാജികരുടെ പി.എ മാർക്കും പാർലമെന്ററി പാർട്ടി പ്രതിനിധികൾക്കും, ചോദ്യത്തിന്റെ മറുപടി വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർക്കുമായി ഐ.ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു.

നിയമസഭാ ഹാളിനുള്ളിലെ നിലവിലുള്ള ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുകയും ഓൺലൈൻ മീറ്റിംഗ് സാധ്യമാക്കുന്നതിനായി വിവിധ കോൺഫറൻസ് ഹാളുകളിൽ ഡിസ്പ്ലേ ഡിവൈസുകൾ സ്ഥാപിക്കുകയും ചെയ്തു. അസംബ്ലി ബ്ലോക്കിലെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങളിൽ ഫർണ്ണിച്ചറുകൾ പുനഃക്രമീകരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

ERP മൊഡ്യൂളുകളുമായി ബന്ധപ്പെട്ട ഡെമോൺസ്ട്രേഷനും UAT (User Acceptance Testing) യും ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ആദ്യ റിലീസുമായി ബന്ധപ്പെട്ട് UAT പുരോഗമിക്കുന്നു. കേരള സർക്കാർ സംസ്ഥാന ഐ.റ്റി. മിഷന്റെ സഹകരണത്തോടെ കെ-ഫൈ പദ്ധതി നിയമസഭാ സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയതിനെത്തുടർന്ന് നിയമസഭാ സമുച്ചയത്തിലും എം.എൽ.എ ഹോസ്റ്റലിലും ഓപ്പൺ വൈ-ഫൈ സൗകര്യം ലഭ്യമാക്കുകയുണ്ടായി.

## വലയിൽ നിന്ന്..




**ഈ ഫോട്ടോയെടുക്കാൻ സായിപ്പ് കൈപ്പറ്റിയത് 2001 പൊൻപണവും 400 ക്വിന്റൽ കുരുമുളകും**

# കേരള നിയമസഭയുടെ ഇരുപത്തിയൊന്നാം സമ്മേളനം

കാർഷിക പ്രക്ഷോഭം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ ഇടപെടണമെന്നും വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുള്ള പ്രമേയാവതരണത്തിനായി പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിയൊന്നാം സമ്മേളനം 2020 ഡിസംബർ 31 ന് രാവിലെ 9 മണിക്ക് ചേർന്നു. കേന്ദ്ര സർക്കാർ പാസാക്കിയ കാർഷിക നിയമങ്ങൾക്കെതിരെ ചട്ടം 118 അനുസരിച്ച് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി. കാർഷിക നിയമങ്ങൾ നടപ്പാക്കുമ്പോൾ കേരളം നേരിടേണ്ടി വരുന്ന വെല്ലുവിളികൾ പ്രമേയം ചൂണ്ടിക്കാട്ടി. നിയമത്തിന്റെ ന്യൂനതകളും കർഷകരെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ട്, നിയമങ്ങൾ പിൻവലിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് പ്രമേയം ആവശ്യപ്പെട്ടു. കർഷകരുടെ സമരം തുടരുന്നത് കേരളത്തെ പ്രതികൂലമായി ബാധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തുടർന്ന് വിവിധ കക്ഷികളെ പ്രതിനിധീകരിച്ചുകൊണ്ട് മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും എം.എൽ.എ.മാരായ കെ.സിജോസഫ്, ടി.എ.അഹമ്മദ് കബീർ, മാത്യു ടി.തോമസ്, പി.ജെ.ജോസഫ്, ഒ.രാജഗോപാൽ, മാണി സി.കാപ്പൻ, അനൂപ് ജേക്കബ്, കെ.ബി.ഗണേഷ് കുമാർ, കോവൂർ കുഞ്ഞുമോൻ, പി.സി.ജോർജ് എന്നിവരും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. കോവിഡ് നിരീക്ഷണത്തിലായിരുന്നതിനാൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സഭയിലെത്തിയിരുന്നില്ല. സഭയിലെ ഏക ബി.ജെ.പി. അംഗം ഒ.രാജഗോപാൽ പ്രമേയത്തിനെതിരെ ചർച്ചയിൽ സംസാരിച്ചെങ്കിലും വോട്ടിംഗിൽ എതിർപ്പ് പ്രകടിപ്പിച്ചില്ല. കെ.സി.ജോസഫ് എം.എൽ.എ. അവതരിപ്പിച്ച ഭേദഗതികളിൽ ഒരെണ്ണം സഭ അംഗീകരിച്ചു. പ്രധാനമന്ത്രിയെ വിമർശിക്കണമെന്ന ഭേദഗതി ശബ്ദവോട്ടോടെ തള്ളി. മറ്റ് ഭേദഗതികൾ പ്രസ് ചെയ്യപ്പെട്ടില്ല. സഭാ സമ്മേളനം നടപടിക്രമങ്ങൾ പൂർത്തിയാക്കി 11.01 ന് അവസാനിച്ചു.



# വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കണം

## നിയമസഭാ പ്രമേയം

വിശദമായ ഒരു കൂടിയാലോചന കൂടാതെ കേന്ദ്രസർക്കാർ പാസാക്കിയ കാർഷിക നിയമങ്ങൾ റദ്ദാക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും കർഷകരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുകയും ചെയ്യണമെന്നുമാവശ്യപ്പെട്ടു കൊണ്ടുള്ള പ്രമേയം 2020 ഡിസംബർ 31 ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസാക്കി. കേന്ദ്ര സർക്കാർ പാസാക്കിയ കാർഷിക നിയമങ്ങൾ കർഷകരുടെ നട്ടെല്ലൊടിക്കുന്നതാണെന്നും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്ക് കാർഷിക ഉൽപ്പന്നങ്ങളുടെ വരവ് നിലച്ചാൽ സംസ്ഥാനം പട്ടിണിയിലാകുമെന്നും പ്രമേയം ചൂണ്ടിക്കാട്ടി.

കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത, കോർപ്പറേറ്റ് അനുകൂല, കർഷക വിരുദ്ധ നിയമങ്ങളായ The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Act 2020, The Farmers Produce Trade and Commerce (Promotion and Facilitation) Act 2020, The Essential Commodities (Amendment) Act, 2020 എന്നിവക്കെതിരെ വലിയ ഇച്ഛാശക്തിയോടെ പ്രതികൂല കാലാവസ്ഥയെ അതിജീവിച്ച് ഐതിഹാസികമായ പോരാട്ടമാണ് കർഷകർ നടത്തുന്നത്. നിയമനിർമ്മാണങ്ങൾ അത് ബാധിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽ ആശങ്കയും സംശയവും ജനിപ്പിക്കുമ്പോൾ നിയമനിർമ്മാണ സഭകൾക്ക് അത് ഗൗരവമായി പരിഗണിക്കാൻ ബാധ്യതയുണ്ടെന്ന് പ്രമേയം ചൂണ്ടിക്കാട്ടി.

രാജ്യത്തെ തൊഴിൽശക്തിയുടെ 43.3 ശതമാനം കാർഷിക മേഖലയിലാണ്. കൃഷി, സംസ്കാരത്തിന്റെ ഭാഗം കൂടിയായ നമ്മുടെ രാജ്യത്ത് കാർഷിക രംഗത്തെ പരിഷ്കരണങ്ങൾ വളരെ ശ്രദ്ധാപൂർവ്വം വിഭാവനം ചെയ്ത് നടപ്പാക്കേണ്ടവയാണ്. ഇക്കാര്യത്തിൽ വിപുലമായ അനുഭവസമ്പത്തുള്ള കേരളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ കാർഷികരംഗത്തെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള മികച്ച ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച കാരണം, കർഷക ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ കൂടുതൽ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച് കാർഷികവൃത്തി ലാഭകരമായി നടത്താൻ സഹായകമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. പുതിയ നിയമങ്ങൾ വഴി കർഷകരുടെ വിലപേശൽ ശേഷി കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ വളരെ ദുർബലമാകും. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലില്ല. കാർഷിക ഉൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ തന്നെ മുൻകയ്യെടുത്ത് സംഭരിച്ച് ന്യായവിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന സംവിധാനത്തിനു പകരം കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരമാകെ കോർപ്പറേറ്റുകൾക്ക് കൈവശപ്പെടുത്താൻ അവസരം നൽകുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളതെന്ന് പ്രമേയം കുറ്റപ്പെടുത്തി.

2020-21 സാമ്പത്തിക വർഷത്തിലെ നെല്ലിന്റേയും ഗോതമ്പിന്റേയും താങ്ങുവില കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പണപ്പെരുപ്പ നിരക്കിനെക്കാൾ കുറഞ്ഞ തോതിൽ മാത്രം വർദ്ധിപ്പിച്ചത് കാർഷിക ഉൽപ്പന്നങ്ങളുടെ ന്യായവിലയെപ്പറ്റി കർഷകർക്കിടയിൽ വിശ്വാസത്തകർച്ച ഉണ്ടാക്കും. സംഭരണത്തിൽ നിന്നും വിതരണത്തിൽ നിന്നും സർക്കാർ പിൻമാറുന്ന അവസ്ഥയുണ്ടാകുമ്പോൾ പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും വർദ്ധിക്കുകയും ഭക്ഷ്യവിതരണവും അതുവഴി ഭക്ഷ്യസുരക്ഷയും അപകടത്തിലാകുകയും ചെയ്യും. അവശ്യസാധന നിയമത്തിലെ വ്യവസ്ഥയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ, പയറുവർഗങ്ങൾ എന്നിവയടക്കമുള്ള അവശ്യസാധനങ്ങൾ ഒഴിവാക്കിയത് സ്ഥിതി കൂടുതൽ വഷളാക്കും.

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യ വസ്തുക്കളുടെ വരവ് നിലച്ചാൽ കേരളം പട്ടിണിയിലേക്ക് വഴുതി വീഴുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് ഈ കോവിഡ് വ്യാപന ഘട്ടത്തിൽ അത്തരം ഒരു സ്ഥിതി സൃഷ്ടിക്കാവുന്ന പ്രത്യാഘാതം കേരളത്തിന് താങ്ങാനാവില്ല. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയമാണ് കൃഷി; അന്തർ സംസ്ഥാന കൗൺസിൽ യോഗം വിളിച്ചുകൂട്ടി വിശദമായ കൂടിയാലോചനകൾക്ക് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോലും അയയ്ക്കാതെ തിരക്കിട്ടാണ് ഈ സുപ്രധാന നിയമങ്ങൾ പാസാക്കിയത് എന്നത് ഗൗരവമായ പ്രശ്നമാണ് എന്നും പ്രമേയം ചൂണ്ടിക്കാട്ടി.

ഏകദിന പ്രത്യേക സമ്മേളനം ചേർന്നാണ് സഭ പ്രമേയം പാസാക്കിയത്. പ്രമേയം പാസാക്കുന്നതിനായി 2020 ഡിസംബർ 31 ന് സഭ ചേരാൻ മന്ത്രിസഭ ഗവർണറോട് ശിപാർശ ചെയ്തിരുന്നു. ഗവർണർ അനുമതി നൽകാത്തതിനെത്തുടർന്ന് ഇക്കാര്യം വീണ്ടും ഗവർണറുടെ ശ്രദ്ധയിൽപ്പെടുത്തിയാണ് സഭ ചേർന്ന് പ്രമേയം പാസാക്കിയത്.

അനുസ്മരണം

# സുഗതകുമാരി ടീച്ചർക്ക് ആദരാഞ്ജലികൾ



രാത്രിമഴ പോലെ, ഗോപികയെ പോലെ, വിഷാദം പോലെ, ഊർമ്മിളയെ പോലെ വിഷാദാത്മകമായ എഴുത്തുകൊണ്ട് മനസ്സ് തൊട്ടുണർത്തുമ്പോൾത്തന്നെ കർമ്മവീര്യം പകർന്ന് സമരമുഖങ്ങളിൽ മുന്നിൽ നിന്ന ശക്തിദായിനിയും അഭയയുമായ അമ്മ... അങ്ങനെ ഒരാൾ സുഗതകുമാരി ടീച്ചർ മാത്രമായിരുന്നു.

'ഒപ്പം നടന്ന സുഹൃത്തേ, നമുക്കൊന്നു
നിൽക്കുക, ധന്യമുഹൂർത്തമിതോർക്കുക
നാം മറക്കാതെയിരിക്കുക, തപ്തമാ
യാമങ്ങൾ, തീവ്രയത്നത്തിന്റെ ധന്യത
അശ്രുവിൽ മുക്കിനാം കാക്കുക, ദീർഘമാ
വർഷങ്ങൾ, കാടിനു കാവലായ് നിന്നവ
കാട്ടിനു നാവു കൊടുത്തവർ നാം ഒത്തു
പാടുക! നാടിൻ തുയിലുണർത്താൻ'

അതെ, ആ ദീർഘകാല യത്നങ്ങളെ അനുസ്മരിച്ച്, ആ വാക്കുകളിലെയും പ്രവൃത്തികളിലെയും വെളിച്ചം പുതിയ കാലത്തിന്റെ തെളിച്ചമാക്കിക്കൊണ്ടാകാം ടീച്ചർക്കുള്ള ആദരം.

മൃതിയെ വിസ്മൃതിയിലാക്കുന്ന താരകമായി പാവം മാനവ ഹൃദയങ്ങളിൽ ടീച്ചർ എന്നും പ്രകാശിച്ചു കൊണ്ടിരിക്കുമെന്ന് തീർച്ച. ബാഷ്പാഞ്ജലികളോടെ വിട...

**പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ

പ്രകൃതിയുടെയും സ്ത്രീയുടെയും കണ്ണീരിനൊപ്പം എന്നും നിന്നിട്ടുള്ള കവയിത്രിയാണ് സുഗതകുമാരി.

സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നതു കൊണ്ട് കവിത്വത്തിന് ദോഷമേതും വരില്ല എന്ന്, കാവ്യരചനയും സമൂഹത്തിലെ ഇടപെടലുകളും സമന്വയിപ്പിച്ചുകൊണ്ട് അവർ തെളിയിച്ചു.

സ്ത്രീയുടെ ദാരുണമായ അവസ്ഥയിലുള്ള സങ്കടവും അമർഷവും 'പെൺകുഞ്ഞ് 90' പോലെയുള്ള കവിതകളിൽ നീറിനിന്നു. 'സാരേ ജഹാം സെ അച്ഛാ' എന്ന കവിത, സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നവും ഇന്നത്തെ ഇന്ത്യൻ യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം അടയാളപ്പെടുത്തുന്നു.

പിതാവ് ബോധേശ്വരന്റെ ദേശീയ രാഷ്ട്രീയ പൈതൃകം ഉൾക്കൊണ്ട് കാവ്യരംഗത്തും സാമൂഹ്യ രംഗത്തും വ്യാപരിച്ച സുഗതകുമാരി, ശ്രദ്ധേയമായ കവിതകളിലൂടെ മലയാളത്തിന്റെ യശസ്സുയർത്തി. പ്രകൃതിയെക്കുറിച്ചും അതിലെ സമസ്ത ജീവജാലങ്ങളെക്കുറിച്ചുമുള്ള കരുതൽ അവരുടെ വാക്കിലും പ്രവൃത്തിയിലും പ്രതിഫലിച്ചുനിന്നു. മലയാളഭാഷ മുതൽ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി വരെയുള്ള സമരമുഖങ്ങളിൽ അവരുണ്ടായിരുന്നു. നിരാലംബരായ പെൺകുട്ടികളുടെയും മിണ്ടാപ്രാണികളുടെയും ആദിവാസികളുടെയുമൊക്കെ നാവായി അവർ നിലകൊണ്ടു.

വനിതാ കമ്മീഷൻ അധ്യക്ഷയായിരിക്കെ, സ്ത്രീകളുടെ പ്രശ്നങ്ങളിൽ മാതൃകാപരമായി ഇടപെട്ടു. അഭയ പോലൊരു സ്ഥാപനമുണ്ടാക്കി നിരാധരരായ സ്ത്രീകൾക്ക് ആശ്വാസമേകി.

'മണലെഴുത്ത്' എന്ന കാവ്യകൃതിയിലൂടെ സരസ്വതി സമ്മാനം മലയാളത്തിനു നേടിത്തന്ന സുഗതകുമാരി, മലയാളക്കരയുടെ അമ്മമനസ്സ് കവിതയിലും കർമ്മത്തിലും പ്രതിഫലിപ്പിച്ചു. മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കാനും എല്ലാ രംഗത്തും അർഹമായ സ്ഥാനമുറപ്പിച്ചെടുക്കാനും വിശ്രമരഹിതമായി അവർ ഇടപെട്ടുകൊണ്ടിരുന്നു.

മുത്തുച്ചിപ്പി, അമ്പലമണി, തുലാവർഷപ്പച്ച, രാധയെത്തേടി തുടങ്ങിയ കാവ്യകൃതികളിലൂടെ മലയാള കാവ്യാസ്വാദകരുടെ മനസ്സിൽ മായ്ക്കാനാവാത്ത ഇടം സമ്പാദിച്ച കവയിത്രിയാണ് സുഗതകുമാരി.

ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ഭാഷാ സംരക്ഷണ പ്രവർത്തനങ്ങൾ, ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയുടെയൊക്കെ പശ്ചാത്തലത്തിൽ വേണം സുഗതകുമാരിയുടെ വ്യക്തിത്വത്തെ മനസ്സിലാക്കേണ്ടത്.

കവിതയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതമായിരുന്നു അവരുടേത്. മലയാള ഭാഷയ്ക്കും കവിതയ്ക്കും സാംസ്കാരിക രംഗത്തിനും പൊതു സാമൂഹ്യരംഗത്തിനാകെയും പരിഹരിക്കാനാവാത്ത നഷ്ടമാണ് സുഗതകുമാരിയുടെ വിയോഗംമൂലമുണ്ടായിട്ടുള്ളത്. ഈ ദുഃഖത്തിൽ പങ്കുചേരുന്നു. അനുശോചനം രേഖപ്പെടുത്തുന്നു.

**പിണറായി വിജയൻ**
മുഖ്യമന്ത്രി

## സെൻട്രൽ ഹാളിൽ അതിഥിയായി
# സുഗതകുമാരി

**കേരളത്തിന്റെ പരിസ്ഥിതി സൗഹൃദ വികസന സങ്കൽപങ്ങൾക്ക് പുതിയ ദിശാബോധം നൽകിയ പ്രശസ്ത കവയിത്രിയും, സാമൂഹിക–പരിസ്ഥിതി പ്രവർത്തകയും, കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രഥമ അദ്ധ്യക്ഷയുമായ സുഗതകുമാരി ടീച്ചറുമായി മുല്ലക്കര രത്നാകരൻ എം.എൽ.എ.യും മുതിർന്ന മാധ്യമ പ്രവർത്തക കെ.എ. ബീനയും സഭാ ടിവിയുടെ 'സെൻട്രൽ ഹാൾ' എന്ന പരിപാടിക്കു വേണ്ടി നടത്തിയ കൂടിക്കാഴ്ചയുടെ പ്രസക്ത ഭാഗങ്ങൾ. സുഗതകുമാരി ടീച്ചർ അവസാനമായി നൽകിയ അഭിമുഖമായിരുന്നു ഇത്.**

**വ്യത്യസ്തമായ ഒരുപാട് സമരാനുഭവങ്ങൾ ഉള്ള ആളാണ് ടീച്ചർ. ആ സമരങ്ങൾ മിക്കവാറും ഭാവി കേരളത്തിന്റെ കാവലാകുന്ന പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്. ടീച്ചറുടെ ജീവിതത്തെക്കുറിച്ച് ടീച്ചറുടെ അഭിപ്രായം എന്താണ്?**

എന്റെ ജീവിതത്തിൽ വിജയങ്ങളാണെന്നു പറയുന്നതിലധികം പരാജയങ്ങളാണ്. ഉദാഹരണത്തിന്, കേരളത്തിലെ മദ്യത്തിന്റെ അമിത ഉപഭോഗം കുറയ്ക്കുക എന്നത് എന്റെ ജീവിതത്തിലെ വലിയ ഒരു ആഗ്രഹം ആയിരുന്നു. എന്നാൽ, ദേവീഭാഗവതത്തിലെ രക്തബീജൻ എന്ന രാക്ഷസനെപ്പോലെ മദ്യശാലകൾ പെരുകുകയും അങ്ങനെ കേരളം മദ്യത്തിൽ മുങ്ങിക്കിടക്കുന്ന ഒരു സംസ്ഥാനമായി മാറുകയും ചെയ്തിരിക്കുന്നു. എന്റെ വ്യക്തി ജീവിതത്തിൽപ്പോലും മദ്യ ഉപഭോഗത്തിന്റെ ദുരനുഭവങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്.

**മലയാള ഭാഷയെ പരിപോഷിപ്പിക്കാൻ സാംസ്കാരികവും ഭരണപ്രവർത്തന മേഖലയും ഒന്നിച്ചു ചേർന്ന് ഒരു ശ്രമം നടത്തേണ്ടതല്ലേ?**

ആദ്യം സർക്കാരിന് അതിൽ താല്പര്യം ഉണ്ടാക്കിയെടുക്കണം. കേരളത്തിലെ എഴുത്തുകാരുടെ കൂട്ടായ്മ സമ്മർദ്ദം ചെലുത്തിവേണം സർക്കാരിനെക്കൊണ്ട് അത് ചെയ്യിപ്പിക്കുവാൻ. കേരളീയർക്ക് മാനസികമായി ഇംഗ്ലീഷിനോട് ഒരു അടിമത്തം ഉണ്ട്. വിശ്വഭാഷയായ ഇംഗ്ലീഷ് പഠിക്കുമ്പോൾ പെറ്റമ്മയായ മലയാളത്തെ മറക്കുന്ന ഒരു ധിക്കാരം മലയാളി സ്വായത്തമാക്കിയിട്ടുണ്ട്. അത് മാറ്റിയെടുക്കണം. അതിന് കേരളത്തിലെ എഴുത്തുകാർ അവനവന്റെ എഴുത്തിന്റെ ലോകത്ത് മാത്രം ഒതുങ്ങിനിൽക്കാതെ ഇങ്ങനെയുള്ള പൊതുകാര്യങ്ങൾക്ക് സർക്കാരിൽ സമ്മർദ്ദം ചെലുത്തി, സർക്കാരിനെക്കൊണ്ട് അതിനുവേണ്ട നടപടികൾ എടുപ്പിക്കണം.

**ടീച്ചറിന്റെ ജീവിതത്തിൽ ഏറ്റവും ധന്യമായ അല്ലെങ്കിൽ ഏറ്റവും സന്തോഷമുള്ള അനുഭവം ഏതാണ്?**

സൈലന്റ് വാലിയെ സംരക്ഷിക്കാൻ സാധിച്ചതാണ് എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷമുള്ള കാര്യം. അതുപോലെ അട്ടപ്പാടിയിലെ 100 ഹെക്ടർ മൊട്ടക്കുന്നിനെ കൃഷ്ണവനം ആക്കി മാറ്റാൻ സാധിച്ചതും എന്റെ ജീവിതത്തിലെ ഒരു ധന്യാനുഭവം ആണ്.

**ആറന്മുള സമരം രൂപപ്പെട്ടതും അതിന് നേതൃത്വം നൽകാൻ കഴിഞ്ഞതും ആ സമരത്തിന്റെ ഫലമായി ആറന്മുളയിലെ കൃഷിഭൂമി സംരക്ഷിക്കാൻ സാധിച്ചതും ടീച്ചറിന്റെ മനസ്സിൽ എത്രത്തോളം ആഹ്ളാദം സൃഷ്ടിച്ചിട്ടുണ്ട്?**

എന്റെ മനസ്സിലെ നല്ല ഓർമ്മകളിൽ ഒന്നാണ് ആറന്മുള സമരം. എന്റെ നാട് എന്നതിനപ്പുറം മാനസികമായ ബന്ധം എനിക്ക് ആ നാടിനോടുണ്ട്. യാദൃച്ഛികമായി ഒരിക്കൽ ആറന്മുള ക്ഷേത്ര ദർശനത്തിനു പോയപ്പോഴാണ് അവിടെ വിമാനത്താവളം വരുന്നു എന്നും അതിന്റെ ഭാഗമായി വയലുകൾ നശിക്കാൻ പോകുകയാണെന്നും അറിയുന്നത്. അങ്ങനെയാണ് കൃഷിക്കാരെയും വിവിധ രാഷ്ട്രീയ പാർട്ടിക്കാരെയും നാനാജാതിമതസ്ഥരെയും നാട്ടുകാരെയും എല്ലാം ഒന്നിപ്പിച്ചുകൊണ്ട് ആറന്മുള വിമാനത്താവള വിരുദ്ധ സമരം ആരംഭിക്കുന്നത്. കേരളത്തിന്റെ സമര ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു നാടിനുവേണ്ടി, അവിടുത്തെ കൃഷിഭൂമി സംരക്ഷിക്കുന്നതിനായി എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും ഒന്നിച്ചു നിന്ന് സമരം ചെയ്തത്. അതുതന്നെയാണ് ആറന്മുള സമരത്തിന്റെ വിജയവും. അതിൽ ഭാഗഭാക്കാകുവാൻ സാധിച്ചതിൽ എനിക്ക് ഒരുപാട് ധന്യത ഉണ്ട്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

**ടീച്ചർ കാണുന്ന കേരളത്തിന്റെ വികസന സങ്കല്പം എന്താണ്?**

ഞാൻ കാണുന്ന വികസന സങ്കല്പം വളരെ എളിയതും വളരെ ബൃഹത്തുമാണ്. അന്നം, വെള്ളം, പ്രാണവായു ഇവ കഴിഞ്ഞേ ഉള്ളൂ മറ്റെന്തു വികസനവും. ഇവ മൂന്നും പാവപ്പെട്ടവനും പണക്കാരനും ഒരു പോലെ ആവശ്യമാണ്. എന്നാൽ, നമ്മുടെ യുവതലമുറ കൃഷിക്ക് പ്രാധാന്യം നൽകുന്നില്ല. കൃഷിക്ക് ഒരുപാട് പ്രാധാന്യവും പ്രോത്സാഹനവും നൽകി, കൃഷിയെ വേണ്ട രീതിയിൽ പരിപോഷിപ്പിക്കുന്നതാവണം വികസനം. കോൺട്രാക്ടറുടെയും എഞ്ചിനീയറുടെയും ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടെയും മാത്രം ആവശ്യം ആകരുത് വികസനം. മറിച്ച്, ജനങ്ങൾക്ക് ആവശ്യമുള്ളതായിരിക്കണം വികസനം. അത് പരിസ്ഥിതിക്ക് ആഘാതം വരാത്തവിധത്തിൽ നിർവ്വഹിക്കണം.



**ടീച്ചറെ നയിക്കുന്ന മഹത്തായ വിളക്കായി മഹാത്മാ ഗാന്ധിയുടെ ജീവിതത്തെ ടീച്ചർ പരാമർശിക്കുന്നുണ്ട്. എന്നാൽ, ലോകം മഹാത്മാഗാന്ധിയുടെ വഴി സ്വീകരിക്കുമ്പോൾ ഇന്ത്യ സ്വീകരിക്കാത്തതിനെക്കുറിച്ച് ടീച്ചർക്ക് എന്തെങ്കിലും അഭിപ്രായം ഉണ്ടോ?**


എളിമയോടെ ജീവിക്കുക എന്ന മഹത്തായ സന്ദേശം ലോകത്തിനു നൽകിയ ഗാന്ധിജിയെപ്പോലെ ഒരാളെ ഹൃദയത്തിന്റെ നടുക്ക് പ്രതിഷ്ഠിക്കാൻ സാധിക്കാത്തതാണ് ഇന്ത്യയുടെ ഏറ്റവും വലിയ ഭാഗ്യക്കേട്.

## തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് 2020 – അവലോകനം

ലോകം സമാനതകളില്ലാത്ത ദുരിതവും വെല്ലുവിളിയും നേരിടുന്ന കാലഘട്ടത്തിലാണ് ജനാധിപത്യത്തിന്റെ അടിവേരുകളെന്ന് വിശേഷിപ്പിക്കാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. കഴിഞ്ഞ വർഷങ്ങളിൽ രണ്ട് ഘട്ടങ്ങളായി നടത്തിയ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഇത്തവണ മൂന്ന് ഘട്ടങ്ങളിലായാണ് നടത്തിയത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഡിസംബർ 8 ന് ഒന്നാംഘട്ടമായും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ ഡിസംബർ 10 ന് രണ്ടാംഘട്ടമായും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഡിസംബർ 14 ന് മൂന്നാംഘട്ടമായുമാണ് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ചത്. 74,899 സ്ഥാനാർത്ഥികളാണ് ഇത്തവണ ജനവിധി തേടിയത്.ഒട്ടേറെ പുതുമകളും പ്രത്യേകതകളും നിറഞ്ഞ തെരഞ്ഞെടുപ്പ് പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായിട്ടായിരുന്നു നടന്നത്. 2,76,56,579 വോട്ടർമാരാണ് ഇത്തവണ വോട്ടർ പട്ടികയിൽ ഇടം നേടിയത്. ഇതിൽ കൂടുതൽ വനിതകളായിരുന്നു. 1,72,331 പേർ കന്നി വോട്ടർമാർ. 1,31,72,629 പുരുഷ വോട്ടർമാരും 1,44,84,668 വനിതാ വോട്ടർമാരും 282 ട്രാൻസ്ജെൻഡർ വോട്ടർമാരും ഉൾപ്പെടുന്നു. ഏറ്റവും അധികം വോട്ടർമാർ മലപ്പുറം ജില്ലയിലും കുറവ് വയനാട് ജില്ലയിലുമായിരുന്നു.

ആകെ 1199 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 21,865 വാർഡുകളിലാണ് വോട്ടെടുപ്പ് നടന്നത്. ഇതിൽ 941 ഗ്രാമപഞ്ചായത്തുകളിലെ 15,962 വാർഡുകളും, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2080 വാർഡുകളും 14 ജില്ലാ പഞ്ചായത്തുകളിലെ 331 വാർഡുകളും, 86 നഗരസഭകളിലെ 3078 വാർഡുകളും (87 നഗരസഭകളാണുള്ളതെങ്കിലും കണ്ണൂരിലെ മട്ടന്നൂർ നഗരസഭാ ഭരണസമിതിക്ക് 2022 വരെ കാലാവധി ഉണ്ട്) 6 കോർപ്പറേഷനുകളിലെ 414 വാർഡുകളും ഉൾക്കൊള്ളുന്നു. 74,899 സ്ഥാനാർത്ഥികളിൽ 36,305 പേർ വനിതകളും ഒരാൾ ഭിന്നലിംഗത്തിൽനിന്നുള്ളയാളുമായിരുന്നു. 34,710 പോളിംഗ് സ്റ്റേഷനുകളിലായാണ് തെരഞ്ഞെടുപ്പ് നടന്നത്. ആദ്യ ഘട്ടത്തിൽ 72.67 ശതമാനവും രണ്ടാംഘട്ടത്തിൽ 76.28 ശതമാനവും മൂന്നാംഘട്ടത്തിൽ 78.62 ശതമാനവുമായിരുന്നു പോളിംഗ്. ഡിസംബർ 16 ന് 244 കേന്ദ്രങ്ങളിലായി വോട്ടെണ്ണൽ നടന്നു.

## കരുതലോടെ തെരഞ്ഞെടുപ്പ്



കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 ഡിസംബർ മാസം മൂന്ന് ഘട്ടങ്ങളിലായി നടന്ന തെരഞ്ഞെടുപ്പിനായി വിപുലമായ സജ്ജീകരണങ്ങളും മുന്നൊരുക്കങ്ങളുമാണ് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സ്വീകരിച്ചത്. കോവിഡ് വ്യാപനത്തിനിടയിൽ നടന്ന തെരഞ്ഞെടുപ്പായതിനാൽ തെരഞ്ഞെടുപ്പ് പ്രഖ്യാപനം മുതൽ വോട്ടിംഗ് യന്ത്രങ്ങളുടെ പരിശോധനയിൽ തുടങ്ങി കേരളം പോളിങ് ബൂത്തിൽ എത്തിയതുവരെ പഴുതടച്ച ക്രമീകരണങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചു.

തെരഞ്ഞെടുപ്പ് ജോലികൾക്കായി ഇത്തവണ ഏകദേശം 2 ലക്ഷം ജീവനക്കാരെയാണ് നിയമിച്ചത്. ഡ്യൂട്ടിയിലുണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും മാസ്ക്, സാനിറ്റൈസർ, ഗ്ലൗസ്, ഫെയ്സ് ഷീൽഡ് എന്നിവ തെരഞ്ഞെടുപ്പ് കമ്മീഷൻ തന്നെ നൽകി. പരമാവധി 40 പേരടങ്ങുന്ന വിവിധ ബാച്ചുകളാക്കിയായിരുന്നു ഉദ്യോഗസ്ഥരുടെ പരിശീലനം. ഇതിനായി ഫർണിച്ചറുകളും ഹാളുകളും മുൻകൂട്ടി അണുവിമുക്തമാക്കി. എ സി ഹാളുകൾ ഒഴിവാക്കി. ഇരിപ്പിടങ്ങൾ 2 മീറ്റർ അകലം പാലിച്ച് ക്രമീകരിച്ചു. കണ്ടെയിൻമെന്റ് സോണിലുള്ളവർ, ക്വാറന്റീനിലുള്ളവർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകി. കോവിഡ് മാനദണ്ഡം പാലിച്ച് വിവിധ പാർട്ടികളുടെ യോഗം ജില്ലകൾ തോറും കളക്ടർമാർ വിളിച്ചു ചേർത്തു. തെരഞ്ഞെടുപ്പിനായി എത്തിച്ച വോട്ടിങ്ങ് യന്ത്രങ്ങളുടെ പ്രവർത്തനം പരിശോധിക്കാനായി സംസ്ഥാനത്തിനു പുറത്തുനിന്ന് വന്ന ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ എൻജിനീയർമാർക്ക് ഒരാഴ്ചത്തെ ക്വാറന്റീൻ നിർബന്ധമാക്കിയിരുന്നു. തുടർന്ന് ആരോഗ്യവകുപ്പിന്റെ കോവിഡ് പരിശോധനകൾക്ക് വിധേയരായതിനു ശേഷമായിരുന്നു യന്ത്രങ്ങളുടെ പരിശോധന നടന്നത്.

കണ്ടെയിൻമെന്റ് സോണിലുള്ളവർക്കും ക്വാറന്റീനിലുള്ളവർക്കും നോമിനേഷൻ സമർപ്പിക്കുന്നതിന് മുൻകൂട്ടി അനുമതി ആവശ്യമായിരുന്നു. സ്ഥാനാർത്ഥി കോവിഡ് പോസിറ്റീവാണെങ്കിൽ നാമനിർദ്ദേശപത്രിക നിർദേശകൻ വഴി സമർപ്പിക്കാൻ അവസരം നൽകി. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളും, പെരുമാറ്റ ചട്ടവും വിശദീകരിക്കാൻ വരണാധികാരി വിളിച്ചുചേർത്ത സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയ കക്ഷികളുടെയും യോഗത്തിലേക്ക് 30 പേർക്ക് മാത്രമായിരുന്നു പ്രവേശനം.

കഴിഞ്ഞ കാലങ്ങളിൽ നാടെങ്ങും പൊടിപൊടിക്കുന്ന തെരഞ്ഞെടുപ്പ് കൊട്ടിക്കലാശം കോവിഡ് 19 അടിമുടി മാറ്റിമറിച്ചു. റോഡ് ഷോയ്ക്കും വാഹനറാലിക്കും പരമാവധി 3 വാഹനങ്ങൾക്ക് മാത്രമായിരുന്നു അനുമതി. പൊതുയോഗങ്ങൾക്ക് പോലീസിന്റെ മുൻകൂർ അനുമതി നിർബന്ധമായിരുന്നു. നോട്ടീസ്, ലഘുലേഖ എന്നിവ പരമാവധി കുറച്ച് സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള തെരഞ്ഞെടുപ്പ് പ്രചരണത്തിനും സാക്ഷിയായി 2020 ലെ തെരഞ്ഞെടുപ്പ്. സ്ഥാനാർത്ഥി കോവിഡ് പോസിറ്റീവ് ആകുകയോ ക്വാറന്റീനിൽ പ്രവേശിക്കുകയോ ചെയ്താൽ തെരഞ്ഞെടുപ്പുരംഗത്ത് നിന്ന് ഉടൻ തന്നെ മാറി നിൽക്കണമെന്ന കർശന നിർദ്ദേശം നൽകിയിരുന്നു. ഫലം നെഗറ്റീവ് ആയി കഴിഞ്ഞാലും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം മാത്രമേ തുടർപ്രവർത്തനം അനുവദിച്ചിരുന്നുള്ളൂ.

പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ വിതരണത്തിന് തലേ ദിവസവും പോളിംഗ് ദിവസവും അണുവിമുക്തമാക്കി. പോളിംഗ് ഉദ്യോഗസ്ഥർ സാമഗ്രികൾ ശേഖരിക്കാൻ എത്തുന്നതിന് നിശ്ചിത സമയം അനുവദിച്ചു. പോളിംഗ് സാമഗ്രികളടങ്ങിയ കിറ്റ് പ്രത്യേക വാഹനങ്ങളിൽ സജ്ജമാക്കി നൽകി. വോട്ടെടുപ്പിനുശേഷം നിശ്ചിത വാഹനത്തിൽ സാമഗ്രികൾ തിരികെ എത്തിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

വോട്ടെടുപ്പിന്റെ തലേന്ന് വൈകിട്ട് 3 മണിവരെ കോവിഡ് ബാധിതരാവുകയോ ആരോഗ്യവകുപ്പ് ക്വാറന്റീൻ നിർദ്ദേശിക്കുകയോ ചെയ്യുന്നവർ ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ 'പ്രത്യേക വോട്ടർ' മാരായിരുന്നു. ഇവർക്കായി താമസസ്ഥലത്തും ആശുപത്രിയിലും പോലീസ് അകമ്പടിയോടെ ഉദ്യോഗസ്ഥർ പി.പി.ഇ.കിറ്റ് ധരിച്ചെത്തി ബാലറ്റ് കൈമാറുകയായിരുന്നു. ഇവർ എത്തുന്ന സമയം എസ്.എം.എസിലൂടെയോ ഫോൺ മുഖേനയോ സമ്മതിദായകനെ അറിയിച്ചു. ബാലറ്റ് ലഭിക്കുമ്പോൾ തന്നെ വോട്ടു രേഖപ്പെടുത്തി സംഘത്തിലെ പോളിംഗ് ഓഫീസർക്ക് കൈമാറുകയോ അല്ലെങ്കിൽ തപാലിലോ ആൾവശമോ വരണാധികാരിക്ക് എത്തിക്കുകയോ ചെയ്യുന്നതിനായുള്ള സംവിധാനമാണ് തയ്യാറാക്കിയത്. കോവിഡ് ബാധിച്ച് മറ്റ് ജില്ലകളിൽ കുടുങ്ങി പോയവർക്ക് തപാൽ ബാലറ്റ് ലഭ്യമാക്കി. ജില്ലാ മെഡിക്കൽ ഓഫീസർമാർ സാക്ഷ്യപ്പെടുത്തി നൽകിയ പട്ടിക അനുസരിച്ചാണ് പ്രത്യേക വോട്ടർമാരെ തെരഞ്ഞെടുത്തത്. ഈ പട്ടികയിൽ ഉൾപ്പെട്ടുകഴിഞ്ഞാൽ കോവിഡ് ഭേദമായാലും ക്വാറന്റീൻ കഴിഞ്ഞാലും പോളിംഗ് ദിവസം ബൂത്തിലെത്തി വോട്ട് ചെയ്യാൻ അനുമതി ഉണ്ടായിരുന്നില്ല.

പോളിംഗ് സമയം ഒരു മണിക്കൂർ ദീർഘിപ്പിച്ച് രാവിലെ 7 മുതൽ വൈകുന്നേരം 6 മണി വരെയാക്കിയിരുന്നു. വോട്ടർമാർ വോട്ട് ചെയ്യാൻ പോകുമ്പോഴും തിരിച്ചിറങ്ങുമ്പോഴും കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കണം, ബൂത്തുകളിൽ സാമൂഹിക അകലം പാലിക്കണം തുടങ്ങിയ കർശന നിർദ്ദേശങ്ങളും നൽകി. വോട്ടർമാർക്ക് മാസ്ക് നിർബന്ധമാക്കിയിരുന്നു. തിരിച്ചറിയൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ മാത്രം മാസ്ക് മാറ്റാം. പോളിംഗ് ഉദ്യോഗസ്ഥർക്ക് ഫെയ്സ് ഷീൽഡ്, മാസ്ക്, സാനിറ്റൈസർ, കയ്യുറ എന്നിവ നിർബന്ധമാക്കിയിരുന്നു. ബൂത്തിനകത്ത് ഒരേ സമയം 3 വോട്ടർമാർക്ക് മാത്രം സാമൂഹിക അകലം പാലിച്ചായിരുന്നു പ്രവേശനം. തപാൽ ബാലറ്റ് ലഭിക്കാത്ത കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും അവസാന മണിക്കൂർ ബൂത്തിലെത്തി വോട്ട് ചെയ്യുന്നതിനും അവസരമൊരുക്കി. പോളിംഗ് സ്റ്റേഷനുകളിൽ അവശേഷിക്കുന്ന മാസ്ക്, കയ്യുറ, കോവിഡ് രോഗികൾ ഉപയോഗിച്ച പേന തുടങ്ങിയ മെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് പി.എച്ച്.സി., സി.എച്ച്.സി., സി.എഫ്.എൽ.ടി.സി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സംസ്കരിക്കണമെന്നും നിർദ്ദേശം നൽകിയിരുന്നു.

കോവിഡ് കാലത്ത് ആര് ജയിച്ചാലും കൊറോണ വൈറസ് ജയിക്കാതെ നോക്കണമെന്നതായിരുന്നു ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശം. അതിനാൽത്തന്നെ വിജയാഹ്ലാദ പ്രകടനങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്നും കർശന നിർദ്ദേശം നൽകി. അങ്ങനെ സംസ്ഥാന ചരിത്രത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത മുന്നൊരുക്കങ്ങളും മുൻ കരുതലുകളുമാണ് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ 2020 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി സ്വീകരിച്ചത്.

# എൺപതാമത് പ്രിസൈഡിങ് ഓഫീസേഴ്സ് കോൺഫറൻസ് – ഒരു അവലോകനം




ഇന്ത്യയിലെ പാർലമെന്റിലെ ഇരുസഭകളിലെയും സംസ്ഥാന നിയമസഭകളിലെയും സംസ്ഥാന നിയമസഭാ കൗൺസിലുകളിലെയും സഭാദ്ധ്യക്ഷന്മാരുടെ എൺപതാമത് കോൺഫറൻസ് 2020 നവംബർ മാസം 25, 26 എന്നീ തീയതികളിൽ ഗുജറാത്തിലെ കെവാഡിയയിൽ നടന്നു. കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ കോൺഫറൻസിൽ പങ്കെടുത്തു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി.മനോഹരൻനായർ, നിയമസഭാ സെക്രട്ടറിയേറ്റിൽ നിന്ന് സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർകുമാർ, ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറി ഡി. കൃഷ്ണൻ കുട്ടി, സെക്ഷനാഫീസർ സജു എസ്. എന്നിവരും അനുഗമിച്ചു. നർമ്മദാസരോവർ അണക്കെട്ടും സ്റ്റാച്യൂ ഓഫ് യൂണിറ്റിയെന്ന് നാമകരണം ചെയ്തിരിക്കുന്നതും ലോകത്തിലെ ഏറ്റവും ഉയരം കൂടിയതുമായ സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമയും സ്ഥിതിചെയ്യുന്ന പ്രദേശമാണ് കെവാഡിയ.

കോവിഡ് രോഗത്തിന്റെ പശ്ചാത്തലത്തിൽ ദിവസങ്ങൾ ചുരുക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിതല കോൺഫറൻസ് ഇത്തവണ ഒഴിവാക്കി. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുള്ള എല്ലാ ചിട്ടകളും പാലിച്ചുകൊണ്ടായിരുന്നു കോൺഫറൻസ് സംഘടിപ്പിച്ചത്.

കോൺഫറൻസിന്റെ ഉദ്ഘാടനം 2020 നവംബർ 25 ാം തീയതി രാവിലെ രാഷ്ട്രപതി രാംനാഥ് കോവിന്ദ് നിർവ്വഹിച്ചു. ഉദ്ഘാടന യോഗത്തിൽ ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ വെങ്കയ്യനായിഡു, ഗുജറാത്ത് സംസ്ഥാന ഗവർണ്ണർ ആചാര്യദേവ്പ്രത്, ലോക്സഭാ സ്പീക്കർ ഓംബിർള, ഗുജറാത്ത് മുഖ്യമന്ത്രി വിജയ് രൂപാനി, കേന്ദ്ര പാർലമെന്ററികാര്യ വകുപ്പുമന്ത്രി പ്രഹ്ലാദ് ജോഷി, കേന്ദ്ര പാർലമെന്ററികാര്യ സഹമന്ത്രി അർജ്ജുൻ റാം മേഘ്വാൽ, മുതിർന്ന കോൺഗ്രസ് നേതാവ് അധീർ രഞ്ജൻ ചൗധരി എന്നിവർ പങ്കെടുത്തു. ഗുജറാത്ത് നിയമസഭാ സ്പീക്കർ രാജേന്ദ്രത്രിവേദി യോഗത്തിൽ സ്വാഗതമാശംസിച്ചു.

പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും മുഖ്യപങ്ക് വഹിക്കാനുണ്ടെന്നും അവർ തമ്മിൽ സഹവർത്തിത്വവും സഹകരണവും ക്രിയാത്മകമായ ചർച്ചകളും നടക്കുന്നതിനുള്ള അനുകൂലമായ അന്തരീക്ഷം ഒരുക്കുന്നതിൽ സഭാദ്ധ്യക്ഷന്മാർക്ക് ഉത്തരവാദിത്തമുണ്ടെന്നും രാഷ്ട്രപതി ഉദ്ഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു. എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജ്യുഡീഷ്യറി എന്നിവ അവരവരുടെ അധികാരപരിധിയിൽ നിന്ന് പ്രവർത്തിച്ചുകൊണ്ടുള്ള സഹവർത്തിത്വം രാജ്യത്തിന് പുരോഗതിയേറ്റുമെന്ന് സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് ഉപരാഷ്ട്രപതി വെങ്കയ്യനായിഡു പ്രസ്താവിച്ചു.

ഇന്ത്യൻ ജനാധിപത്യത്തിന്റെ യാത്രയിൽ സ്ഥാപനങ്ങൾ തമ്മിൽ പലപ്പോഴും അഭിപ്രായ വ്യത്യാസങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവയ്ക്ക് ഭരണഘടനയുടെ ശക്തമായ അടിത്തറയിലൂന്നിയ മാർഗ്ഗങ്ങളിലൂടെ പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള പ്രസ്താവിച്ചു. ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാനമായ ബഹുസ്വരതയ്ക്ക് ഭിന്നതകളെയും അഭിപ്രായ വ്യത്യാസങ്ങളെയും ഉൾക്കൊള്ളാൻ സാധിക്കുമെന്നും അപ്രകാരമുള്ള ചർച്ചകളിലൂടെ സമൂഹം ചലനാത്മകമാകുമെന്നും ലോക്സഭയിലെ കോൺഗ്രസ്സ് നേതാവ് അധീർ രഞ്ജൻ ചൗധരി പറഞ്ഞു. നിയമനിർമ്മാണ സഭകളിൽ പലപ്പോഴും സമ്മേളനം തടസ്സപ്പെടുത്തിയുള്ള പ്രതിഷേധങ്ങളെക്കുറിച്ച് ആത്മപരിശോധന നടത്താൻ സഭാദ്ധ്യക്ഷന്മാരും ബന്ധപ്പെട്ട കക്ഷികളും



**ഗുജറാത്ത് സ്പീക്കർ രാജേന്ദ്രത്രിവേദിക്ക് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉപഹാരം നൽകുന്നു**

തയ്യാറായാലേ ജനസമൂഹത്തിന് ജനാധിപത്യ സ്ഥാപനങ്ങളിലുള്ള വിശ്വാസം ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ എന്ന് കേന്ദ്ര പാർലമെന്ററികാര്യ വകുപ്പുമന്ത്രി പ്രഹ്ലാദ് ജോഷി അഭിപ്രായപ്പെട്ടു.

ഉദ്ഘാടനയോഗത്തെത്തുടർന്ന് നടന്ന ചർച്ചകളിൽ കേരള നിയമസഭ സ്പീക്കർ ഉൾപ്പെടെ വിവിധ സ്പീക്കർമാരും കൗൺസിൽ ചെയർമാൻമാരും പങ്കെടുത്തു. നിയമനിർമ്മാണ സഭകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകളാണ് നടന്നത്.

2020 നവംബർ മാസം 26 ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് നടന്ന സമാപനചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിലൂടെ സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഒരു രാജ്യം ഒറ്റ തെരഞ്ഞെടുപ്പ് രാജ്യത്തിന്റെ ആവശ്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന് ഒരു തെരഞ്ഞെടുപ്പും ഒരു വോട്ടർപട്ടികയും മതി. പാർലമെന്റ്, നിയമസഭ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് വ്യത്യസ്ത വോട്ടർ പട്ടിക തയ്യാറാക്കുന്നത് അധികച്ചെലവും സമയനഷ്ടവുമാണ്. ഓരോ മാസവും രാജ്യത്ത് പലയിടത്തും വിവിധ തെരഞ്ഞെടുപ്പുകൾ നടക്കുന്നു. അതിന്റെ പെരുമാറ്റ ചട്ടം വരുമ്പോൾ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു. എല്ലാം ഡിജിറ്റലാകുന്ന സമയത്ത് ഒരു വോട്ടർ പട്ടികയ്ക്ക് തടസ്സമുണ്ടാവുകയില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. നേരത്തെ കോൺഫറൻസിൽ പങ്കെടുത്ത എല്ലാ ഡെലിഗേറ്റുകളും സ്റ്റാച്യൂ ഓഫ് യൂണിറ്റി സന്ദർശിക്കുകയും പുഷ്പാർച്ചന നടത്തുകയും ചെയ്തു. തുടർന്ന് ഭരണഘടനാ ദിനം എന്ന പ്രത്യേകത കൂടി ഉള്ളതിനാൽ രാഷ്ട്രപതി രാംനാഥ് കോവിന്ദ് വീഡിയോ കോൺഫറൻസിലൂടെ ഭരണഘടനയുടെ ആമുഖം ചൊല്ലിക്കൊടുക്കുകയും കോൺഫറൻസിൽ പങ്കെടുത്തവർ ആയത് ഏറ്റുചൊല്ലുകയും ചെയ്തു.

ഇന്ത്യ, ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന വേളയിൽ 1921-ലാണ് ആദ്യ പ്രിസൈഡിങ് ഓഫീസേഴ്സ് കോൺഫറൻസ് നടന്നത്. നടപ്പുവർഷമെന്നത് ശതാബ്ദിയാണ്. ഭരണഘടനാദിനാഘോഷം കണക്കിലെടുത്ത് ഭരണഘടനാ നിർമ്മാണ സഭയിലെ ഡിബേറ്റ്സ്, മൗലിക കർത്തവ്യങ്ങൾ, മുൻകാലങ്ങളിലെ പ്രിസൈഡിങ് ഓഫീസേഴ്സ് കോൺഫറൻസുമായി ബന്ധപ്പെട്ട ഫോട്ടോകൾ എന്നീ വിഷയങ്ങളെ ഉൾപ്പെടുത്തി ലോക്സഭാ സെക്രട്ടേറിയറ്റ് ഇൻഫർമേഷൻ ബ്യൂറോയുമായി സഹകരിച്ച് ഒരു എക്സിബിഷനും സംഘടിപ്പിച്ചിരുന്നു. ഗുജറാത്തിലെ സാംസ്കാരികവൈവിധ്യം വിളിച്ചോതുന്ന കലാപരിപാടികൾ നവംബർ 25 ാം തീയതി രാത്രിയിൽ സമ്മേളന സ്ഥലമായ നർമ്മദാ ടെന്റ് സിറ്റിയിൽ അരങ്ങേറി. സമ്മേളനാനന്തരം ഏകതാപ്രതിമ ലൈറ്റ് ആൻഡ് സൗണ്ട്ഷോ, കെവാഡിയ ടൗൺഷിപ്പിൽ സ്ഥാപിച്ചിട്ടുള്ള ആരോഗ്യവനം, വിവിധ പാർക്കുകൾ, മൃഗശാല എന്നിവ സന്ദർശിക്കലും നർമ്മദാനദിയിലൂടെ ക്രൂയിസ് സവാരിയും സംഘടിപ്പിച്ചിരുന്നു. പതിനാറ് ഏക്കറിൽ ഔഷധസസ്യങ്ങളെ വച്ചുപിടിപ്പിച്ച് ആയുർവേദ ചികിത്സയ്ക്ക് പ്രോത്സാഹനമേകുന്ന ആരോഗ്യവനപദ്ധതി പോത്തൻകോട് ശാന്തിഗിരി റിസർച്ച് സെന്ററിന്റെ സജീവ സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത് എന്നതും ശ്രദ്ധയിൽപ്പെട്ടു.

(തയ്യാറാക്കിയത് **ആർ കിഷോർകുമാർ**
സ്പെഷ്യൽ സെക്രട്ടറി)

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ




# ഫെസ്റ്റിവൽ ഓൺ ഡെമോക്രസി ചലനാത്മകമായ ജനാധിപത്യത്തിന്റെ താക്കോൽ : സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ

**(സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ എൺപതാമത് പ്രിസൈഡിംഗ് ഓഫീസേഴ്സ് കോൺഫറൻസിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗം)**

ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവ തമ്മിലുള്ള സ്വരചേർച്ചയുള്ള സഹകരണം ചലനാത്മകമായ ജനാധിപത്യത്തിന്റെ താക്കോലാണെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പ്രസ്താവിച്ചു. എൺപതാമത് പ്രിസൈഡിംഗ് ഓഫീസേഴ്സ് കോൺഫറൻസിന്റെ തീം ആയ 'Harmonious cordination between Legislature, Executive and Judiciary key to a vibrant democracy' എന്ന വിഷയം സംബന്ധിച്ച് സംസാരിക്കുകയായിരുന്ന അദ്ദേഹം. രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിലാണെന്ന വാക്യം ഭരണഘടനയുടെ ആമുഖത്തിൽത്തന്നെ എഴുതിച്ചേർത്തത് ഭരണഘടനയുടെ എല്ലാ സ്ഥാപനങ്ങളും ജനങ്ങളോട് ഉത്തരവാദിത്വമുള്ളതാണ് എന്ന തത്വത്തെ ഊട്ടിയുറപ്പിക്കാനാണ്. ഭരണഘടനസഭയിലെ ചർച്ചയിൽ ജവഹർലാൽ നെഹ്റുവും ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്.

നിയമനിർമ്മാണത്തിന്റെ പരമാധികാരം നിയമനിർമ്മാണസഭയ്ക്കു തന്നെയാണ്. പാർലമെന്റിനോ സംസ്ഥാന നിയമസഭകൾക്കോ ഈ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. ഭരണഘടനയുടെ അനുച്ഛേദം 74(2) വ്യവസ്ഥ ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്. മന്ത്രിമാർ രാഷ്ട്രപതിക്ക് എന്തെങ്കിലും ഉപദേശം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തുപദേശമാണ് നൽകിയതെന്നുമുള്ള കാര്യം ഏതെങ്കിലും കോടതിയിൽ അന്വേഷണവിചാരണ ചെയ്യപ്പെടുവാൻ പാടുള്ളതല്ല. ഈ ഉപദേശം രാഷ്ട്രീയ സ്വഭാവമുള്ളതാകാം. അതായത്, പ്രസ്തുത ഉപദേശത്തെയല്ല മറിച്ച് അതിന്മേൽ എക്സിക്യൂട്ടീവ് കൈക്കൊണ്ട നടപടിയിന്മേലാണ് കോടതിയിൽ അന്വേഷണ വിചാരണ സാധ്യമാകുന്നത്.

അനുച്ഛേദം 361(1) പ്രകാരം, രാഷ്ട്രപതിയും ഗവർണറും അദ്ദേഹത്തിന്റെ അധികാരങ്ങളുടെ പ്രയോഗത്തിലും കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലും ചെയ്യുതോ ചെയ്യുതായി കരുതേണ്ടതോ ആയ ഏതെങ്കിലും കൃത്യത്തിനും ഏതെങ്കിലും കോടതിയോട് ഉത്തരം പറയുവാൻ ബാധ്യസ്ഥനാകുന്നതല്ലെന്ന് വ്യവസ്ഥയുണ്ട്. അതുപോലെ, അനുച്ഛേദം 121 പ്രകാരം, സുപ്രീം കോടതിയിലെയോ, ഹൈക്കോടതിയിലേയോ ജഡ്ജിമാരുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള പെരുമാറ്റത്തെക്കുറിച്ച് പാർലമെന്റിൽ ചർച്ച ഉണ്ടാകുവാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. അനുച്ഛേദം 122 പ്രകാരം, പാർലമെന്റിലെ ഏതെങ്കിലും നടപടികളുടെ സാധുത, നടപടിക്രമത്തിൽ ആരോപിച്ചിട്ടുള്ള ക്രമക്കേട് കാരണം, ചോദ്യം ചെയ്യാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥയുണ്ട്.

ഭരണഘടന തയ്യാറാക്കുന്ന വേളയിൽ ഭരണഘടനാ നിർമ്മാണ സഭയിൽ (Constituent Assembly) സ്വതന്ത്രമായ ജുഡീഷ്യറിയുടെ ആവശ്യകതയെക്കുറിച്ച് ശക്തമായ നിർദ്ദേശങ്ങളുണ്ടായി. ജുഡീഷ്യറിക്ക് ഉന്നതമായ ബഹുമാനവും സ്ഥാനവുമാണ് ഭരണഘടനാനുസൃതമായി പാർലമെന്റും സംസ്ഥാന നിയമനിർമ്മാണ സഭകളും നൽകിവരുന്നത്. നിയമനിർമ്മാണ സഭകളുടെ പ്രവർത്തനചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നതു തന്നെ സഭകളുടെ പ്രവർത്തനത്തിലൊരിടത്തും ജുഡീഷ്യറിയുടെ പ്രതിച്ഛായയെ ഒരു തരത്തിലും ബാധിക്കരുതാത്ത തരത്തിലാണ്. അതുപോലെ, നിയമനിർമ്മാണ സഭകളുടെ നടപടികൾ നടപടിക്രമത്തിന്റെ ക്രമവിരുദ്ധതയുടെ പേരിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയില്ല.

ജുഡീഷ്യറിക്ക് ഏതു നിയമത്തേയും അസാധുവാക്കാൻ കഴിയുമെന്ന അർത്ഥത്തിൽ ജുഡീഷ്യറി എക്സിക്യൂട്ടീവിനും ലെജിസ്ലേച്ചറിനും മുകളിലാണ്. അതുപോലെ സഭയുടെ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് സഭാദ്ധ്യക്ഷൻ കോടതി നടപടിക്ക് വിധേയവുമല്ല. ഇന്ത്യൻ ജുഡീഷ്യറി നൂതന ഉദ്യമങ്ങൾക്കും സർഗ്ഗാത്മകതയ്ക്കും കേൾവികേട്ടതാണ്. എന്നാൽ ഇതര സ്ഥാപനങ്ങൾ പോലെ ജുഡീഷ്യറിയും അതിരുകൾ കടന്നുകൂടാ. മാധ്യമങ്ങളുടെ സമ്മർദ്ദവും അവയേകുന്ന വാർത്താപ്രാധാന്യവും പലപ്പോഴും ഭരണഘടനാസ്ഥാപനങ്ങളെ തങ്ങളുടെ അധികാരപരിധി കടക്കാൻ ഇടവരുത്താറുണ്ടെങ്കിലും എല്ലാ മേഖലകളിലും തിരുത്തലുകൾ വരുത്താനുള്ള സംവിധാനങ്ങൾ സുസജ്ജമാണ്.

രാജ്യത്തെ ജനാധിപത്യ വ്യവസ്ഥിതി ദൃഢതരമായാൽ മാത്രമേ സമൂഹങ്ങൾ തമ്മിലുള്ള സഹവർത്തിത്വവും സംവാദങ്ങളും ശക്തിപ്പെടുത്തിക്കൊണ്ട് അത് ചലനാത്മകമാക്കുകയുള്ളൂ. ഈ ഒരു മഹത്തായ ദർശനത്തെ സാക്ഷാത്കരിക്കുന്നതിനാണ് ജനാധിപത്യത്തിന്റെ ഉത്സവം അഥവാ, ഫെസ്റ്റിവൽ ഓൺ ഡെമോക്രസി എന്ന പേരിൽ വിവിധ പരിപാടികൾ കേരള നിയമസഭയിൽ സംഘടിപ്പിച്ചതെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പ്രൗഢഗംഭീരമായ കോൺഫറൻസിനെ അറിയിച്ചു. രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്ത സംരംഭത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണം സംബന്ധിച്ച ദേശീയ കോൺഫറൻസ്, രാജ്യത്തെ സർവ്വകലാശാല വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ദേശീയ വിദ്യാർത്ഥി പാർലമെന്റ് എന്നീ പരിപാടികൾ എടുത്തു പറയേണ്ടതാണ്. കോൺഫറൻസുകളിൽ പാർലമെന്റിലെയും വിവിധ നിയമസഭകളിലെയും അംഗങ്ങളും ആ മേഖലയിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ വ്യക്തികളും പങ്കെടുത്തു. യുവജനങ്ങളിൽ പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചും ചിന്തകളുടെ ബഹുസ്വരത, ജനാധിപത്യത്തിന്റെ അന്തഃസത്ത, പൊതുജീവിതത്തിലെ സാന്മാർഗ്ഗികത, സുസ്ഥിരവികസനം തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ചും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ദേശീയവിദ്യാർത്ഥി പാർലമെന്റിലെ സെഷനുകൾക്ക് കഴിഞ്ഞുവെന്ന് സ്പീക്കർ പ്രസ്താവിച്ചു.

ഫെസ്റ്റിവൽ ഓൺ ഡെമോക്രസി എന്ന പരിപാടി എല്ലാ സംസ്ഥാന നിയമസഭകളിലും സംഘടിപ്പിക്കണമെന്നും ദേശീയതലത്തിൽ ആയത് നടത്തുന്നതിന് പാർലമെന്റ് മുൻകയ്യെടുക്കണമെന്നും ആവശ്യപ്പെടുന്ന പ്രമേയം പി.ശ്രീരാമകൃഷ്ണൻ അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു.

# സർവ്വകലാശാല ഭരണസമിതികളിലേക്ക് നിയമസഭാ സാമാജികരിൽ നിന്നുള്ള തെരഞ്ഞെടുപ്പ്



റ്റി.വി.രാജേഷ്


മുല്ലക്കര രത്നാകരൻ


കെ.യു. ജനീഷ് കുമാർ


ബി. സത്യൻ


ഷാനിമോൾ ഉസ്മാൻ


വീണാ ജോർജ്

1994 ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ 12-ാം വകുപ്പ് പ്രകാരം ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റി ലേയ്ക്ക് നിയമസഭാ സാമാജികരിൽ നിന്നുള്ള ഒരു അംഗത്തെയും 2015 ലെ എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ 23(1) വകുപ്പ് പ്രകാരം എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ബോർഡ് ഓഫ് ഗവേണൻസിലേയ്ക്ക് നിയമസഭാ സാമാജികരിൽ നിന്നുള്ള അഞ്ച് അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനം 2020 നവംബർ 4 ന് പ്രസിദ്ധീകരിച്ചു. ഒഴിവുള്ള സീറ്റുകളുടെ അത്രയും എണ്ണം നാമനിർദ്ദേശ പത്രികകൾ മാത്രം സമർപ്പിക്കപ്പെട്ടതിനാൽ വോട്ടെടുപ്പ് ആവശ്യമായി വന്നില്ല. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിനായി നിശ്ചയിച്ചിരുന്ന ദിവസമായ 2020 നവംബർ 24 ന് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു. നിയമസഭാ സെക്രട്ടറി വരണാധികാരിയായിരുന്നു.

### ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിലേക്ക് റ്റി.വി.രാജേഷ്, എം.എൽ.എ.യാണ് തെരഞ്ഞെടുക്കപ്പെട്ടത്. കഴിഞ്ഞ തവണയും അദ്ദേഹം തന്നെയായിരുന്നു സിൻഡിക്കേറ്റ് അംഗം.

### എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ബോർഡ് ഓഫ് ഗവേണൻസിലേയ്ക്ക് ആദ്യമായാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. പൊതുവിഭാഗം മൂന്ന് ഒഴിവ്, വനിതാവിഭാഗം, പട്ടികജാതി/പട്ടികവർഗ്ഗ സംവരണം ഓരോ ഒഴിവ് എന്നിങ്ങനെ അഞ്ച് ഒഴിവുകളിലേക്കാണ് നാമനിർദ്ദേശ പത്രിക ക്ഷണിച്ചത്. പൊതുവിഭാഗത്തിൽ നിന്നും കെ.യു. ജനീഷ് കുമാർ, മുല്ലക്കര രത്നാകരൻ, ഷാനിമോൾ ഉസ്മാൻ എന്നിവരും വനിതാസംവരണം, പട്ടികജാതി/പട്ടികവർഗ്ഗ സംവരണം എന്നീ വിഭാഗങ്ങളിൽ യഥാക്രമം വീണാ ജോർജ്, ബി. സത്യൻ എന്നിവരെയും തെരഞ്ഞെടുത്തു.

# ദേവസ്വം ബോർഡുകളിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്കും, കൊച്ചിൻ ദേവസ്വം ബോർഡിലേക്കും ഒരംഗത്തേയും മലബാർ ദേവസ്വം ബോർഡിലേക്ക് രണ്ട് അംഗങ്ങളെയും തെരഞ്ഞെടുക്കുവാനുള്ള നിയമപരമായ അവകാശം കേരള നിയമസഭയിലെ ഹിന്ദു അംഗങ്ങൾക്ക് ഉണ്ട്. 1950 ലെ ദി ട്രാവൻകൂർ - കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട്. 1951 ലെ ദി മദ്രാസ് ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട്,എന്നീ ആക്ടുകളിലൂടെയാണ് സഭാംഗങ്ങൾക്ക് ഈ അവകാശം ലഭിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ മൂന്ന് ദേവസ്വം ബോർഡുകളിലെയും നിലവിലുള്ള അംഗങ്ങളുടെ കാലാവധി പൂർത്തിയായതിനാൽ പുതിയ അംഗങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടെടുപ്പ് 2020 ഡിസംബർ 23 ന് രാവിലെ 10 മണി മുതൽ 4 മണി വരെ കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ നടന്നു. കേരള നിയമസഭയിലെ എഴുപത്തി അഞ്ച് ഹിന്ദു എം.എൽ.എ. മാർ തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. വോട്ടെണ്ണൽ, വോട്ടെടുപ്പുദിവസം തന്നെ നടന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് പി.എം. തങ്കപ്പൻ, കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് വി.കെ. അയ്യപ്പൻ, മലബാർ ദേവസ്വം ബോർഡിലേക്ക് കെ. മോഹനൻ, എം.ആർ. മുരളി എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.



# ഐ.ടി. മേഖലയിലെ തൊഴിൽ ചൂഷണങ്ങൾക്കെതിരെ നിയമസഭാ സമിതി

വിവരസാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും അവരുടെ സാമൂഹ്യ സുരക്ഷ ശക്തിപ്പെടുത്തണമെന്നും കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21)യുടെ ശിപാർശ. ജനുവരി 12 ന് സഭയിൽ സമർപ്പിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ടിലാണ് ഇത് സംബന്ധിച്ച ശിപാർശകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഐ.ടി. വ്യവസായമേഖലയിലെ സ്ത്രീജീവനക്കാർ നേരിടുന്ന തൊഴിൽ ചൂഷണങ്ങളും ലിംഗവിവേചനങ്ങളും തൊഴിൽ നിയമങ്ങളുടെ നഗ്നമായ ലംഘനവും സംബന്ധിച്ച് സമിതിക്ക് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സമിതി തിരുവനന്തപുരം ടെക്നോപാർക്ക് സന്ദർശിച്ച് അധികൃതർ, വിവിധ വനിതാ സംഘടനാ പ്രതിനിധികൾ, പരാതിക്കാർ എന്നിവരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് സുപ്രധാന ശിപാർശകളടങ്ങിയ പ്രത്യേക റിപ്പോർട്ട് തയ്യാറാക്കിയത്.



സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും 1960 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യണമെന്നും 1961 ലെ മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് നിഷ്കർഷിക്കുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും ഐ.ടി. മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് അനുവദിക്കണമെന്നും, സാമൂഹ്യനീതിവകുപ്പിന്റെ മേൽനോട്ടത്തിൽ ടെക്നോപാർക്കിൽ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്നും ഐ.ടി. മേഖലയിൽ പ്രസവാവധി കഴിഞ്ഞെത്തുന്ന സ്ത്രീ തൊഴിലാളികൾക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യം ഒരുക്കണമെന്നും പ്രസവാവധി കഴിഞ്ഞെത്തുന്ന വനിതാ ജീവനക്കാർക്ക് സാധാരണ വിശ്രമസമയം കൂടാതെ രണ്ട് നെഴ്സിംഗ് ബ്രേക്ക് കൂടി അനുവദിക്കണമെന്നും. ഐ.ടി. പാർക്കുകളിലെ വൻകിട കമ്പനികളിൽ ലാക്ടേഷൻപോഡ് സ്ഥാപിക്കുന്നതിനുള്ള നടപടി നീതീകരിക്കാനാകാത്തതിനാൽ ഇത്തരം നടപടികളിൽ നിന്നും സ്ഥാപനങ്ങളെ പാർക്ക് അധികൃതർ പിൻതിരിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തണം, സ്ത്രീ ജീവനക്കാരുടെ എണ്ണം പത്തിൽ കുറവാണെങ്കിൽ ഒന്നിലധികം കമ്പനികളുടെ കൺസോർഷ്യമുണ്ടാക്കി ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണം, സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിയിട്ടുള്ള 'ഷീബോക്സ്'' സംവിധാനം, ഗ്രീവൻസ് സെൽ, തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ടോൾഫ്രീ നമ്പറുകൾ എന്നിവ സംബന്ധിച്ച് വനിതാ ജീവനക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കണം, ജീവനക്കാരെ തൊഴിൽ സ്ഥാപനങ്ങളിൽ നിന്ന് പിരിച്ചുവിടുന്നതിന് മുമ്പ് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കണം, ജീവനക്കാരുടെ പ്രകടനം വിലയിരുത്തുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും വിലയിരുത്തൽ സുതാര്യമാക്കുകയും വേണം, വിവരസാങ്കേതിക മേഖലയിൽ ഒരു ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ജീവനക്കാർക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ ബോർഡ് വഴി ലഭ്യമാക്കണം, തൊഴിലാളികൾക്ക് നിയമാനുസൃതമായി നൽകേണ്ട പ്രോവിഡന്റ് ഫണ്ട്, ഇൻഷുറൻസ്, ഗ്രാറ്റുവിറ്റി എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം, ഐ.ടി. പാർക്കുകളുടെ പരിസരപ്രദേശത്ത് വനിതാ ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, വനിതാ ഹെൽപ്പ്ഡെസ്ക് എന്നിവ ഏർപ്പെടുത്തണം, ഐ.ടി. പാർക്കുകളിലെ സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സ്ട്രീറ്റ് ലൈറ്റുകൾ, സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിക്കണം, പോലീസിന്റെ സഹായം ലഭിക്കുന്നതിനായി പിങ്ക് പോലീസ് നമ്പർ, വനിതാ ഹെൽപ്പ് ലൈൻ നമ്പർ എന്നിവ ഐ.ടി. പാർക്കുകളിലും പരിസരപ്രദേശങ്ങളിലും പ്രദർശിപ്പിക്കണം, ഐ.ടി. പാർക്കുകളിലെ വനിതാ ജീവനക്കാർക്ക് സർക്കാർ നിയന്ത്രണത്തിൽ താമസസൗകര്യം ഏർപ്പെടുത്തണം, ഇതിനായി ബജറ്റിൽ കൂടുതൽ തുക വകയിരുത്തണം, പുതുതായി രൂപംകൊണ്ട ഐ.ടി. അനുബന്ധ തൊഴിൽ മേഖലയിലെ വനിതാ ജീവനക്കാരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി തൊഴിൽ നിയമങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകത സർക്കാർ പഠന വിധേയമാക്കണം തുടങ്ങി ഐ.ടി. മേഖലകളിൽ സ്ത്രീ ജീവനക്കാർ അഭിമുഖീകരിക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കുള്ള പരിഹാരം സമിതി റിപ്പോർട്ടിൽ ശിപാർശയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പി. അയിഷാ പോറ്റി, എം.എൽ.എ. അദ്ധ്യക്ഷയായ സമിതിയിൽ സാമാജികരായ അബ്ദുൽ ഹമീദ് പി., സി.കെ. ആശ, വി.ടി. ബൽറാം, എൻ. ജയരാജ്, യു. പ്രതിഭ, സജി ചെറിയാൻ, വീണാജോർജ്, ഇ.കെ. വിജയൻ എന്നിവർ അംഗങ്ങളാണ്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# ദേശീയ സമ്മതിദായക ദിനം

ദേശീയ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായ ജനവരി 25 ദേശീയ സമ്മതിദായക ദിനമായി എല്ലാ വർഷവും ആചരിക്കുന്നു. ഭരണഘടനയുടെ 324 ാം അനുഛേദപ്രകാരം 1950 ജനുവരി 25 നാണ് ദേശീയ തെരഞ്ഞടുപ്പ് കമ്മീഷൻ നിലവിൽ വന്നത്. ഇതിന്റെ ഓർമ്മക്കായാണ് ജനുവരി 25 സമ്മതിദായകരുടെ ദിനമായി ആചരിക്കുന്നത്. ജനങ്ങളിൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിന്റെ ആവശ്യകത ബോധവത്ക്കരിക്കുന്നതും ജനാധിപത്യ പ്രക്രിയയിൽ സമ്മതിദാനാവകാശത്തിന്റെ പ്രാധാന്യം ജനങ്ങളുടെ ഇടയിൽ പ്രത്യേകിച്ച് യുവാക്കളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതുമാണ് ഈ ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. സമ്മതിദായകരാണ് ജനാധിപത്യ പ്രക്രിയയിലെ ഏറ്റവും വലിയ ഘടകം; രാജ്യത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കേണ്ടത് ജനങ്ങളാണ്. ഇക്കാരണങ്ങളാൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഭാരതത്തിൽ സമ്മതിദായകർക്കായി ഒരു ദിനം നീക്കിവച്ചതിന് പ്രസക്തിയേറുന്നു.

2011 ൽ മൻമോഹൻ സിങ് നേതൃത്വം നൽകിയ സർക്കാരാണ് ആ വർഷം മുതൽ ജനുവരി 25 ദേശീയ സമ്മതിദായക ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. ജനാധിപത്യ പ്രക്രിയയുടെ ആണിക്കല്ലായ വോട്ടവകാശം വിനിയോഗിക്കുന്നതിൽ ജനങ്ങൾ പ്രത്യേകിച്ച് യുവാക്കൾ പിന്നാക്കം പോയി എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനും സാർവ്വദേശീയ വോട്ടവകാശത്തിലൂടെ യുവാക്കൾക്ക് അഭിമാനവും ആവേശവും പകരുന്നതിനുമായാണ് സമ്മതിദായകരുടെ ദിനം ആഘോഷിക്കുന്നത്. എല്ലാ വോട്ടർമാരെയും വോട്ടർ പട്ടികയിലുൾപ്പെടുത്തുകയെന്നതാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി അന്നേ ദിവസം സംസ്ഥാന/ജില്ലാ/താലൂക്ക്/ബൂത്ത് തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും പുതിയതായി വോട്ടർ പട്ടികയിൽ പേര് ചേർത്ത മുഴുവൻ ആളുകളുടേയും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുകയും, ദേശീയ സംസ്ഥാന പ്രാദേശിക തലങ്ങളിലെ ജനാധിപത്യ പ്രക്രിയയിൽ വീഴ്ച കൂടാതെ ഭാഗഭാക്കായിക്കൊണ്ട് ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു. ജനാധിപത്യ ആശയം വ്യാപിപ്പിക്കുകയും സമ്മതിദാനാവകാശത്തിന്റെ ആവശ്യകത പ്രചരിപ്പിക്കുകയും അതിൽ പങ്കാളികളാകുകയും ചെയ്യുന്നവർക്ക് മികച്ച തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കുള്ള ദേശീയ അവാർഡുകളും ഈ ദിനത്തിൽ സമ്മാനിക്കുന്നു.

2021 ലെ ദേശീയ സമ്മതിദാന ദിനത്തിന്റെ സന്ദേശം 'Making Our Votes Empowered, Vigilant, Safe and Informed' എന്നതാണ്. കേരളത്തിലും വിപുലമായ പരിപാടികളോടെയാണ് എല്ലാ വർഷവും ഈ ദിനം ആചരിക്കുന്നത്. വോട്ടവകാശം വിനിയോഗിക്കുന്നതിന്റെ ആവശ്യകത സ്കൂൾ കോളേജ് തലം മുതൽ പ്രചരിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ ജനാധിപത്യ അവബോധം സൃഷ്ടിക്കുന്നതിനുമായി ദിനാചരണത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ജനാധിപത്യത്തിൽ ജനങ്ങളുടെ ആത്മബോധവും ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കാനുള്ള ഏറ്റവും ശക്തമായ ആയുധമാണ് സമ്മതിദാനാവകാശം. എന്നാൽ തെരഞ്ഞെടുപ്പുകളിൽ പോളിംഗ് ശതമാനം കുറയുന്നതും പുതിയ വോട്ടർമാരിൽ നല്ലൊരു പക്ഷം തെരഞ്ഞെടുപ്പിൽ നിന്ന് മാറി നിൽക്കുന്നതും ഗൗരവകരമായി കാണേണ്ടതാണ്. പതിനെട്ടു വയസ്സ് പൂർത്തിയായവരിൽ പലരും വോട്ടർ പട്ടികയിൽ പേര് ഉണ്ടെങ്കിൽ പോലും വോട്ട് രേഖപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. ഇത്തരത്തിൽ വോട്ട് ചെയ്യാൻ വിമുഖത കാണിക്കുമ്പോൾ നമ്മുടെ ജനാധിപത്യ വ്യവസ്ഥക്കാണ് കോട്ടം സംഭവിക്കുന്നത്. വോട്ട് ചെയ്താലും ഇല്ലെങ്കിലും ജയിക്കേണ്ടവർ ജയിക്കും എന്ന തരത്തിലുള്ള നിസ്സംഗത്വം പുലർത്തുന്നവരും സമകാലീന ഇന്ത്യൻ സാഹചര്യത്തിൽ രാഷ്ട്രീയ കക്ഷികളെക്കുറിച്ചും സ്ഥാനാർത്ഥികളെക്കുറിച്ചുമുള്ള മതിപ്പില്ലായ്മയും വോട്ട് ചെയ്യുന്നതിൽ നിന്ന് ജനങ്ങളെ പിൻതിരിപ്പിക്കുന്നുണ്ട്. ഒന്നോ രണ്ടോ വോട്ടിന്റെ കുറവിൽ യോഗ്യരായ സ്ഥാനാർത്ഥികൾ ഭരണരംഗത്തേക്ക് എത്തപ്പെടാതെ വരുന്ന സാഹചര്യത്തിലും, രാജ്യം ഭരിക്കാൻ ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിലുമൊക്കെയാണ് തന്റെ ഉത്തരവാദിത്വം നിറവേറ്റാത്തതിന്റെ വിപരീതഫലം ജനം മനസ്സിലാക്കുന്നത്. വോട്ടർപട്ടികയിൽ പേരുചേർത്തും കരടു പ്രസിദ്ധീകരിച്ചും ന്യായമായ തിരുത്തലുകൾ വരുത്താൻ അവസരം നൽകിയും കുറ്റമറ്റ വോട്ടർപട്ടിക തയ്യാറാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ശ്രമിക്കുന്നുണ്ടെങ്കിലും വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് തെരഞ്ഞെടുപ്പിനു മുൻപേ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം വോട്ടർക്കുണ്ട്.

സമ്പൂർണ്ണ സാക്ഷരതയും, രാഷ്ട്രീയ പ്രബുദ്ധതയും അവകാശപ്പെടുന്ന കേരളത്തിൽ പോലും ചെറിയ ഒരു ശതമാനം ആളുകളെങ്കിലും സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിൽ നിന്ന് മാറി നിൽക്കുന്നുണ്ട്. ഇതിൽ നിന്നും നാം മാറിചിന്തിച്ചേ മതിയാവൂ, എങ്കിൽ മാത്രമേ ജനാധിപത്യത്തിന് നിലനിൽപ്പുള്ളൂ. അതുപോലെതന്നെ തങ്ങൾക്ക് വോട്ട് ചെയ്ത് വിജയിപ്പിച്ച വോട്ടർമാരോട് പ്രതിബദ്ധതയും ഉത്തരവാദിത്വവും പുലർത്തേണ്ടത് ഓരോ ജനപ്രതിനിധിയുടേയും രാഷ്ട്രീയ കക്ഷിയുടെയും കടമയുമാണ്.

തയ്യാറാക്കിയത് **രാഖി കെ.വി**
സെക്ഷൻ ഓഫീസർ

## ചിത്രജാലകം



ഡോ. ബി.ആർ. അംബേദ്കർ ചരമ വാർഷികദിനത്തോടനുബന്ധിച്ച് ഡെപ്യൂട്ടി സ്പീക്കർ വി. ശശി പുഷ്പാർച്ചന നടത്തുന്നു



72 ാം റിപ്പബ്ലിക്ക് ദിനാഘോഷത്തോടനുബന്ധിച്ച് ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു

# പതിനാലാം കേരള നിയമസഭ: പുതുമകൾ നിറഞ്ഞ ഇരുപത്തിരണ്ടാം സമ്മേളനം

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി 8 ന് ആരംഭിക്കുകയും ജനുവരി 22 ന് അവസാനിക്കുകയും ചെയ്തു. ആകെ 11 ദിവസമാണ് ഈ സമ്മേളനകാലയളവിൽ സഭ ചേർന്നത്. ഗവർണറുടെ പ്രസംഗം, 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റവതരണം ഉൾപ്പെടെയുള്ള പ്രധാന കാര്യപരിപാടികൾ ഈ സമ്മേളനക്കാലത്ത് സഭ നിർവ്വഹിച്ചു.

2021 ജനുവരി 1 ാം തീയതിയിലെ മന്ത്രിസഭാ യോഗമാണ് ഇരുപത്തിരണ്ടാം സമ്മേളനം ആരംഭിക്കുന്നതിനായി ഗവർണറോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചത്. മന്ത്രിസഭാ തീരുമാനം ഗവർണർ അംഗീകരിച്ചതിനെത്തുടർന്ന് അന്ന് തന്നെ സഭാംഗങ്ങൾക്ക് സമ്മേളനത്തിനുള്ള സമൻസ് നിയമസഭാ സെക്രട്ടേറിയറ്റ് അയയ്ക്കുകയുണ്ടായി.

സഭാ സമ്മേളനത്തിനുള്ള കലണ്ടർ പ്രകാരം 14 ദിവസമാണ് ചേരാൻ നിശ്ചയിച്ചിരുന്നുവെങ്കിലും കാര്യോപദേശക സമിതിയുടെ ശിപാർശ പ്രകാരം സമ്മേളനക്കാലയളവ് 11 ദിവസമായി വെട്ടിച്ചുരുക്കുകയുണ്ടായി. ഇരുപത്തിരണ്ടാം സമ്മേളനം കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് നടത്തിയത് എന്നത് ശ്രദ്ധേയമാണ്. നിശ്ചിത ഇടവേളകളിൽ അംഗങ്ങൾക്ക് ആന്റിജൻ ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം നിയമസഭാ മന്ദിരത്തിൽ ഒരുക്കിയിരുന്നു. അംഗങ്ങൾ നിയമസഭാ ഹാളിൽ പ്രവേശിക്കുന്നതിന് മുമ്പ് തെർമ്മൽ സ്കാനിംഗിന് വിധേയരാക്കുകയും, അവരവരുടെ മേശപ്പുറത്ത് സാനിട്ടൈസർ ലഭ്യമാക്കുകയും ചെയ്തു. സന്ദർശക ഗ്യാലറികളിൽ പ്രവേശനം അനുവദിക്കുകയുണ്ടായില്ല.

ഈ സമ്മേളനക്കാലയളവിൽ സഭാംഗമായിരുന്ന കെ.വി. വിജയദാസിന്റെ അകാല ചരമം സഭയെ ഏറെ ദു:ഖത്തിലാഴ്ത്തി. 2021 ജനുവരി 18 നാണ് കോങ്ങാട് നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന കെ.വി. വിജയദാസ് അന്തരിച്ചത്. 2021 ജനവരി 19 ന് സഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ച് മറ്റ് നടപടികളിലേക്ക് കടക്കാതെ പിരിഞ്ഞു.

അന്തരിച്ച മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി, ഈ സഭയിലെതന്നെ അംഗമായിരുന്ന സി.എഫ്.തോമസ് എന്നീ ആദരണീയ വ്യക്തിത്വങ്ങൾക്ക് 2021 ജനുവരി 11 ന് സഭ ചരമോപചാരം അർപ്പിച്ചു. ഇതു കൂടാതെ 2021 ജനുവരി 12 ന് മുൻ സാമാജികരുടെയും പ്രമുഖ വ്യക്തിത്വങ്ങളുടെയും നിര്യാണം സംബന്ധിച്ച റഫറൻസ് നടത്തി.

ഈ സമ്മേളനത്തിൽ ഇ-നിയമസഭ പോർട്ടൽ വഴിയാണ് ചോദ്യോത്തരങ്ങളുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിച്ചത്. കടലാസ് രഹിത നിയമസഭ ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ സംവിധാനം മുഖേന അംഗങ്ങൾക്ക് ഓൺലൈനായി ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ ലഭ്യമാക്കാനും സാധിച്ചു. എല്ലാ ഉത്തരങ്ങളും വകുപ്പുകളിൽ നിന്ന് ഓൺലൈനായി മാത്രമാണ് സ്വീകരിച്ചത്. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ മറുപടികളുടെ 15 പകർപ്പുകളും നക്ഷത്രചിഹ്നമിടാത്തവയുടെ 10 പകർപ്പുകളുമാണ് മുമ്പ് സർക്കാർ നൽകിയിരുന്നത്. ഇത് പൂർണ്ണമായും ഓൺലൈനാക്കിയതിലൂടെ ഏറ്റവും ചുരുങ്ങിയ രീതിയിൽ കണക്കാക്കിയാൽപ്പോലും ഒരു ലക്ഷത്തിൽപ്പരം എ4 സൈസ് ഫോട്ടോകോപ്പി പേപ്പർ ലാഭിക്കുവാൻ കഴിഞ്ഞു.

ഈ സമ്മേളനത്തിൽ ചട്ടം 50 പ്രകാരം ഏഴ് അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് ലഭിച്ചതിൽ കിഫ്ബി വഴി നടത്തിയ മസാല ബോണ്ട് ഇടപാടിലെ നിയമ വിരുദ്ധത സംബന്ധിച്ച് വി.ഡി.സതീശൻ, എം.എൽ.എ. നൽകിയ നോട്ടീസ് സഭ ചർച്ച ചെയ്യുകയുണ്ടായി. പതിനാല് ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും നൂറ്റിമൂന്ന് സബ് മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഈ സമ്മേളനകാലത്ത് സഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായി.

നടപടിക്രമങ്ങൾ പാലിക്കാതെ സി ആന്റ് എ.ജി. തന്റെ റിപ്പോർട്ടിൽ അധികമായി എഴുതിച്ചേർത്ത ഭാഗങ്ങൾ നിരാകരിക്കുന്നത് സംബന്ധിച്ച് ചട്ടം 118 പ്രകാരം മുഖ്യമന്ത്രി 2021 ജനുവരി 22 ന് പ്രമേയം അവതരിപ്പിച്ചു. ചർച്ചയ്ക്കൊടുവിൽ പ്രമേയം സഭ പാസ്സാക്കി. പ്രമേയം സംബന്ധിച്ച ചർച്ചാ വേളയിൽ സഭ പാസ്സാക്കാൻ പോകുന്ന പ്രമേയത്തിന്റെ ഉള്ളടക്കത്തിനു വിധേയമായി മാത്രമാണോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് സി ആന്റ് എ.ജി. യുടെ റിപ്പോർട്ട് പരിശോധിക്കാൻ കഴിയുന്നത് എന്ന കാര്യത്തിൽ വ്യക്തത വേണമെന്നും, സഭ നിരാകരിച്ച 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ പി.എ.സി.ക്ക് പരിശോധിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ചെയറിൽ നിന്നും റൂളിംഗ് വേണമെന്ന ആവശ്യമുയർന്നിരുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, സഭ നിരാകരിച്ച ഭാഗങ്ങൾ പരിഗണിക്കേണ്ടതില്ലെന്ന് ഇക്കാര്യത്തിൽ സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്തു.

സി ആന്റ് എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് അതിലെ ചില ഭാഗങ്ങൾ ധനകാര്യവും കയറും വകുപ്പുമന്ത്രി പുറത്തുവിട്ടു എന്ന അവകാശലംഘന വിഷയത്തിൻമേലുള്ള പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട് 2021 ജനുവരി 20 ന് സമർപ്പിക്കപ്പെട്ടു. റിപ്പോർട്ട് 2021 ജനുവരി 21 ന് സഭ പരിഗണനയ്ക്ക് എടുക്കുകയും ചർച്ചക്കൊടുവിൽ അംഗീകരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ സഭയുടെ അവകാശം മന്ത്രി ലംഘിച്ചിട്ടില്ലായെന്ന കമ്മിറ്റി കണ്ടെത്തൽ ആണ് അംഗീകരിച്ചത്. അന്ന് തന്നെ സഭ അംഗീകരിച്ച കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശ അനുസരിച്ച് 2021 ജനുവരി 22 ന് പി.സി. ജോർജ് എം.എൽ.എ.യെ അംഗങ്ങളുടെ പെരുമാറ്റചട്ട ലംഘനം നടത്തിയതിന് സഭ ശാസിച്ചു.

സഭാ സമ്മേളനക്കാലയളവിൽ നടന്ന മറ്റ് പ്രധാനപ്പെട്ട ബിസിനസ്സുകൾ താഴെപ്പറയുന്നവയാണ്.

### ഗവർണറുടെ പ്രസംഗം

സംസ്ഥാന നിയമസഭകളുടെ ഓരോ വർഷാരംഭത്തിലെയും ഒന്നാമത്തെ സമ്മേളനത്തിന്റെ തുടക്കത്തിൽ ഗവർണർ സഭയെ അഭിസംബോധന ചെയ്യേണ്ടതാണെന്ന് ഭരണഘടനയുടെ 176 ാം അനുച്ഛേദം അനുശാസിക്കുന്നു. ഈ ഭരണഘടനാകർത്തവ്യം നിറവേറ്റുന്നതിന്റെ ഭാഗമായി കേരളത്തിന്റെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ 2021 ജനുവരി 8ന് സഭയെ അഭിസംബോധന ചെയ്തു. 2021 ജനുവരി 8 ന് രാവിലെ 9 മണിക്ക് ആരംഭിച്ച അഭിസംബോധനാപ്രസംഗം 11.10 ന് സമാപിച്ചു. (പ്രസംഗം 2 മണിക്കൂർ 10 മിനിറ്റ് നീണ്ടു നിന്നു.) ഗവർണർ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം എസ്. ശർമ്മ എം.എൽ.എ. 2021 ജനുവരി 12 ന് അവതരിപ്പിച്ചു. തുടർന്ന് 2021 ജനുവരി 12, 13, 14 എന്നീ തീയതികളിൽ നന്ദിപ്രമേയത്തിൻമേലുള്ള ചർച്ച സഭയിൽ നടന്നു. 32 നെതിരെ 75 പേരുടെ പിന്തുണയോടെ നന്ദിപ്രമേയം സഭ പാസ്സാക്കി. സഭയിൽ ഗവർണർ ചെയ്ത പ്രസംഗത്തിന് സഭ നന്ദി രേഖപ്പെടുത്തിയ കാര്യം അന്ന് തന്നെ സ്പീക്കർ ഗവർണറെ അറിയിക്കുകയുണ്ടായി. നന്ദിപ്രമേയത്തിന് ഗവർണർ നൽകിയ മറുപടി സ്പീക്കർ 2021 ജനുവരി 18 ന് സഭയിൽ വായിച്ചു.

### ബജറ്റ് അവതരണം

2021 ജനുവരി 15 ന് ധനകാര്യവും കയറും വകുപ്പ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് സഭയിൽ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിച്ചു. ബജറ്റിനോടൊപ്പം 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും സഭയുടെ മേശപ്പുറത്തു വച്ചു. ഇതുകൂടാതെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടും, 2021-22 മുതൽ 2023-24 വരെയുള്ള കാലളവുകളിലെ മീഡിയം ടേം ഫിസ്ക്കൽ പോളിസി ആന്റ് സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ് വിത്ത് മീഡിയം ടേം ഫിസ്ക്കൽ പ്ലാൻ ഫോർ കേരളയും, കിഫ്ബിയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടും വാർഷിക അക്കൗണ്ടും ഫിഡലിറ്റി സർട്ടിഫിക്കറ്റും അഞ്ചാമത് പൊതുചെലവ് പുന:പരിശോധനാ കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടും സഭയുടെ മേശപ്പുറത്ത് അന്നേദിവസം വയ്ക്കപ്പെട്ടു.

ബജറ്റിൻമേലുള്ള പൊതുചർച്ച 2021 ജനുവരി 18, 20 എന്നീ തീയതികളിൽ നടന്നു. ജനുവരി 19 ലെ ചർച്ച, സഭാംഗം കെ.വി. വിജയദാസിന്റെ മരണത്തെത്തുടർന്ന് മാറ്റിവയ്ക്കപ്പെട്ടു.

കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും ദൈർഘ്യമാർന്ന ബജറ്റവതരണത്തിനാണ് പതിനാലാം കേരള നിയമസഭയുടെ അവസാന സമ്മേളനം സാക്ഷിയായത്. മൂന്നു മണിക്കൂർ 18 മിനിട്ടു കൊണ്ടാണ് ധനകാര്യവകുപ്പ് മന്ത്രി ടി.എം.തോമസ് ഐസക് ബജറ്റ് പ്രസംഗം പൂർത്തിയാക്കിയത്. ഇതോടെ 2013 മാർച്ച് 13 ന് കെ.എം. മാണി, രണ്ട് മണിക്കൂർ 58 മിനിറ്റെടുത്ത് നടത്തിയ ബജറ്റ് പ്രസംഗത്തിന്റെ റെക്കോർഡ് പഴങ്കഥയായി.

### സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം

ഭരണഘടനയുടെ അനുച്ഛേദം 179 (സി) പ്രകാരം സംസ്ഥാന നിയമസഭകളിലെ സ്പീക്കറേയോ ഡെപ്യൂട്ടി സ്പീക്കറേയോ സഭയുടെ ഒരു പ്രമേയം മുഖേന നീക്കം ചെയ്യാവുന്നതാണ്. പ്രമേയത്തെ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ സഭാ ചട്ടം 65 മുതൽ 68 വരെ പ്രതിപാദിക്കുന്നു. ഇത്തരത്തിലൊരു പ്രമേയത്തിന് സഭാ ചട്ടം 65 പ്രകാരം എം. ഉമ്മർ സമ്മേളനക്കാലയളവിൽ നോട്ടീസ് നൽകുകയുണ്ടായി. 2021 ജനുവരി 4 ന് നൽകപ്പെട്ട നോട്ടീസ് 2021 ജനുവരി 21 ന് സഭയിൽ അവതരിപ്പിക്കപ്പെട്ടു. ഭരണഘടന അനുശാസിക്കും പ്രകാരം നോട്ടീസ് നൽകി പതിനാലു ദിവസം കഴിഞ്ഞ് പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം തേടിക്കൊണ്ടുള്ള ഉപക്ഷേപം അന്നേദിവസം എം.ഉമ്മർ അവതരിപ്പിച്ചു. ഇരുപതിൽ കുറയാത്ത അംഗങ്ങൾ ഉപക്ഷേപത്തെ അനുകൂലിച്ചതിനാൽ എം.ഉമ്മർ പ്രമേയം അവതരിപ്പിച്ചു. നേരത്തെ പ്രമേയാവതരണത്തിനെതിരെ എസ്. ശർമ്മ തടസ്സവാദം ഉന്നയിച്ചിരുന്നു. 3 മണിക്കൂർ 25 മിനിറ്റ് നീണ്ടു നിന്ന ചർച്ചയ്ക്കും സ്പീക്കറുടെ മറുപടിക്കും ശേഷം പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോയി. പ്രമേയത്തെ അനുകൂലിക്കുന്നവർ ആരും ഇല്ലാതിരുന്നതിനാൽ പ്രമേയം അംഗീകരിക്കപ്പെട്ടില്ല. കേരള നിയമസഭയുടെ ചരിത്രത്തിൽ മൂന്നാമത്തെ പ്രാവശ്യമാണ് ഇത്തരമൊരു പ്രമേയം പരിഗണിക്കപ്പെടുന്നത്.

### ഉപധനാഭ്യർത്ഥനകൾ

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും 2021 ജനുവരി 21 ന് നടന്നു. ചർച്ചയ്ക്കും വോട്ടെടുപ്പിനുമൊടുവിൽ സഭ ബന്ധപ്പെട്ട ഉപധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. തുടർന്ന് ഗ്രാന്റ് വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ബിൽ (2021ലെ കേരള ധനവിനിയോഗ ബിൽ) 2021 ജനുവരി 22 ന് സഭ പാസ്സാക്കി.

### വോട്ട് ഓൺ അക്കൗണ്ട്

2021-22 സാമ്പത്തിക വർഷത്തെ ആദ്യ നാല് മാസത്തേക്ക് സർക്കാരിന്റെ ചെലവിന് വേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ടിനുമേലുള്ള ചർച്ചയും വോട്ടെടുപ്പും 2021 ജനുവരി 21 ന് നടന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചതിനെത്തുടർന്ന് പ്രസ്തുത തുക വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ബിൽ (2021 ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് ) ബിൽ) 2021 ജനുവരി 22 ന് സഭ പാസ്സാക്കി.

### നിയമനിർമ്മാണം

ധനവിനിയോഗ ബില്ലുകൾക്ക് പുറമേ സമ്മേളനക്കാലയളവിൽ താഴെപ്പറയുന്ന നിയമനിർമ്മാണങ്ങളും സഭയിൽ നടക്കുകയുണ്ടായി.

### (എ) 2021 ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ

2021 ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ 2021 ജനുവരി 18 ന് സഭയിൽ അവതരിപ്പിക്കപ്പെട്ടു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുകയും ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2021 ജനുവരി 20 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2021 ജനുവരി 22 ന് അപരാഹ്ന സമ്മേളനം ചേർന്ന് (ഉച്ചയ്ക്ക് 3 മണിക്ക് ) സഭ പരിഗണനയ്ക്ക് എടുത്തു. വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് ശേഷം ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

### (ബി) ധനകാര്യ ബില്ലുകൾ

2021-22ലെ ബജറ്റ് പ്രസംഗത്തിൽ അടങ്ങിയ ധന സംബന്ധമായ നിർദ്ദേശങ്ങൾക്ക് (financial proposals) നിയമപ്രാബല്യം നൽകുന്നതിലേയ്ക്കായുള്ള ധനകാര്യ ബില്ലുകൾ സഭയിൽ 2021 ജനുവരി 22 ന് അവതരിപ്പിച്ചു. 2021 ലെ കേരള ധനകാര്യ ബിൽ, 2021 കേരള ധനകാര്യ (2ാംനമ്പർ) ബിൽ എന്നിവയാണ് ഇവ. The Kerala Provisional Collection of Revenues Act, 1985 പ്രകാരം ഈ ബില്ലികളിലെ വ്യവസ്ഥകൾക്ക് 2021 ഏപ്രിൽ 1 മുതൽ നൂറ്റി ഇരുപത് ദിവസത്തേക്ക് ഒരു നിയമത്തിന്റേതായ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

### ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം

ചട്ടം 140 പ്രകാരം ബജറ്റ് ചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനും വേണ്ടി അയച്ചുകൊടുത്തിരിക്കേണ്ടതാണ്. സബ്ജക്ട് കമ്മിറ്റികൾ അവയുടെ പരിശോധന ചർച്ച അവസാനിച്ച തീയതി മുതൽ നാലാഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ് [ചട്ടം 236(2)]. എന്നാൽ പതിനാലാം കേരള നിയമസഭയുടെ കാലാവധി 2021 ജൂണിൽ അവസാനിക്കുന്നതിനാലും പ്രായോഗികത കണക്കിലെടുത്തും, അടുത്ത നിയമസഭയിൽ രൂപം കൊള്ളുന്ന സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനകൾ പരിശോധിക്കുന്നതായിരിക്കും ഉചിതമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം 2021 ജനുവരി 20 ന് സഭ പാസ്സാക്കി. അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ബജറ്റ് പരിശോധന പൂർത്തിയാക്കുന്നതുവരെയാണ് ചട്ടം 236(2) സസ്പെന്റ് ചെയ്യപ്പെട്ടിരിക്കുന്നത്.

### സഭയുടെ ആദരം

നിയമസഭാ സാമാജികനായി അമ്പത് വർഷം പൂർത്തിയാക്കിയ ഉമ്മൻചാണ്ടിയെ 2021 ജനുവരി 22 ന് സഭ ആദരിച്ചു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

സഭാ നേതാവിന്റെ പേജ്

# സർക്കാർ ഒപ്പമുണ്ടായിരുന്ന അഞ്ചു വർഷങ്ങൾ



**പിണറായി വിജയൻ** മുഖ്യമന്ത്രി

കോവിഡ്-19 എന്ന മഹാമാരി ആരംഭിച്ചതു മുതൽ നാം ശ്രമിക്കുന്നത് ജീവനുകളും ജീവനോപാധികളും സംരക്ഷിക്കാനാണ്. അതിനായി രോഗവ്യാപനത്തിന്റെ ഓരോ ഘട്ടത്തിലും സവിശേഷമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായി. കോവിഡ് സാമ്പത്തിക പാക്കേജ് മുതൽ സൗജന്യ ഭക്ഷ്യ കിറ്റും വർധിപ്പിച്ച ക്ഷേമ പെൻഷനും അനുവദിച്ച സർക്കാർ സുഭിക്ഷ കേരളം, വ്യവസായ ഭദ്രത എന്നീ പ്രത്യേക പദ്ധതികളും ഏറ്റെടുത്തു. ഇവയ്‌ക്കൊക്കെ പുറമെ, 'നൂറുദിന' പരിപാടിയും നടപ്പാക്കി.

പ്രഖ്യാപിച്ച ലക്ഷ്യങ്ങളേക്കാളുപരിയായി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നതിൽ ചാരിതാർത്ഥ്യമുണ്ട്. വിവിധ വിഭാഗം ജനങ്ങൾക്ക് സമാശ്വാസം നൽകുന്നതിനും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനും പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനും വലിയ അളവിൽ കഴിഞ്ഞു. അതിൽ നമുക്കുണ്ടായ നേട്ടം സംസ്ഥാന സമ്പദ്ഘടനയുടെ വീണ്ടെടുപ്പിൽ പ്രതിഫലിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ വരുമാന വളർച്ചയിൽ ഉണ്ടാകുന്ന ഇടിവ് ദേശീയ ശരാശരിയേക്കാൾ താഴ്ന്നതായിരിക്കുമെന്നാണ് പ്രാഥമിക വിലയിരുത്തലുകൾ. ഇത് സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടൽ കാരണമാണ് സാധ്യമാകുന്നത്. ഈ പ്രവണതയെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഒരു കുതിച്ചുകയറ്റം കൂടി ലക്ഷ്യമിട്ടാണ് അടുത്ത നൂറുദിന പരിപാടി കൂടി നടപ്പാക്കുന്നത്. ആദ്യത്തേതിന്റെ തുടർച്ച എന്ന നിലയിലാണ് ഇതു നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 10,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ തുടക്കം കുറിക്കുകയോ ചെയ്യും. 5700 കോടി രൂപയുടെ 5526 പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും. 4300 കോടി രൂപയുടെ 646 പദ്ധതികൾക്ക് തുടക്കം കുറിക്കും.

രണ്ടാം ഘട്ടത്തിൽ 50,000 പേർക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യംവയ്ക്കുന്നത്. കുടുംബശ്രീ സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിൽ 15000 സംരംഭങ്ങൾക്ക് തുടക്കമാകും. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള കേരള ചിക്കൻ ഔട്ട്‌ലറ്റുകൾ, പുതിയ ജനകീയ ഹോട്ടലുകൾ, കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകൾ, ഹോം ഷോപ്പികൾ എന്നിവിടങ്ങളിൽ 2500 പേർക്കാണ് തൊഴിൽ നൽകുക. കേരള ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ വായ്പകളിലൂടെ 10,000 പേർക്ക് തൊഴിൽ നൽകും.

2021 ജനുവരി ഒന്നുമുതൽ നാടിന് നവവത്സര സമ്മാനമായി ക്ഷേമപെൻഷനുകൾ 100 രൂപ വീതം വർദ്ധിപ്പിച്ച് 1500 രൂപയായി ഉയർത്തിയിരിക്കുകയാണ്. കൊറോണക്കാലമായിട്ടും ഉത്സവകാലഘട്ടങ്ങളിൽ വില ഉയർന്നുവെന്ന പരാതി ഉണ്ടായിട്ടില്ല. കേരളീയന്റെ പ്രധാന ആഹാരമായ അരിയുടെ വില കുറയുകയാണുണ്ടായത്. എല്ലാ സാമ്പത്തിക പരാധീനതകൾക്കിടയിലും റേഷൻ കാർഡ് ഉടമകൾക്കുള്ള സൗജന്യ കിറ്റ് വിതരണം തുടരുകയാണ്. 80 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്കാണ് ഇത് സമാശ്വാസം നൽകുക. 847 കുടുംബശ്രീ ഭക്ഷണശാലകൾ ആരംഭിച്ചു കഴിഞ്ഞു. 153 എണ്ണം കൂടി ആരംഭിക്കും. 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 5 എണ്ണം സൂപ്പർ സ്റ്റോറുകളായും ഉയർത്തും.

പ്രതിരോധ പാർക്ക്, പാലക്കാട് അടക്കം ഒമ്പത് വ്യവസായ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനം മാർച്ച് 31ന് മുമ്പ് നടത്തും. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ക്രെഡിറ്റേഴ്‌സുമായുള്ള ബാധ്യത തീർത്ത് 146 കോടി രൂപ മുടക്കി കേരള സർക്കാർ ഏറ്റെടുക്കും. വെർച്വൽ കയർ മേള ഫെബ്രുവരിയിൽ നടത്തും. കോവിഡിനുശേഷം രാജ്യത്ത് നടക്കുന്ന അപൂർവം വാണിജ്യമേളകളിലൊന്നായിരിക്കും ഇത്. മലബാർ കോഫിയുടെ നിർമാണത്തിനുള്ള എസ്.പി.വി.യ്ക്ക് രൂപം നൽകും. അതിന്റെ അടിസ്ഥാനത്തിൽ മലബാർ കോഫി പൗഡർ വിപണിയിലിറക്കും.

വൻകിട പദ്ധതികൾക്ക് ശ്രദ്ധേയമായ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞു. ഗെയിൽ പൈപ്പ് ലൈൻ കൊച്ചി-മംഗലാപുരം റീച്ച് ജനുവരിയിൽ ഉദ്ഘാടനം ചെയ്തു. കൊച്ചി-പാലക്കാട് റീച്ച് ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യും. റായ്പ്പൂർ-പുഗലൂർ-മാടക്കത്തറ ലൈനിന്റെ ഉദ്ഘാടനം ജനുവരിയിൽ നിർവ്വഹിച്ചു. കെ-ഫോൺ പദ്ധതിയുടെ പൂർത്തീകരണം ഡിജിറ്റൽ കേരള എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഒരു നിർണ്ണായക കാൽവയ്പ്പായിരിക്കും. ഇതിന്റെ ഭാഗമായുള്ള സംസ്ഥാനതല കൺട്രോൾ റൂം, 14 ജില്ലാതല കേന്ദ്രങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകളുടെ നെറ്റ്‌വർക്കിങ് എന്നിവയടങ്ങുന്ന ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. ബിപിഎൽ കുടുംബങ്ങളിലേയ്ക്കും 30,000 സർക്കാർ ഓഫീസുകളിലേയ്ക്കും കെ-ഫോൺ ഏതാനും മാസങ്ങൾക്കുള്ളിൽ എത്തിക്കാൻ ഇതിലൂടെ കഴിയും.

എറണാകുളം ബൈപ്പാസിൽ 182 കോടി രൂപ ചെലവഴിച്ചുള്ള കുണ്ടൂർ, വൈറ്റില മേൽപ്പാലങ്ങൾ തുറന്നുകൊടുത്തു. നാലുപതിറ്റാണ്ടിന്റെ കാത്തിരിപ്പിനുശേഷം 387.18 കോടി രൂപ ചെലവഴിച്ച് നിർമിച്ച ആലപ്പുഴ ബൈപ്പാസ് തുറന്നു. കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലത്തിന്റെയും വട്ടോളി പാലത്തിന്റെയും ഉദ്ഘാടനം നിർവഹിക്കും. അകത്തേത്തറ, ചിറയിൻകീഴ്, മാളിയേക്കൽ, ഗുരുവായൂർ, ചിറങ്ങര, ഇരവിപുരം, വാടാനക്കുറിശ്ശി, താനൂർ-തെയ്യാല, ചേലാരി, ചെട്ടിപ്പടി, കൊടുവള്ളി എന്നിങ്ങനെ 252 കോടി രൂപ ചെലവു വരുന്ന 10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണം ആരംഭിക്കുകയാണ്. 569 കോടി രൂപ ചെലവുവരുന്ന 17 പ്രധാന റോഡുകൾ ഉദ്ഘാടനം ചെയ്യും.

റീ-ബിൽഡ് കേരളയുടെ ഭാഗമായി 1613 കോടി രൂപ ചെലവിൽ നിർമിക്കുന്ന പതിനാല് റോഡുകളുടെ പണി തുടങ്ങും. ഉയർന്ന നിലവാരത്തിൽ നവീകരണം നടത്തിയ 18 റോഡുകൾ ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നവീകരണ പരിപാടിയിൽപ്പെടുന്ന 1620 പ്രവൃത്തികൾ (3598 കിമീ) ജനുവരി 31നകം പൂർത്തിയാകും. രണ്ടാംഘട്ടത്തിൽപ്പെട്ട 1627 പ്രവൃത്തികൾ (3785 കിമീ) ഫെബ്രുവരി 28നകം പൂർത്തിയാക്കും. മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട 1625 പ്രവൃത്തികൾ (4421 കിമീ) മാർച്ച് 31നകം പൂർത്തിയാക്കും. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ അനുബന്ധ കോർപ്പറേഷനായി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് നിലവിൽ വരും. ഈ സംവിധാനത്തിന്റെ കീഴിലാണ് കിഫ്ബി മുഖാന്തരം വാങ്ങുന്ന ആധുനിക ബസുകൾ സർവ്വീസ് നടത്തുക. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം നടക്കും. ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ പണികൾ ആരംഭിക്കുന്നതോടൊപ്പം 145 കോടി രൂപ അടങ്കലുള്ള ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ ശിലാസ്ഥാപനവും ഇക്കാലയളവിൽ നടത്തും.

ദേശീയ ജലപാതയുടെ കോവളം മുതൽ ചാവക്കാട് വരെയുള്ള റീച്ചിന്റെ സ്ഥലം ഏറ്റെടുക്കലും പുനരധിവാസവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനവും ഫെബ്രുവരിയിൽ നടക്കും. 75 പുതിയ കറ്റാമരൻ പാസഞ്ചർ ബോട്ടുകൾ ജനുവരിയിൽ നീറ്റിലിറക്കും. 3 വാട്ടർ ടാക്‌സികളും സോളാർ, വൈദ്യുതി ബോട്ടുകളും സർവ്വീസ് ആരംഭിക്കും.

കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18ൽ നിന്ന് 10ൽ താഴെയായിട്ടുണ്ട്. തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യവും കൂടുതൽ ജാഗ്രതയോടെ ഏകോപിപ്പിക്കും. കോവിഡ് ചികിത്സ സൗജന്യമായി നൽകുന്ന സംസ്ഥാനമാണ് കേരളം. ഇതിന്റെ തുടർച്ച എന്നനിലയിൽ കോവിഡ് വാക്സിൻ കേരളത്തിൽ എല്ലാവർക്കും സൗജന്യമായി നൽകും.

പുതിയതായി 49 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തും. 32 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ/കമ്മ്യൂണിറ്റി/ പബ്ലിക് ഹെൽത്ത് സെന്ററുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കും. 53 ജനറൽ/ ജില്ല/ താലൂക്ക് ഹെഡ്ക്വാർട്ടേഴ്‌സ് ആശുപത്രികളിൽ ഡയാലിസിസ്, പുതിയ ഒപി ബ്ലോക്ക് തുടങ്ങിയ കൂടുതൽ ചികിത്സ/പരിശോധനാ സൗകര്യങ്ങളും രോഗീസൗഹൃദ സംവിധാനങ്ങളും നിലവിൽ വരും. അവയവദാന ശസ്ത്രക്രിയ കഴിഞ്ഞവർക്ക് സ്ഥിരമായി കഴിക്കേണ്ട 250 രൂപ മാർക്കറ്റ് വില വരുന്ന 5 ഇനം മരുന്നുകൾ ഗുണമേന്മ ഉറപ്പാക്കി അഞ്ചിലൊന്നു വിലയ്ക്ക് കെ.എസ്.ഡി.പി.യിൽ ഉൽപ്പാദനം ആരംഭിക്കും.

25 കോടി രൂപ ചെലവിൽ നിർമ്മിച്ച 50 സ്‌കൂളുകളുടെയും 3 കോടി രൂപ ചെലവിൽ നിർമ്മിച്ച 30 സ്‌കൂളുകളുടെയുമടക്കം 80 പുതിയ ആധുനിക സ്‌കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തും. 3 കോടി രൂപയും 1 കോടി രൂപയും മുതൽമുടക്കി നിർമ്മിക്കുന്ന 300 പുതിയ സ്‌കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടും. ഉന്നതവിദ്യാഭ്യാസത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുണ്ടാവും. എയ്ഡഡ് കോളേജുകളിൽ 721 തസ്തികകൾ സൃഷ്ടിച്ചു

## സഭാ നേതാവിന്റെ പേജ്

കൊണ്ടുള്ള ഉത്തരവിറക്കും. മഹാരാജാസ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, കേരള വർമ്മ കോളേജ് തുടങ്ങി 13 കോളേജുകളിലും എംജി യൂണിവേഴ്സിറ്റി കാമ്പസിലുമായി കിഫ്ബി വഴിയുള്ള 205 കോടി രൂപയുടെ നിർമാണ പ്രവൃത്തികൾക്ക് തുടക്കം കുറിക്കും. എ പി ജെ അബ്ദുൾകലാം സർവ്വകലാശാല കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാസ്ഥാപനം നടത്തും. കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം, വി ടി ഭട്ടതിരിപ്പാട് സ്മാരക സമുച്ചയത്തിന്റെ ആദ്യഘട്ടം എന്നിവയുടെ നിർമ്മാണം ആരംഭിക്കും. കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം 2021 ഫെബ്രുവരിയിൽ പൂർത്തിയാക്കും. ഗോവിന്ദ പൈ സ്മാരകം, കൊല്ലം ബസവേശ്വര സ്മാരകം എന്നിവയടക്കം 9 സാംസ്കാരിക കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യും. പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ പെരളശ്ശേരി എ കെ ജി മ്യൂസിയം, ചന്തപ്പുരയിലെ തെയ്യം മ്യൂസിയം, രാജാരവിവർമ്മ ആർട്ട് ഗ്യാലറി കെട്ടിടം എന്നിവയുടെ ശിലാസ്ഥാപനം നടക്കും. 185 കോടി രൂപ മുതൽ മുടക്കിൽ 9 പുതിയ സ്റ്റേഡിയങ്ങൾക്ക് ശിലാസ്ഥാപനം നടത്തും. 310 കോടി രൂപ ചെലവു വരുന്ന 27 ടൂറിസം വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

100 കേന്ദ്രങ്ങളിൽ 'ടേക്ക് എ ബ്രേക്ക്' വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മാണം ആരംഭിക്കുകയോ നിലവിൽ വരികയോ ചെയ്യും. 250 പഞ്ചായത്തുകൾകൂടി ശുചിത്വ പദവിയിലേയ്ക്ക് ഉയരുന്നതോടെ 80 ശതമാനം ഗ്രാമപ്രദേശവും ശുചിത്വ മാനദണ്ഡങ്ങളിലേയ്ക്ക് എത്തിച്ചേരും. 182 കോടി രൂപയുടെ അമൃത് സ്കീമിൽപ്പെട്ട 24 പദ്ധതികൾ കിലോമീറ്ററായി വർദ്ധിക്കും. ആറ് പ്രധാന കിഫ്ബി ജലവിതരണ പദ്ധതികൾ രണ്ടാം നൂറുദിന പരിപാടിയിൽ ഉദ്ഘാടനം ചെയ്യും.

അയ്യൻകാളി നഗര തൊഴിലുറപ്പ് പരിപാടിയിൽ മാർച്ച് 31നകം 8 ലക്ഷം തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കും. മുതിർന്ന പൗരൻമാർക്കുള്ള നവജീവൻ തൊഴിൽ പദ്ധതിക്കും തുടക്കം കുറിക്കും. കെ.എസ്.എഫ്.ഇ.യുമായി സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനിയും രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരമുണ്ടാകും. കുടുംബശ്രീയുടെ നേതൃത്വത്തിൽ 500 കയർ ആന്റ് ക്രാഫ്റ്റ് സ്റ്റാളുകൾ ഉദ്ഘാടനം ചെയ്യും.

ചെല്ലാനം, താനൂർ, വെള്ളിയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കമ്മീഷനിങ് നടക്കും. ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് തറക്കല്ലിടും. തലായി മത്സ്യബന്ധന തുറമുഖത്തോട് അനുബന്ധിച്ചുള്ള തീരസംരക്ഷണം, നീണ്ടകര തുറമുഖത്തിൽ ഡ്രഡ്ജിങ്, തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ നവീകരണം എന്നിവയും ഈ സമയത്ത് നിർമ്മാണോദ്ഘാടനം നിർവ്വഹിക്കും. 60 കോടി രൂപ മുതൽമുടക്കിൽ 9 തീരദേശ ജില്ലകളിൽ പൂർത്തിയാകുന്ന 87 തീരദേശ റോഡുകൾ ഉദ്ഘാടനം ചെയ്യും.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള പുനർഗേഹം പദ്ധതിയിൽ കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ആരംഭിക്കും. അതിലൂടെ ലോകപ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞർ, സാമൂഹ്യശാസ്ത്രജ്ഞർ, ഭാഷാ വിദഗ്ധർ എന്നിങ്ങനെ വിവിധ മേഖലകളിലുള്ള പ്രമുഖരുമായി നമ്മുടെ കോളേജ്-സർവ്വകലാശാലകളിലെ ബിരുദ -ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ആശയവിനിമയം നടത്താൻ സംവിധാനമൊരുക്കും.

'അഴിമതിമുക്ത കേരളം'- പരിപാടി നടപ്പാക്കി. അഴിമതിയെക്കുറിച്ച് വിവരം ലഭ്യമാക്കുന്ന ആളിന്റെ പേര് രഹസ്യമായി സൂക്ഷിക്കും. ആ ഉറപ്പോടെ സോഫ്റ്റ്വെയറിലൂടെ പരാതി ഉന്നയിക്കാം. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി കൗൺസിലർമാരുടെ സേവനങ്ങൾ വ്യാപകമായി ലഭ്യമാക്കും. വിളർച്ച ബാധിച്ചതായി കണ്ടെത്തുന്ന കുട്ടികൾക്ക് പോഷകാഹാരം എത്തിച്ചുകൊടുക്കും.

സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി പ്രകൃതിസൗഹൃദ നിർമാണ രീതി അവലംബിക്കുന്ന ഗാർഹിക നിർമാണങ്ങൾക്ക് ആദ്യം ഒറ്റത്തവണയായി അടയ്ക്കുന്ന കെട്ടിടനികുതിയിൽ നിശ്ചിത ശതമാനം 'ഗ്രീൻ റിബേറ്റ്'- അനുവദിക്കും. എല്ലാ വില്ലേജുകളിലും ആളുകൾക്ക് പ്രഭാത-സായാഹ്ന സവാരി നടത്തുവാനും കുട്ടികൾക്ക് കളിക്കുവാനും ഉള്ള പൊതു ഇടങ്ങൾ ഫെബ്രുവരി മാസം അവസാനത്തിനുമുമ്പ് ഒരുക്കാൻ ലക്ഷ്യമിടുകയാണ്. 16 വില്ലേജ് ഓഫീസുകൾകൂടി സ്മാർട്ടാക്കുകയും ചെയ്യും.

മറ്റേതു സംസ്ഥാനത്തേക്കാളും കൂടുതൽ സ്മാർട്ട്ഫോൺ ഇന്റർനെറ്റ് ഉപയോക്താക്കൾ കേരളത്തിലുണ്ട്. വാർത്താ അപ്ഡേറ്റുകൾക്കായി കൂടുതൽ ആളുകൾ സോഷ്യൽ



ഉദ്ഘാടനം ചെയ്യും. 189 കോടി രൂപയുടെ ചെലവു വരുന്ന മറ്റു 37 നഗരവികസന പദ്ധതികൾക്കും തുടക്കമാകും. സ്മാർട്ട് സിറ്റി പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരസഭകളിലായി 190 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കും.

ലൈഫ് പദ്ധതി പ്രകാരം പുതിയ 15,000 വീടുകൾകൂടി മാർച്ച് 31നകം പൂർത്തീകരിക്കുകയും 35,000 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്യും. ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി 101 ഭവന സമുച്ചയങ്ങളാണ് ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഇതിൽ അഞ്ച് ഭവന സമുച്ചയങ്ങളുടെ നിർമ്മാണം മാർച്ച് 31ന് മുമ്പ് പൂർത്തീകരിക്കും. ഒരു ലക്ഷത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. 10000 പട്ടയങ്ങൾ കൂടി 100 ദിവസത്തിനുള്ളിൽ വിതരണം ചെയ്യും.

പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി 3000 പഠനമുറികൾ പൂർത്തിയാക്കും. 1620 പേർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകും. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 2000 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകും. 3500 പേർക്ക് വനാവകാശ രേഖയും 2500 പേർക്ക് നിക്ഷിപ്ത വനഭൂമിയിലുള്ള അവകാശവും 300 പേർക്ക് ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കൃഷി ഭൂമിയും ലഭ്യമാക്കും. 4800 പട്ടികവർഗ വീടുകൾകൂടി പൂർത്തീകരിക്കും.

തോട്ടം തൊഴിലാളികൾക്കുള്ള പ്രത്യേക ഭവന പദ്ധതിയിൽ വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ വീടുകളുടെ ശിലാസ്ഥാപനവും കുളത്തുപ്പുഴ പ്ലാന്റേഷൻ തൊഴിലാളികളുടെ വീടുകളുടെ താക്കോൽദാനവും നടത്തും. മേനംകുളത്ത് സ്ത്രീ തൊഴിലാളികൾക്കായുള്ള അപ്പാർട്ട്മെന്റിന്റെ ശിലാസ്ഥാപനം നടത്തും.

കഴിഞ്ഞ നാലു വർഷത്തിനിടെ 41,578 കിലോമീറ്റർ നീർച്ചാലുകളും 390 കിലോമീറ്റർ പുഴയും വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് 31ന് മുമ്പായി ഇത് 50,000 ക്യൂഎസ്എസ് കോളനി, പൊന്നാനി , ആലപ്പുഴ പുറക്കാട്, കോഴിക്കോട് വെസ്റ്റ് എന്നിവിടങ്ങളിലായി 774 കുടുംബങ്ങൾക്കുള്ള ഫ്ളാറ്റുകൾ/വീടുകൾ ഉദ്ഘാടനം ചെയ്യും. അപേക്ഷ നൽകിയിട്ടുള്ള മറ്റുള്ളവർക്ക് വീടും സ്ഥലവും വാങ്ങുന്നതിന് 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യബന്ധനയാനങ്ങളുടെയും എഞ്ചിനുകളുടെയും ഇൻഷ്വറൻസ് പദ്ധതിക്ക് തുടക്കം കുറിക്കും. രണ്ട് മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കും.

തിരുവനന്തപുരം സൈബർ ഡോം കെട്ടിടം, ക്രൈംബ്രാഞ്ച് കോംപ്ലക്സ്, മൂന്നാം ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്റർ, വിവിധ ജില്ലകളിലെ ഡിസ്ട്രിക്റ്റ് കമാൻഡന്റ് കൺട്രോൾ സെന്ററുകൾ, ആലുവ പോലീസ് സ്റ്റേഷൻ കെട്ടിടം, കൊച്ചിയിലെ സ്മാർട്ട് പൊലീസ് സ്റ്റേഷൻ എന്നിവയുടെ ഉദ്ഘാടനം നടക്കും. സ്ത്രീകളുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള ഇന്റഗ്രേറ്റഡ് വിമൻ സെക്യൂരിറ്റി ആപ്പ് പുറത്തിറക്കും. തനിച്ചു താമസിക്കുന്ന മുതിർന്ന പൗരൻമാർക്കുള്ള വി-കെയർ പദ്ധതി ആരംഭിക്കും. ഇവ കൂടാതെ ടെക്നോസിറ്റിയിൽ ഒരുലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടം പൂർത്തിയാകും. ഇന്റഗ്രേറ്റഡ് സ്റ്റാർട്ട്അപ്പ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്യും. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിങ് സ്റ്റേഷനുകൾ 6 കോർപ്പറേഷൻ പരിധിയിൽ ആരംഭിക്കും. 496 കോടി രൂപയുടെ 46 കൃഷി പദ്ധതികൾ മാർച്ച് 31 നകം തുടങ്ങും.

പുതുവത്സരനാളിൽ സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്കുവേണ്ടി പത്ത് കാര്യങ്ങൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ വയോജനങ്ങൾക്ക് കൂടി സഹായകരമാകുന്ന വിധത്തിൽ ഓൺലൈനായി ലഭ്യമാക്കും. മസ്റ്ററിങ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷ, സിഎംഡിആർഎഫിലെ സഹായം, അത്യാവശ്യ ജീവൻരക്ഷാ മരുന്നുകൾ എന്നിവയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്ന സേവനങ്ങൾ.

സാമ്പത്തിക പരിമിതി അനുഭവിക്കുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകരമാകുന്ന വിധത്തിൽ 'എമിനെന്റ് സ്കോളേഴ്സ് ഓൺലൈൻ' എന്ന പരിപാടി മീഡിയയെയാണ് ആശ്രയിക്കുന്നത്. മുന്നിലെത്തുന്ന സത്യവും അസത്യവും വേർതിരിക്കാനുള്ള കഴിവുണ്ടാവുക എന്നത് പ്രധാനമാണ്. ഇന്റർനെറ്റിനെയും സോഷ്യൽ മീഡിയയെയും നിയന്ത്രിക്കുന്ന നിയമങ്ങളും മാനദണ്ഡങ്ങളും പൗരൻമാർ മനസ്സിലാക്കേണ്ടതും വളരെ പ്രധാനമാണ്. അതിനായി 'സത്യമേവ ജയതേ'- എന്ന പേരിൽ ഒരു ഡിജിറ്റൽ/മീഡിയ സാക്ഷരതാ പരിപാടി ആരംഭിക്കുകയാണ്. ഡിജിറ്റൽ മീഡിയയെക്കുറിച്ച് സ്കൂളുകളിലൂടെയും കോളേജുകളിലൂടെയും പഠിപ്പിക്കും.

കോവിഡ് മഹാമാരിയുടെ ഗുരുതരമായ പ്രത്യാഘാതം വളരെയധികം അനുഭവിച്ചവരാണ് നമ്മുടെ പ്രവാസികൾ. ഇവരിൽ പലർക്കും ജോലി നഷ്ടപ്പെട്ടിട്ടുണ്ട്. മടങ്ങിവന്ന പ്രവാസികളിൽ പലർക്കും അവർ പിരിഞ്ഞുവന്ന സ്ഥാപനങ്ങളിൽനിന്നും ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ അവർ കടുത്ത മാനസിക സമ്മർദ്ദത്തിലാണ്. ആവശ്യമായ സർക്കാർ രേഖകൾ ലഭ്യമാക്കാൻ അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഇവർക്ക് ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാക്കും. നിയമപരമായി നടപടിക്രമങ്ങൾ പാലിച്ച് വിജ്ഞാപനം ചെയ്യേണ്ട കാലയളവുണ്ടെങ്കിൽ അത് ഇതിൽ ഉൾപ്പെടില്ല. തിരിച്ചെത്തിയ പ്രവാസികൾക്കുള്ള ക്ഷേമപദ്ധതികളും ഈ ഘട്ടത്തിൽ പ്രഖ്യാപിക്കും.

ഇത്തരത്തിൽ മഹാമാരിയുടേതായ ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് സർവ്വതല സ്പർശിയും സുസ്ഥിരവുമായ വികസന പദ്ധതികളോടൊപ്പം വിഭവങ്ങളുടെ നീതിയുക്തമായ വിതരണവും ജനങ്ങൾക്കാശ്വാസം പകരുന്ന ക്ഷേമപ്രവർത്തനങ്ങളും സമന്വയിപ്പിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അങ്ങനെ മാത്രമേ അർത്ഥവത്തായ നവകേരള സൃഷ്ടി സാധ്യമാകൂ എന്നാണ് സർക്കാർ വിശ്വസിക്കുന്നത്. അതിന്റെ ഭാഗമായ പ്രവർത്തനങ്ങൾ ഈ പതിനാലാം നിയമസഭയുടെ കാലത്ത് ആരംഭിച്ചു എന്നതിൽ നമുക്കേവർക്കും പ്രത്യേകിച്ച് സഭാംഗങ്ങൾക്ക് അഭിമാനിക്കാം. അവയുടെ സാക്ഷാത്കാരത്തിനായി കൈകോർക്കാം.

“Printed and Published by S.V.Unnikrishnan Nair, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers(Pvt.) Limited, Gandhari Amman Kovil Road, Thiruvananthapuram and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O. Thiruvananthapuram 695033, Editor P.Sreeramakrishnan”.